


# സത്യദൂതൻ

2021 മാർച്ച് | ലക്കം 03

വില ₹ 30

## ഇസ്‌ലാം: അടിസ്ഥാന സാമ്പത്തിക തത്വങ്ങൾ


## ഇസ്‌ലാം: മതാദ്ധ്യാപനങ്ങളുടെ അന്തിമ ലക്ഷ്യം

## വൈരുദ്ധ്യാത്മക ഭൗതിക വാദം കാലഹരണപെട്ടുവോ?

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran
Read the Holy Quran in easy Yassarnal Quran Font




### Conditions of Bai'at
A pocket reference of Shara't-e-Bai'at in 7 languages



### Sermons
Huzoor's Friday Sermons In 15 languages


### MTA
Watch MTA Live, view Schedule and much more



### Ahmadiyya News
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2021 മാർച്ച്
ഹി.ശ.1401- അമാൻ
1442 റജബ് - ഷഹബാൻ
പുസ്തകം 93 ലക്കം 3
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

പ്രഭാഷണം

**ഇസ്‌ലാം:
അടിസ്ഥാന സാമ്പത്തിക തത്വങ്ങൾ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

ഏറ്റവും വികസിത സാമ്പത്തിക ശക്തികളിലൊന്നായ സിംങ്കപൂരിലെ മൻഡാറിൻ ഓറിയന്റൽ മറീനാ സ്ക്വയറിൽ 2013 സെപ്തംബർ 26 ന്ന് നടത്തിയ ചരിത്ര പ്രധാനമായ ഒരു പരിപാടിയിൽ നിരവധി അതിവിശിഷ്ട വ്യക്തികളെ അഭിസംബോധനം ചെയ്തുകൊണ്ട് നടത്തിയ പ്രഭാഷണം.

**12**

**ഇസ്‌ലാം: മതാദ്ധ്യാപനങ്ങളുടെ
അന്തിമ ലക്ഷ്യം**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**16**

**ആദമിന്റെ ഏദൻ തോട്ടം**

മുഹമ്മദ് നജീബ് ഖാൻ വാഴക്കാല



**20**

ജോർദാൻ ഒരു ചരിത്ര ഭൂമി - 3

**പെട്രയിലേയ്ക്കുള്ള സഞ്ചാരവഴി**

എ. ക്യു. മഹ്ദി

**23**

**നിരീശ്വരവാദം
വിചാരണ ചെയ്യപ്പെടുന്നു - 4**

സബാഹത്ത് അലി രജ്പുത്

**28**

ഭാഗം - 15

**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ
സാഹിബ് ഭേരവി**

**(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))**

ഇബ്നു വഫാ ബേപ്പൂർ

**35**

**മുസ്‌ലിംകളുടെ ശാസ്ത്ര
പിന്നോക്കാവസ്ഥക്ക്
കാരണമെന്ത്?**

എ.എം. മുഹമ്മദ് സലീം

**38**

കുറിപ്പുകൾ

**വൈരുദ്ധ്യാത്മക ഭൗതിക വാദം
കാലഹരണപെട്ടുവോ?**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമം ചെയ്യുന്നതിനോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടെതൊഴിച്ച് അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് കൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:115)





## നബിവചനം

തിരുനബി(സ)യുടെ അടുക്കൽ ഒരാൾ തന്റെ ഹൃദയത്തിന്റെ കാഠിന്യത്തെ പറ്റി സങ്കടം പറഞ്ഞു. ഒരു അനാഥകുട്ടിയെ ലാളിക്കുവാനും അഗതിക്ക് ആഹാരം നൽകാനും നബി (സ) അദ്ദേഹത്തെ ഉപദേശിക്കുകയാണ് ചെയ്തത്. (നബി വചനം)

## വാഗ്ദത്ത മസീഹിന്റെ വചനം

ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റ് യാതൊരു മാർഗേണയും ദുരീകരിക്കാൻ കഴിയാത്ത വിപത്തുകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നത് ആർക്കും ഗോപ്യമായതല്ല. ഐക്യത്തിന്റെ അനുഗ്രഹീത സ്ഥലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധി പൂർവ്വകമായിരിക്കില്ല. (പൈഗാമെ സുൽഹ്)



എഡിറ്റോറിയൽ


# മതങ്ങളുടെ സ്വർഗ്ഗീയ ദൗത്യം

മതം എന്നത് സ്രഷ്ടാവിനോടുള്ള ആരാധന മാത്രമല്ല. സൃഷ്ടികളോടുള്ള കടപ്പാടുകൂടിയാണ്. മനുഷ്യവംശത്തെ മതവംശഭാഷാദേശ പരിഗണന കൂടാതെയും പ്രത്യുപകാരം കാംഷിക്കാതെയും ദൈവ പ്രീതിക്കായി സേവിക്കുക എന്നതാണ് ഖുർആന്റെ പാഠം. ഖുർആൻ പറയുന്നു: ***'നീതിപുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മചെയ്യുന്നതിന്നും അടുത്ത ബന്ധുക്കൾക്കെന്നപോലെ (മറ്റുള്ളവർക്ക്) സഹായം നൽകുന്നതിന്നും അല്ലാഹു കൽപ്പിക്കുന്നു.' (16: 91) 'അല്ലയോ വിശ്വസിച്ചവരെ ചെയ്ത ഉപകാരങ്ങൾ എടുത്ത് പറഞ്ഞും ഉപദ്രവ വാക്കുകൾ പറഞ്ഞും നിങ്ങളുടെ ദാധധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്.'(2:264)***. ഈ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് പറയുന്നു: *'ഉപകാരം ചെയ്കയാണെന്ന വിചാരവും കൃതജ്ഞതാ പ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടുകൂടി ഏറ്റവുമടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്ക് നന്മചെയ്യുക. അതായത് അമ്മ സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംഷകൂടാതെ നന്മചെയ്യുന്നത് പ്രകാരം അന്യർക്ക് ഉപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു.' (ഇസ്‌ലാംമത തത്വജ്ഞാനം.)*

മതങ്ങൾക്കതീതമായി മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലക്ക് ഒന്നാകുന്നു. ആ രീതിയിലുള്ള വിശ്വമാനവിക സ്നേഹവും മനുഷ്യ സേവനവുമാണ് ഇസ്‌ലാം കാംഷിക്കുന്നത്. മനുഷ്യബന്ധങ്ങൾ ശക്തിപ്പെടുത്താൻ മതങ്ങൾ മുന്നോട്ടു വരേണ്ടതുണ്ട്. റസൂൽ തിരുമേനി(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നടത്തിയ ഹൃദയ സ്പൃക്കായ ഉപദേശവും മാനവീയ അവബോധവുമാണ് ഇസ്‌ലാമിന്റേത്. *'ജനങ്ങളെ നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ ആദി പിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ്. ആദമാകട്ടെ മണ്ണിൽ നിന്നും. സൃഷ്ടിക്കപ്പെട്ടു.'*

വിശ്വാസത്താലും ധർമ്മവിചാരത്താലും വികാര സാന്ദ്രമായ മതങ്ങൾക്ക് മറ്റേതൊരു പ്രസ്ഥാനത്തേക്കാളും കാരുണ്യത്തിന്റെ ദിവ്യമഹാപ്രവാഹങ്ങൾ സൃഷ്ടിക്കാൻ കഴിവുണ്ട്. രാഷ്ട്രീയ ലക്ഷ്യങ്ങൾ പോലെയുള്ള പരിമിത ഭൗതിക ലക്ഷ്യങ്ങളും തങ്ങളിൽ മാത്രം ഒതുങ്ങുന്ന നന്മയുമാണ് മത സമൂഹങ്ങളുടെ ദൈവികത നശിപ്പിക്കുന്നത്. ലക്ഷ്യങ്ങളുടെ ശുഷ്ക്കത മനുഷ്യനിലെ ദിവ്യമായ സദ്വികാര ഗ്രന്ഥികളെയും ശുഷ്ക്കമാക്കുന്നു. കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ മാതാവിന്റെ സ്തനത്തിൽ സ്വയമേവ പാൽ നിറയുന്നത് പോലെ മനുഷ്യരുടെ വിലാപ ശബ്ദങ്ങൾക്ക് ചെവിയോർത്ത് സേവനത്തിന്റെ ദൂതുമായി അവിടെ ചെന്നെത്താൻ ഇസ്‌ലാം മനുഷ്യനോട് ഉപദേശിക്കുന്നു. മനുഷ്യ തീരങ്ങളിലേക്ക് കൂലംകുത്തിയൊഴുകുന്ന മഹാ പ്രവാഹമായി മനുഷ്യ ഹൃദയങ്ങളിൽ നിന്നും കാരുണ്യവും അനുകമ്പയും പ്രവഹപിക്കാൻ ഇസ്‌ലാമിക ധാർമ്മികതക്ക് കഴിയും. ലോകത്ത് ദാരിദ്രവും പട്ടിണിയും രോഗങ്ങളും ദുഖങ്ങളും ഇല്ലാതാക്കാൻ ദൈവിക ചിന്തയാൽ ആർദ്രമായ നിസ്വാർത്ഥവും നിഷ്ക്കളങ്കവുമായ മനുഷ്യ ഹൃദയങ്ങളുടെ ശേഷി എല്ലാ മതങ്ങളും തിരിച്ചറിയേണ്ടതുണ്ട്. അധികാരത്തിന്റെ പിൻബലമില്ലാതെ സ്നേഹം കൊണ്ട്, ഭൂമിയിൽ തന്നെ സ്വർഗ്ഗ പണിയാൻ മതങ്ങൾക്ക് കഴിയും. ഇന്ന് മതങ്ങൾ ഏതെങ്കിലും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ അവ സങ്കീർണ്ണവും അസ്വസ്ഥ ജനകവും ആശങ്കാ ഭരിതവുമാവുന്നു. മതങ്ങളെ പറ്റി ഇത്തരം ഭീതി എത്രത്തോളമുണ്ടോ അത്രത്തോളം മതങ്ങളും സമൂഹവും ദുഷിച്ചു പോയിരിക്കുന്നു എന്ന് നാം മനസ്സിലാക്കണം. ഖുർആൻ പറഞ്ഞത് പോലെ അടുത്ത ബന്ധുക്കൾക്കെന്നപോലെ യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെയുമുള്ള മനുഷ്യ സേവനമാണ് മതങ്ങൾ കാഴ്ച്ച വെക്കേണ്ടത്. അത് ഈ ഭൂമിയെ മറ്റൊരു ഭൂമിയാക്കി മാറ്റും. അല്ലാഹു പറയുന്നു:

***'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല.' (13:12)***



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യസമൂഹത്തിന്റെ ഐക്യം

അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന്ന് വേണ്ടി സൃഷ്ടിക്കപ്പെട്ട മന്യുഷ്യ സമുദായത്തിന്നും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധന കാരണം മനുഷ്യ സമുദായത്തിൽ രൂപ പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണ്ണമായ മനുഷൈക്യത്തിന്ന് വേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യ സമുദായത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചുകൊണ്ട് പിന്നീട് പൂർണ്ണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനയിട്ടാണ് ദൈവം ഇഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിന്നും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന്ന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന്ന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം. സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായമാക്കി ഒന്നിപ്പിക്കുവാനാണ് ദൈവം ഇഛിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരുതോട്ടം നിർമ്മിക്കുവാൻ ഇഛിക്കുന്നുവെന്നിരിക്കട്ടെ, തോട്ടത്തിൽ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽ പിന്നെ തോട്ടത്തിന്ന് ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്തത്തിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേയ്ക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്

***'ഓ ലോകത്തിന്റെ വിവിധ നബിമാരെ വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ച്കൂട്ടിയിട്ടുള്ള ഈ മുസ്ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായമാകുന്നു. അവർ എല്ലാവരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാവരും ചേർന്ന് എന്നെ ആരാധിക്കുവീൻ.'*** *(21: 93)*

ഈ അനുക്രമങ്ങളായ ഐക്യത്തിന്റെ ഉദാഹരണം ഇതാണ്. ഓരോ മഹല്ലുകളിലേയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചു നേരം ഒരുമിച്ചു കൂടുന്നതിന്ന് കൽപ്പിച്ചു. പിന്നീട് ഈ പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം ജാമിയാ മസ്ജിദിൽ എന്ന് വെച്ചാൽ എല്ലാവർക്കും ഒരുമിച്ചു കൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ കൊല്ലത്തിലൊരിക്കൽ മുഴുവൻ നഗരത്തിലേയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലേയും ജനങ്ങൾ ഈദ് ഗാഹിൽ ഒന്നിച്ചു ചേരാൻ കൽപിച്ചു. പിന്നെ ജീവിതത്തിൽ ഒരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത് അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കൽപ്പിച്ചു. അങ്ങനെ അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണ്ണതയിൽ എത്തിച്ചു.

(ചശ്മെ മഅ്രിഫ 137)

# ഇസ്‌ലാം:
# അടിസ്ഥാന സാമ്പത്തിക തത്വങ്ങൾ

ഏറ്റവും വികസിത സാമ്പത്തിക ശക്തികളിലൊന്നായ സിംങ്കപൂരിലെ മൻഡാറിൻ ഓറിയന്റൽ മറീനാ സ്ക്വയറിൽ 2013 സെപ്തംബർ 26 ന്ന് നടത്തിയ ചരിത്ര പ്രധാനമായ ഒരു പരിപാടിയിൽ നിരവധി അതിവിശിഷ്ട വ്യക്തികളെ അഭിസംബോധനം ചെയ്തുകൊണ്ട് നടത്തിയ പ്രഭാഷണം.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




ബിസ്മില്ലാഹിർറഹ്മാനി റഹീം (പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ.) അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ് (അല്ലാഹുവിന്റെ ശാന്തിയും സമാധാനവും നിങ്ങളിൽ വർഷിക്കട്ടെ)

ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേരുകയും നിറസാന്നിദ്ധ്യം കൊണ്ട് ഈ സദസ്സിനെ അനുഗ്രഹിക്കുകയും ചെയ്ത നിങ്ങൾക്കെല്ലാവർക്കും ആദ്യമായി എന്റെ ഹാർദ്ദമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഒരു രാഷ്ട്രതലവന്റേയോ ശാസ്ത്ര പ്രമുഖന്റേയോ വിദഗ്ദന്റേയോ ഉന്നതസ്ഥാനീയനായ ഒരു രാഷ്ട്രീയ നേതാവിന്റേയോ ക്ഷണം സ്വീകരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഒരു ഇസ്ലാം മത വിഭാഗം സംഘടിപ്പിച്ച സ്വീകരണ പരിപാടിയിൽ സംബന്ധിക്കാനാണ് നിങ്ങൾ ഇവിടെ എത്തിചേർന്നത്. നിങ്ങൾ അഹ്മദിയ്യാ മുസ്ലിം ജമാഅത്തുമായോ ഞങ്ങളുടെ മതവുമായോ പോലും ബന്ധപ്പെട്ടവരല്ല. തീർച്ചയായും നിങ്ങളുടെ വിശാലമനസ്ക്കതയും ഉന്നതമായ ധാർമികനിലവാരവും ഇതിൽ പ്രതിഫലിക്കുന്നു. ഭൗതിക രംഗത്തുള്ള നേതാക്കന്മാരുമായി ബന്ധം സ്ഥാപിക്കുന്നത് ലൗകികമായ നമ്മുടെ കെട്ടുപാടുകളിൽ വർദ്ധനവുണ്ടാക്കുകയും വിപുലമായ ബന്ധങ്ങൾക്ക് വഴിവെക്കുകയും ചെയ്യുന്നു. ഒരു ശാസ്ത്ര വേദിയിൽ ഒരാൾ പങ്കെടുത്താൽ അയാൾക്ക് ശാസ്ത്രത്തിന്റെ പുതിയ നേട്ടങ്ങൾ മനസ്സിലാക്കാനാവും. ഒരാൾ അക്കാദമീഷ്യൻമാരുടെയോ പണ്ഡിതന്മാരുടെയോ ഒരു സംഘത്തിൽ ചേരുമ്പോൾ അത് അയാളുടെ വിജ്ഞാന വർദ്ധനവിന്ന് കാരണമാവുന്നു.

മാത്രമല്ല സമകാലീന ലോകത്ത് ഒരു സാമ്പത്തിക വിദഗ്ദന്റെ അഭിപ്രായം മറ്റെന്തിനേക്കാളും പ്രധാനമുള്ളതായി കണക്കാക്കപ്പെടുന്നു. ഇതിന്ന് കാരണം ആഗോളതലത്തിൽ സാമ്പത്തിക പുരോഗതി ലക്ഷ്യം വെച്ച്കൊണ്ട് വമ്പിച്ച യത്നങ്ങൾ നിരന്തരം നടത്തിവരുന്ന അവസരത്തിൽ തന്നെ കഴിഞ്ഞ കുറേവർഷങ്ങളായി ആഗോള വ്യാപകമായി സാമ്പ

സംകൊണ്ട് ചർച്ച ചെയ്യുക അസാദ്ധ്യമാണ്. അതുകൊണ്ട് ഇസ്‌ലാം മുന്നോട്ട് വെച്ച സാമ്പത്തിക വ്യവസ്ഥയെ സംബന്ധിച്ചുമാത്രമാണ് ഞാൻ സംസാരിക്കാനാഗ്രഹിക്കുന്നത്. ഞാൻ പ്രസ്തുത വിഷയ സംബന്ധമായി ചെറിയ ഒരു വശത്തെ പറ്റി മാത്രമാണ് സ്പർശിക്കുന്നത്. ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള അടിസ്ഥാന സാമ്പത്തിക തത്വങ്ങളെ സംബന്ധിച്ച ചില വസ്തുതകൾ മാത്രം പ്രതിപാതിക്കുന്നതാണ്.

ഇന്ന് ലോകത്ത് മിക്കവാറും ഇസ്‌ലാം തീവ്രവാദത്തിന്റെയും ബലപ്രയോഗത്തിന്റെയും മതമാണെന്ന വിശ്വാസവും ധാരണയുമാണുള്ളത്. ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു സാമ്പത്തിക വ്യവസ്ഥയെകുറിച്ച് പ്രതിപാദിക്കുമ്പോൾ ഒരു പക്ഷേ പലരും ധരിക്കുക ദൈവത്തിന്റെ നാമത്തിൽ ചില നിഷിപ്ത താൽപര്യങ്ങൾ നിറവേറ്റാൻ ഒരു ഉപാധി മാത്രമാണ് എന്നാണ് അതായത് ഇസ്‌ലാമികമായ സാമ്പത്തിക മാതൃക ബലപ്രയോഗത്തിന്റേയും നിർബന്ധത്തിന്റേയും അടിസ്ഥാനത്തിലുള്ളതായിരിക്കും. ഇതിനെ സംബന്ധിച്ച് എനിക്ക് ആദ്യമായി പറയാനുള്ളത് ഇത് തികച്ചും തെറ്റാണ് എന്നാണ്. യാഥാർത്ഥ്യം ഇതിന്ന് നേർ വിപരീതവുമാണ്. അത്തരത്തിലുള്ള തെറ്റിദ്ധാരണ ഉണ്ടാവാനുള്ള കാരണം നിരവധി മുസ്‌ലിം മത പണ്ഡിതന്മാർക്ക് യഥാർത്ഥ ഖുർആനിക അദ്ധ്യാപനങ്ങളെ പറ്റി അറിവില്ല എന്നത്കൊണ്ടാണ്. ഇക്കാരണത്താൽ ഇസ്‌ലാമിനെ പറ്റി തികച്ചും തെറ്റായ ഒരു ചിത്രമാണ് അമുസ്‌ലിം ലോകത്തിന്നു മുമ്പിൽ സമർപ്പിക്കപ്പെടുന്നത്. അതിൽ കൂടുതലായി ദുഖകരമായ ഒരുകാര്യം മുസ്‌ലിംകളിൽപ്പെട്ട സ്വാർത്ഥമതികളായ ഒരു ചെറിയ വിഭാഗം ന്യൂനപക്ഷം അവരുടെ വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടികൂടിയാണ്. ഇസ്‌ലാമിനെ ഈ വിധം ചിത്രീകരി

റും. ഒരു മനുഷ്യൻ ജനങ്ങളോട് നന്ദി കാണിക്കുന്നില്ലെങ്കിൽ അയാൾ തന്റെ സ്രഷ്ടാവിനോടും നന്ദി കാണിക്കുന്നില്ല എന്ന ഇസ്‌ലാം മത സ്ഥാപകനായ പരിശുദ്ധ പ്രവാചകന്റെ അദ്ധ്യാപന പാഠം ഉള്ളത്കൊണ്ട് കൂടിയാണ് ഞാനിപ്രകാരം ചെയ്യുന്നത്. ഈ നന്ദി ഭാവമില്ലെങ്കിൽ എല്ലാ വിധത്തിലുള്ള ആരാധനയും അർത്ഥശൂന്യവും പൊള്ളയുമാണ്.

ഈ ഹ്യസ്വമായ ഉപക്രമത്തിനും നന്ദി പ്രകാശനത്തിന്നും ശേഷം എന്റെ മതത്തിന്റെ അദ്ധ്യാപനങ്ങളെപറ്റി ഏതാനും കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇസ്‌ലാം ലോകത്തിന്ന് ധാർമികവും ആത്മീയവുമായ അധ്യാപനങ്ങൾ നൽകികൊണ്ട് ഉന്നതമായ നിലവാരം നേടിയെടുക്കാൻ ഉപദേശിക്കുന്നു. ഈ അദ്ധ്യാത്മികമായ ശിക്ഷണങ്ങൾ കൂടാതെ സമൂഹത്തിൽ എങ്ങിനെ ജീവിക്കണം എന്നതിനെ കുറിച്ചും എപ്രകാരമാണ് സാമൂഹിക ജീവിതം നിർവ്വഹിക്കേണ്ടത് എന്നത് സംബന്ധിച്ചും ഒരു സമ്പൂർണ്ണ പെരുമാറ്റ സംഹിത നിർദ്ദേശിക്കുന്നു. ഒരു കുടുംബ യൂണിറ്റിന്റെ അടിസ്ഥാന ഘടകം മുതൽ അന്തർ ദേശീയ ബന്ധങ്ങൾവരെ എല്ലാ തലത്തിലുമുള്ള വിശദമായ മാർഗ്ഗനിർദേശങ്ങൾ ഇസ്‌ലാം നൽകുന്നു. കൂടാതെ നമ്മുടെ ധനപരവും സാമ്പത്തികവുമായ ഇടപാടുകൾ എങ്ങിനെ നിർവ്വഹിക്കണം എന്നതിനെ സംബന്ധിച്ച് ഒരു യഥാർത്ഥ മുസ്‌ലിമിന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങളെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഇസ്‌ലാം നൽകുന്നു. ദൈവത്തോടുള്ള കടമകൾ നിർവ്വഹിക്കാൻ പറയുന്നതോടൊപ്പം തന്നെ ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമകളും നിർവ്വഹിക്കാൻ ഖുർആനിലൂടെ നൽകപ്പെട്ട ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നിഷ്ക്കർശിക്കുന്നു. ഈ വിഷയവും ഇത് സംബന്ധിച്ച ഇസ്‌ലാമികാദ്ധ്യാപനങ്ങളും വളരെ വിശാലമാണ്. അവയെല്ലാം ഇന്നൊരു ദിവ

ത്തിക പ്രതിസന്ധി പരക്കുകയാണ്. സിംങ്കപൂർ ഒരു ചെറിയ രാജ്യമാണല്ലോ. ലോക സാമ്പത്തിക പുരോഗതിക്കൊപ്പം സിംങ്കപ്പൂരും അതിന്റെ പങ്ക് നിർവ്വഹിക്കുന്നു. തീർച്ചയായും നിങ്ങളിൽ പലരും ആ സാമ്പത്തിക പുരോഗതിയിൽ യഥാക്രമം ഭാഗഭാക്കാവുന്നവരാണെന്ന് എനിക്കുറപ്പുണ്ട്. ഇക്കാരണത്താൽ തന്നെ സാമ്പത്തിക വിദഗ്ദരുടെ പുതിയ സിദ്ധാന്തങ്ങളോ അഭിപ്രായങ്ങളോ അറിയാനും അവരുടെ വിശകലനങ്ങൾ കേൾക്കാനും നിങ്ങൾക്ക് താൽപര്യമുണ്ടാകും. രാഷ്ട്രീയത്തെകുറിച്ച് പറയുകയാണെങ്കിൽ ഗവൺമെന്റുകളും അന്തർദേശീയ നയങ്ങളും സമയാ സമയങ്ങളിൽ മാറിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. അത്കൊണ്ട് ജനങ്ങൾ രാഷ്ട്രീയക്കാർ പറയുന്ന വീക്ഷണങ്ങൾ പ്രത്യേക താൽപര്യത്തോടെ ശ്രവിക്കുകയും ഏറ്റവും പുതിയ രാഷ്ട്രീയ സംഭവ വികാസങ്ങൾക്കൊപ്പം അണിചേർന്ന് പോകുകയും ചെയ്യുന്നു.

ഏതായാലും മതത്തിന്റെ കാര്യമെടുക്കുമ്പോൾ ലോകത്തെവിടെയും അതിന്ന് കൂടുതൽ പ്രാധാന്യം നൽകാറില്ല. മതകാര്യത്തിൽ അൽപം തൽപരരായവർ പോലും അല്ലെങ്കിൽ മതത്തിന്റെ ആളുകളെന്ന് സ്വയം വിളിക്കുന്നവർ പോലും ഭൗതിക കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. കഴിയുന്നതും മതകാര്യങ്ങൾക്ക് രണ്ടാം സ്ഥാനമാണ് നൽകുക. ഈ കാര്യങ്ങളുടെയെല്ലാം വെളിച്ചത്തിൽ ഒരു ആഗോളമത നേതാവിന്റെ ക്ഷണം സ്വീകരിച്ച് ഈ സ്വീകരണ പരിപാടിയിൽ എത്തുക എന്നത് നിങ്ങളുടെ ഉന്നത നിലവാരത്തിലുള്ള സഹിഷ്ണുതയുടെയും വിശാല ഹൃദയത്വത്തിന്റെയും അടയാളമായി ഞാൻ കാണുന്നു. നിങ്ങളോട് നന്ദി പ്രകടിപ്പിക്കുക എന്നത് എന്റെ പ്രാഥമികമായ ഉപചാര ക്രമത്തിന്റെ ഭാഗമാണ്. ഞാൻ അത് നിർവ്വഹിക്കുന്നില്ലെങ്കിൽ അത് എന്റെ മതപരമായ അദ്ധ്യാപനങ്ങളോടുള്ള അവഗണന കൂടിയായിമാ

ക്കുന്നത് അവർ തങ്ങളുടെ ദുരയുടെയും ആസക്തിയുടെയും ശമനത്തിന്ന് വേണ്ടി ഇസ്‌ലാമികാദ്ധ്യാപനങ്ങളെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുകയും അതുകാരണമായി ഇസ്‌ലാമിനെതിരെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുമാണ് ചെയ്യുന്നത്. അവരുടെ ജുഗുപ്സാവഹമായ ചെയ്തികൾ ഇസ്‌ലാമിന്റെ പരിശുദ്ധ നാമത്തെ കളങ്കപ്പെടുത്തുന്നു. സത്യമെന്താണെന്ന് വെച്ചാൽ എല്ലാ കാര്യങ്ങൾക്കും ഇസ്‌ലാം യുക്തിപരവും ന്യായവുമായ വിശദീകരണങ്ങൾ നൽകുന്നു അത് പൂർണ്ണമായും ബുദ്ധിപരവും നീതിയുക്തവുമാണ്. യാഥാർത്ഥ്യമിതാണ് എല്ലാ കാര്യത്തിലുമെന്ന പോലെ എല്ലാ സാമ്പത്തിക ഇടപാടുകളും വിവേകത്തോടും ആലോചനാപൂർവ്വവുമായിരിക്കണം. ഞാൻ വിശുദ്ധ ഖുർആനിൽ നിന്നുള്ള ഒരു അടിസ്ഥാനതത്വം ഉദ്ദരിക്കട്ടെ. അല്ലാഹു പറയുന്നു:

***ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്ക്‌വേണ്ടി സൃഷ്ടിച്ചവനാണവൻ (2:30)***

ഖുർആൻ പറയുന്നത് ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളതെല്ലാം മനുഷ്യവംശത്തിന്റെ നന്മക്ക് വേണ്ടിയാണ് എന്നാണ്. പ്രാഥമികമായി ഒരു രാജ്യം പ്രകൃതി വിഭവങ്ങളാൽ അനുഗ്രഹീതമായിട്ടുണ്ടെങ്കിൽ അത് ആ രാജ്യത്തെ ജനങ്ങളുടെ നന്മക്ക് വേണ്ടിയുള്ളതാണ്. ഈയൊരു സാദ്ധ്യതയെ ഇസ്‌ലാം കൂടുതൽ വിശാലമായ ഒരു വൃത്തത്തിലേക്ക് വിപുലീകരിച്ചുകൊണ്ട് പറയുന്നത്, നാം നമ്മുടെ അയൽപക്കത്തെയും ശ്രദ്ധിക്കുകയും സഹായിക്കുകയും ചെയ്യണമെന്നാണ് അയൽപക്കത്തെ ഖുർആൻ നിർവ്വചിക്കുന്നത്. നിങ്ങളുടെ ഏറ്റവും അടുത്ത അയൽക്കാരനെയാണ്. അതായത് നിങ്ങളുടെ സഹപ്രവർത്തകൻ, നിങ്ങളുടെ സഹയാത്രികൻ മുഹമ്മദ് നബി(സ) അയൽപക്ക വീടിനെ നിങ്ങളുടെ വീടിന്ന് ചുറ്റുമുള്ള 40 വീടുകൾവരെ അത് വിപുലീകരിച്ചിട്ടുണ്ട്. അത് അയൽപക്ക നഗരങ്ങളിലേക്കും രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കാം. ഇതിന്റെ വിശാലത ഭാവനയിൽ കാണാവുന്നതാണ്. ഒരു വശത്ത് ദൈവം ഒരു രാജ്യത്തിന്ന് നൽകിയ വിഭവങ്ങളുടെ ഫലങ്ങൾ കൊയ്തെടുക്കുമ്പോൾ മറുവശത്ത് ദരിദ്രരായ ജനങ്ങളേയും രാജ്യങ്ങളേയും അവർ സഹായിക്കേണ്ടതാണ്. അത്തരം വിഭവങ്ങൾ വ്യക്തിപരമായ താൽപര്യങ്ങളില്ലാതെ സ്വാർത്ഥ രഹിതമായി വിനിയോഗിക്കണം. ആസക്തി രഹിതവും ആഗ്രഹരഹിതമായും യാതൊരു വിധ പക്ഷപാതിത്വങ്ങളുമില്ലാതെയായിരിക്കണം അത് വിനിയോഗിക്കേണ്ടത്.

നാം പ്രകൃതിയെ നിരീക്ഷിക്കുകയാണെങ്കിൽ പ്രകൃതി വിഭവങ്ങൾ വിന്യസിച്ചുകൊണ്ട് എപ്രകാരമാണ് അത് സമ്പന്നമാക്കപ്പെട്ടിരിക്കുന്നത് എന്ന് കാണാൻ സാധിക്കും. അവയോരോന്നും തന്നെ ലോകത്തിന്റെ സാമ്പത്തിക ശ്രേയസ്സിന്ന് നിർവ്വഹിക്കുന്ന പങ്കും നമുക്ക് കാണാൻ സാധിക്കും. ഉദാഹരണത്തിന്ന് സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നതിൽ പർവ്വതങ്ങൾ വഹിക്കുന്ന പങ്ക് നമുക്കറിയാം. ഇപ്പോൾ ഭൂഗർഭത്തിലുള്ള പ്രകൃതി വിഭവങ്ങളെ പറ്റിയും നമുക്കറിയാം. ഉദാഹരണത്തിന്ന് ഭൂമിക്കടിയിൽ അമൂല്യമായതും അത്യധികം വില പിടിപ്പുള്ളതുമായ ആഭരണക്കല്ലുകളും ധാതുക്കളും കാണപ്പെടുന്നു. അതുപോലെ വമ്പിച്ച സമ്പത്ത് നിരന്തരം പ്രദാനം ചെയ്യുന്ന എണ്ണ നിക്ഷേപങ്ങളും നാം കാണുന്നു. കൂടാതെ നിറഞ്ഞൊഴുകുന്ന നദികളും നാമ കാണുന്നു. തീർച്ചയായും ജലം അനർഘമായ ഒരു അടിസ്ഥാന വിഭവമാണ്. അത് എക്കാലത്തും മനുഷ്യന്ന് ആവശ്യമുളള്ള ഒരു വസ്തുവാണ്. തീർച്ചയായും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന ദീർഘകാലത്തെ ജലദൗർലഭ്യം ഗുരുതരമായതും നിർഭാഗ്യകരവുമാണ്. എന്തായാലും ഇപ്രകാരമാണ് ലോകത്തിലുടനീളം സർവ്വ ശക്തനായ ദൈവം വിഭവങ്ങൾ വിന്യസിച്ചിരിക്കുന്നത്. ഇസ്‌ലാമിന്റെ അദ്ധ്യാപനമെന്താണെന്ന് വെച്ചാൽ ഈ ആഗോള വിഭവങ്ങളും സമ്പത്തുമെല്ലാം മനുഷ്യവംശത്തിന്റെ കൂട്ടുസ്വത്താണ് എന്നാണ്. അതുകൊണ്ട് ഈ അനുഗ്രഹങ്ങളെല്ലാം ജനങ്ങൾക്ക് പൊതുവായുള്ളതാണ്. ആയതിനാൽ അതിന്റെ ഗുണം എല്ലാവർക്കും ലഭ്യമാകണം ഭൂമിയുടെ അകത്തും പുറത്തുമായി അല്ലാഹു നൽകിയിട്ടുള്ള ഈ വിപുലമായ വിഭവങ്ങൾ ഏതാനും ചില തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് മാത്രം അനുഭവിക്കാനുള്ളതല്ല. ലോകത്തിന്റെ എല്ലാ ഭാഗത്തും വസിക്കുന്ന ജനങ്ങളിൽ ഓരോരുത്തരുടെയും നന്മക്കുള്ളതായിരിക്കണം.

ദൈവത്തിന്റെ ആ അനുഗ്രഹങ്ങൾ അനുഭവവേദ്യമാക്കാൻ മുതൽ മുടക്കുകയോ സാങ്കേതിക വൈദഗ്ദ്യം ഉപയോഗിക്കുകയോ ചെയ്യുന്നവരുണ്ട്. തീർച്ചയായും ചില നേട്ടങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കാൻ അവർക്ക് അവകാശമുണ്ട്. അത്തരം പ്രകൃതി വിഭവങ്ങൾ വേർതിരിച്ചെടുത്ത് മനുഷ്യന്ന് ഗുണപ്രദമായി ഉപയോഗ്യമാക്കാൻ വേണ്ടി നവീനവും എളുപ്പത്തിലുള്ളതുമായ സാങ്കേതിക വിദ്യകളും മെഷീനുകളും വികസിപ്പിച്ചെടുക്കുന്ന ശാസ്ത്രജ്ഞന്മാരും ഇവിടെയുണ്ട്. തീർച്ചയായും അത്തരം ശ്രമങ്ങൾക്കുള്ള പ്രതിഫലവും അവർക്ക് ലഭ്യമാകണം.

ഇന്നത്തെ സമകാലീന സാഹചര്യത്തിൽ അത്തരം തൊഴിലാളികൾക്ക് അർഹമായ ശമ്പളവും ജോലി സാഹചര്യവും ലഭ്യമാക്കൽ ഭരണകൂടങ്ങളുടെയും ചുമതലയാണ്. അത്തരത്തിൽ ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം കഴിയുന്നത്ര കുറച്ചുകൊണ്ട് കൊണ്ടുവരാൻ സാധിക്കും. തൊഴിലും മറ്റു ആനുകൂല്യങ്ങളും നൽകുക എന്നത് ധനികരായ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും കൂടി കടമയാണ്. അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള അല്പം പണം അനുവദിച്ച ധനികരായ ആളുകളുടെ സ്വത്തുക്കൾ അവരിൽ നിന്ന് ബലമായി പിടിച്ചെടുക്കാൻ സോഷ്യ

ലിസം അനുശാസിക്കുന്നത് പോലെ ഇസ്‌ലാം പറയുന്നില്ല. തൊഴിലാളിയും തൊഴിൽ ദായകനും ഒരു പോലെ സമന്മാരാകണമെന്ന വ്യവസ്ഥയും ഇസ്‌ലാം മുന്നോട്ടുവെക്കുന്നില്ല. ഒരു രാജ്യത്തിന്റെ വിഭവങ്ങളാണ് അതിന്റെ ദേശീയ സമ്പത്ത് രൂപീകരിക്കുന്നത്. അതിനാൽ അത് എല്ലാ ജനവർഗ്ഗങ്ങളിലും എല്ലാ ജനവിഭാഗങ്ങളിലുംപെട്ട ആളുകൾക്ക് സേവനത്തിന്നുതകണം. രാജ്യത്തിന്റെ സമ്പത്തിന്ന് രാജ്യത്തെ എല്ലാ പൗരന്മാരുടെയും അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്താൻ കഴിയണം.

ഉദാഹരണമായി ഇസ്‌ലാമികാ ദ്ധ്യാപന പ്രകാരം സമൂഹത്തിലെ ഓരോകുട്ടിക്കും അവന്റെ പാശ്ചാത്തലം ഏതൊന്നാവട്ടെ ശരിയായ വിദ്യാഭ്യാസം നൽകണം അങ്ങിനെ അവർ സമൂഹത്തിൽ ഏതെങ്കിലും വൈദഗ്ദ്യം നേടിയവരും ഉപകാര പ്രദമായവരുമായിതീരണം. അതുപോലെ മറ്റു ജീവിത സൗകര്യങ്ങളും എല്ലാവർക്കും ഒരുപോലെ നൽകപ്പെടണം. സമകാലീന ലോകത്തെ ഭരണസംവിധാനങ്ങൾ ഇതെല്ലാം വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെയത്രത്തോളം അവയൊന്നും വരുന്നില്ല. ഇസ്‌ലാം ഒരു ചുവടുകൂടി മുന്നോട്ട്വെച്ച് കൊണ്ട് പറയുന്നത് നിങ്ങൾ സ്വയംതന്നെ സഹായിച്ചാൽ മാത്രം പോര നിങ്ങളുടെ അയൽക്കാരനേയും സഹായിക്കണം എന്നാണ് അതായത് രാജ്യങ്ങൾ അവരുടെ സമ്പത്ത് അയൽ രാജ്യങ്ങളുടെ ക്ഷേമത്തിന്നായി ചിലവഴിക്കണം. ഏതെങ്കിലും ഒരു രാജ്യത്തിന്ന് വിഭവ ദൗർലഭ്യം അനുഭവപ്പെടുന്നുവെങ്കിൽ അവർക്ക് അത് ലഭ്യമാക്കാൻ പിന്തുണക്കുക എന്നത് അടുത്ത രാജ്യത്തിന്റെ ബാദ്ധ്യതയാണ്. തീർച്ചയായും സഹായം നൽകേണ്ട രാജ്യങ്ങളുടെ വൃത്തം വിപുലമായികൊണ്ടേപോവും. ഒരു രാജ്യം തങ്ങളുടെ തൊട്ട അയൽപക്കത്തെ മാത്രം സഹായിച്ചാൽ പോര. ലോകം മുഴുക്കെയുള്ള ദരിദ്രരായ രാജ്യങ്ങളെയും അവർ സഹായിക്കാൻ ബാദ്ധ്യസ്ഥരാണ്.

ഞാൻ പറയാനാഗ്രഹിക്കുന്ന മറ്റൊരുകാര്യം സരവ്വശക്തനായ അല്ലാഹു വിവിധരാജ്യങ്ങൾക്ക് വിഭിന്നങ്ങളായ വിഭവങ്ങൾ നൽകി അനുഗ്രഹിച്ചിരിക്കുന്നു അത്കൊണ്ട് ഒരു രാജ്യത്തിന്ന് അവരുടെ വിഭവങ്ങൾ തിരിച്ചറിഞ്ഞ് ഉപയോഗിക്കാനുള്ള സാങ്കേതിക വിജ്ഞാനമോ വൈദഗ്ദ്യമോ ഇല്ലെങ്കിൽ അവരെ സഹായിക്കേണ്ടതാണ്. അത്തരം സഹായങ്ങൾ നൽകുന്നത് നിഷ്കളങ്കമായിട്ടായിരിക്കണം. സഹായ ദാതാക്കൾക്ക് അവരുടെ യാതൊരു നിക്ഷിപ്ത താൽപര്യങ്ങളും പൂർത്തീകരിക്കാനായിരിക്കരുത് ഇത്തരം സഹായങ്ങൾ നൽകുന്നത്. ഒരു പ്രത്യേക രാജ്യത്തോടുള്ള ചങ്ങാത്തമോ സഖ്യമോ മറ്റു രാജ്യങ്ങളെ സഹായിക്കുന്ന കാര്യത്തിൽ ഒരു വിഘാതമായി നിന്നുകൂടാ. ഒരു രാജ്യത്തോടുള്ള ഏതെങ്കിലും വിധത്തിലുള്ള ആഭിമുഖ്യം മറ്റൊരു രാജ്യത്തെ അവരുടെ സ്വന്തം കാലിൽ നിൽക്കാനുള്ള ലക്ഷ്യത്തിന്ന് സഹായകരമായിരിക്കണം. ഒരു രാജ്യം മറ്റൊരു രാജ്യത്തെ സഹായിക്കുമ്പോൾ സഹായം സ്വീകരിക്കുന്ന രാജ്യങ്ങളുടെ ചില ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്വരെയോ മറ്റൊരു മൂന്നാം കക്ഷി രാജ്യമായി ബന്ധം സ്ഥിപിക്കുന്നത് വരെയോ ആ രാജ്യവുമായുള്ള ഉഭയകക്ഷി കരാറിൽ അനീതി പരമായ ഉപാധികൾ വെക്കാൻ പാടുള്ളതല്ല. ദുർവ്വഹമായ ഉപാധികൾ വെച്ച്കെട്ടി ഒരു രാജ്യത്തിന്നും സാങ്കേതിക സഹായം നൽകാൻ പാടില്ല. അതായത് ഒരു രാജ്യത്തിന്ന് തങ്ങളുടെ സ്വന്തം വിഭവങ്ങളിൽ നിന്നും പൂർണ്ണമായും ഗുണം അനുഭവിക്കാൻ സാധിക്കാത്ത വിധം ഉപാധികൾ വെക്കാൻ പാടില്ല. ഒരു രാജ്യത്തെ സഹായിക്കുന്ന ഠറ്റൊരു രാജ്യത്തിന്ന് സഹായിക്കപ്പെടുന്ന രാജ്യത്തേക്കാൾ നേട്ടമുണ്ടാവാനും പാടുള്ളതല്ല. അത്തരം അനീതി പരമായ കാര്യങ്ങളെല്ലാം ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്കെതിരാണ്. അവയെല്ലാം അസ്വസ്തതകളിലേക്കും പ്രക്ഷോഭങ്ങളിലേക്കും നയിക്കും. ഇത്തരത്തിലാണ് കാര്യങ്ങൾ പോവുന്നതെങ്കിൽ അതുണ്ടാക്കുന്ന മാനസികവ്യഥയും തങ്ങളോട് അനീതി അനുവർത്തിക്കപ്പെട്ടു എന്ന ബോധവും തീർച്ചയായും ഒരു നാൾ അവരെ പിടികൂടുകയും അത് തുറന്ന ശത്രുതയിലേക്ക് ചെന്നെത്തുകയും ചെയ്യും. ഇങ്ങിനെ സംഭവിക്കാൻ അനുവദിക്കുകയാണെങ്കിൽ ഉഭയകക്ഷി രാജ്യങ്ങളുടെയും സമാധാനം നഷ്ടപ്പെടലായിരിക്കും ഫലം. പിന്നീട് അന്തർ ദേശീയ തലത്തിലും സമാധാന ഭംഗമുണ്ടാകുന്നു.

തീർച്ചയായും സമകാലീന ലോകം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്. സമ്പന്ന വർഗ്ഗം അവരുടെ സ്വത്ത് ന്യായമായും ഉചിതമായും വിനിയോഗിച്ചിരുന്നുവെങ്കിൽ ഇന്ന് കാണുന്ന രീതിയിൽ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം ലോകത്ത് ഒരിടത്തും ഉണ്ടാകുമായിരുന്നില്ല. അന്തർദേശീയ തലത്തിൽ പാവപ്പെട്ട രാജ്യങ്ങളെ സഹായിക്കും വിധം എല്ലാ സമ്പത്തും ശരിയായ രീതിയിൽ ലോകത്ത് വിതരണം ചെയ്തിരുന്നെങ്കിൽ ഇന്ന് കാണുന്ന വിധത്തിൽ രാജ്യങ്ങൾ തമ്മിലുളള അസമത്വങ്ങളും സംഘർഷങ്ങളും വർദ്ധിച്ചു വരില്ലായിരുന്നു. ലോകത്തിലെ ദരിദ്രജനതകളെ സഹായിക്കാനും പിന്തുണക്കാനും ഒരുപാട് സംഘടനങ്ങൾ രൂപീകൃതമായിട്ടുണ്ട്. ലോകത്ത് നിന്നും ദാരിദ്ര്യവും വിശപ്പും തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്ര സഭക്ക് കീഴിൽ നിരവധി സംഘടനകൾ രൂപീകൃതമായിട്ടുണ്ട്. ഐക്യരാഷ്ട്ര സഭ രൂപീകരിച്ച് അറുപത് വർഷം കഴിഞ്ഞിട്ടും പാവപ്പെട്ട രാജ്യങ്ങൾ ദരിദ്രരായും പട്ടിണിക്കാരായും തന്നെ നാം കാണുന്നു എന്നത് ദുഃഖകരമാണ്. അതേ സമയം വികസിത രാജ്യങ്ങൾ സമ്പന്നരായും ശക്തിശാലികളായും നിലകൊള്ളുകയും ചെയ്യുന്നു. മനുഷ്യ സമൂഹ

ത്തിന് ദൈവം നൽകിയ വിഭവങ്ങളിൽ നിന്നുള്ള സമ്പത്ത് സംയോജിതമായി ഉപയോഗിക്കാനുള്ളതാണ്. ഈയൊരു തത്വം ലോകം മനസ്സിലാക്കാത്തതാണ് സ്ഥിരമായ അസമത്വത്തിന്റെ അടിസ്ഥാന കാരണം എന്ന് ഇസ്‌ലാം വിശദീകരിച്ചുകഴിഞ്ഞു.

ഇന്നത്തെ ലോകത്ത് അവികസിത രാജ്യങ്ങളിലെ ജനങ്ങൾ മാത്രമല്ല വികസിത രാജ്യങ്ങളിലെ ജനങ്ങൾപോലും സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി കഷ്ടതകൾ സഹിക്കേണ്ടിവരുന്നു. അതാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് സംഭവിക്കുന്നത് രാജ്യങ്ങൾ അവരുടെ വമ്പിച്ച സമ്പത്തും വിഭവങ്ങളും ശരിയായ മാർഗ്ഗത്തിൽ വിനിയോഗിക്കാത്തത് കൊണ്ടാണ്. അവരുടെ സമ്പത്ത് ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്ന് പകരം അനാവശ്യമായ ആഢംബര വസ്തുക്കൾക്കും അമിത ഭോഗത്തിന്നും വേണ്ടി ഉപയോഗിക്കപ്പെടുന്നു. യൂറോപ്യൻ രാജ്യങ്ങളിലേക്ക് നോക്കൂ അവിടെ സമ്പന്ന രാജ്യങ്ങളുടെയത്ര സാമ്പത്തിക ശേഷി ഇല്ലാത്ത ചിലരാജ്യങ്ങൾ അവരുടെ സമ്പന്നരായ അയൽ രാജ്യത്തെ അനുകരിക്കാൻ ശ്രമിച്ചതിന്റെ ഫലം നാം കാണുന്നു. അവർ കരുതലോടെ തങ്ങളുടെ കാൽ ചുവടുകൾ വെക്കുന്നതിന്ന് പകരം തങ്ങളുടെ അയഥാർത്ഥമായ ചില ആഗ്രഹങ്ങളും ശമനത്തിന്നായി തങ്ങളുടെ സാമ്പത്തിക പരിധിവിട്ട് ചിലവഴിക്കാൻ തുടങ്ങി. അതിന്റെ ഫലമാണ് ഇപ്പോൾ അവർ അനുഭഴിച്ചുകൊണ്ടിരിക്കുന്നത്. ഒരു പരിധി വരെ യൂറോപ്യൻ യൂണിയനിൽപ്പെട്ട മറ്റു രാജ്യങ്ങൾ അവരെ സഹായിക്കുന്നുണ്ട്. സാമ്പത്തിക ക്ഷയം ബാധിച്ച ഈ രാജ്യങ്ങളെ എത്രകാലം അവർക്ക് സഹായിക്കാൻ കഴിയും എന്ന പ്രശ്നം അവർ പര്യലോചിക്കുകയും അതിനെപറ്റി ചോദ്യങ്ങൾ ഉന്നയിക്കാനും തുടങ്ങിയിരിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന സംഘർഷത്തിന്നു പ്രശ്നങ്ങൾക്കുള്ള മൂലകാരണം ഇരുഭാഗത്തുനിന്നും ഉണ്ടാവുന്നതാണെന്ന് നാം കാണുന്നു. ഒരു വശത്ത് സഹായം ചോദിക്കുന്നവർ അയുക്തികമായ ആവശ്യങ്ങളാണ് ചോദിക്കുന്നത്. മറുവശത്ത് സമ്പന്ന രാജ്യങ്ങൾ വലിയ ഒരു നന്മക്കായി ആവശ്യമായ സാമ്പത്തിക ത്യാഗങ്ങൾക്ക് സന്നദ്ധരുമല്ല. ഈ രണ്ട് ഘടകങ്ങളും ഇപ്പോഴത്തെ സാഹചര്യത്തെ കൂടുതൽ വഷളമാക്കിക്കൊണ്ടിരിക്കുകയാണ്.

നന്മ പുലരാനായി ഇസ്‌ലാം ഉപദേശിക്കുന്നതെന്തന്നാൽ മഹത്തായ നന്മക്കായി ഇരുകൂട്ടരുടെയും ഭാഗത്ത് നിന്നും സംയോജിതമായ പ്രവർത്തനമുണ്ടാകുമ്പോൾ മാത്രമേ ശാന്തിയും സൗഹൃദവും പുലരുകയുള്ളൂ എന്നാണ്. പാവങ്ങൾ അവരുടെ ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കുകയും കഠിന പരിശ്രമത്തിലൂടെ അവരുടെ വിഭവങ്ങളിൽ നിന്നും സമ്പത്തിൽ നിന്നും നേട്ടങ്ങളുണ്ടാക്കുകയുംവേണം. മറുവശത്ത് തങ്ങളുടെ സഹോദരീ സഹോദരന്മാരെ സഹായിക്കാൻ സന്തോഷപൂർവ്വം സമ്പന്നന്മാർ ഒരു യഥാർത്ഥ സാമ്പത്തിക ത്യാഗം പ്രകടിപ്പിക്കുകയും വേണം. അവരുടെ വിഭവങ്ങളും സമ്പത്തുമെല്ലാം നൽകിയത് അല്ലാഹുവാണെന്ന് അവർ മനസ്സിലാക്കണം. ആയതിനാൽ അവരുടെ സ്രഷ്ടാവിനോടുള്ള കടമകൾ അവർ പൂർത്തിയാക്കേണ്ടതുണ്ട്. ഏറ്റവും ദുഃഖകരമായ കാര്യം ഇത്തരം ഉദാത്തമായ ആശയങ്ങൾ ആർക്കാണോ നൽകപ്പെട്ടത് ആ മുസ്‌ലിം ലോകത്ത്പോലും ഇതൊന്നും ഇന്ന് പ്രാവർത്തികമാകുന്നില്ല. അമുസ്‌ലിം ലോകത്തും ഇവ നടപ്പാകുന്നില്ല. ഇസ്‌ലാമികേതര രാജ്യങ്ങൾ ജനങ്ങളുടെ അവകാശങ്ങൾ നിറവേറ്റപ്പെടുന്നവരാണ് തങ്ങൾ എന്നാണ് വലിയ വായിൽ പെരുമ്പറയടിക്കുന്നത്.

തീർച്ചയായും വികസിത രാജ്യങ്ങളിൽ പോലും വിശപ്പും ദാരിദ്ര്യവും സഹിക്കുന്ന പതിനായിരങ്ങൾ ജീവിക്കുന്നുണ്ട്. ഞാൻ ഉപസംഹരിക്കട്ടെ ഇത് വലിയ തോതിൽ വിശാലമായൊരു വിഷയമാണ്. ഈ ബൃഹത്തായ വിഷയത്തിന്റെ ഒരു ഭാഗത്തുള്ള ഒരു ചെറിയ വശം മാത്രമാണ് ഞാൻ ഇവിടെ പ്രതിപാദിച്ചത്. തീർച്ചയായും ലോകത്ത് ഒരാൾക്ക് മറ്റൊരാളിനോടുള്ള കടമകളെപറ്റി ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലോകം ഇന്ന് ഒരു ആഗോള ഗ്രാമമാണ്. നാമോരോരുത്തരും തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ അവിടെ കുഴപ്പങ്ങളുടെ വേരിറക്കമുണ്ടാകുകയും അത് അവസാനം വമ്പിച്ച വിപത്തിന്നും സർവ്വ നാശത്തിലുമായിരിക്കും കലാശിക്കുക. നാം ചരിത്രത്തിലേക്ക് തിരഞ്ഞു നോക്കുമ്പോൾ രണ്ട് ലോകമഹായുദ്ധങ്ങളിലേക്കും നയിച്ച മുഖ്യഘടകം അന്ന് നിലനിന്നിരുന്ന സാമ്പത്തിക സാഹചര്യമായിരുന്നു. നിങ്ങൾ അധിവസിക്കുന്ന ഈ ഭൂമേഖലയും യുദ്ധത്തിന്റെ കെടുതികൾ അനുഭവിച്ചിട്ടുണ്ട്. അത്തരം സാഹചര്യം ലോകത്ത് വീണ്ടും ആവർത്തിക്കുകയാണെങ്കിൽ ആർക്കായിരിക്കും നാശം വന്നുഭവിക്കുക എന്ന് പ്രവചിക്കാൻ വളരെ പ്രയാസമാണ് സർവ്വവിധ നാശത്തിൽ നിന്നും അപകടത്തിൽ നിന്നും ലോകത്തെ രക്ഷിക്കാൻ എല്ലാവരുടെയും മുമ്പിൽ വസ്തുതകളും യാഥാർത്ഥ്യങ്ങളും സമർപ്പിച്ച് അഭ്യർത്ഥിക്കാൻ മാത്രമേ നമുക്ക് സാധ്യമാവൂ. ഞങ്ങൾ അതിന്നായി ശ്രമിക്കുകയും പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നു. ഇത് ഭാവിതലമുറ നമ്മെ വിദ്വേഷപൂർവ്വം ആജ്ഞാലംഘകരായി നോക്കിക്കാണാതിരിക്കാൻ ഇത്തരം ശ്രമം വളരെ അത്യാവശ്യമാണ്. ഉപസംഹാരത്തിന്ന് മുമ്പായി നിങ്ങളുടെ സമയവും ശ്രമവും ചിലവഴിച്ച്കൊണ്ട് ഇവിടെ എത്തി ചേർന്ന നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽകൂടി ഞാൻ എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. വളരെയധികം നന്ദി.

# ഇസ്‌ലാം: മതാദ്ധ്യാപനങ്ങളുടെ അന്തിമ ലക്ഷ്യം

എല്ലാ മതങ്ങളെയും സമഗ്രമായി സ്വാംശീകരിക്കുകയും സർവ്വ മതങ്ങളുടെയും ആത്മീയ തത്വം സമ്പൂർണ്ണവികാസം പ്രാപിക്കുകയും ചെയ്ത ഒരു ആത്മീയ ജീവിത പദ്ധതിയാണ് ഇസ്‌ലാം. പരിശുദ്ധ പ്രവാചകൻ അത് സ്വജീവിതത്തിലും സമൂഹത്തിലും വിജയപൂർവ്വം ആവിഷ്ക്കരിക്കുകയുണ്ടായി.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

നാം നമ്മുടെ ശ്രദ്ധ വിശുദ്ധ ഖുർആന്റെ വെളിപാടുകാലത്തേക്ക് തിരിക്കുകയാണ്. വിശുദ്ധ ഖുർആൻ പ്രകാരം മതങ്ങളുടെ വികാസം അതിന്റെ ഉച്ചകോടി പ്രാപിക്കുകയും അതിന്റെ അദ്ധ്യാപനങ്ങൾ സമ്പൂർണ്ണമാവുകയും ചെയ്ത ഒരു ഘട്ടമാണ്. ഖുർആൻ പറയുന്നു:

**'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് നാം പൂർണ്ണമാക്കി തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'(സൂറ: അൽ മായിദ: 5:4)**

മനുഷ്യനെ ബാധിക്കുന്ന എല്ലാ മേഖലയിലും നീതിയുടെ വിഷയം ഖുർആൻ ബന്ധിപ്പിക്കുന്നു. ഇത് വളരെ കൗതുകകരവും വിപുലവുമായ ഒരു പഠനമാണ് സൃഷ്ടിക്കുന്നത്. ഇവിടെ നീതിയുടെ എല്ലാ ഓരോ വിഷയങ്ങളും ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വായനക്കാർക്ക് സമ്പൂർണ്ണമായി വിഷയത്തെ മനസ്സിലാക്കാനും ഖുർആനികാദ്ധ്യാപനങ്ങൾ തികവുറ്റതാണെന്ന ആത്മ വിശ്വാസത്തോടെ സ്വീകരിക്കാനും മതിയായ തോതിൽ വിശദാംശങ്ങൾ ചർച്ചചെയ്യുന്നത് അനിവാര്യമാണ്.

ഇസ്‌ലാം മതസ്ഥാപകനായ പരിശുദ്ധ പ്രവാചകൻ മുഹമ്മദി (സ)നെയും ഖുർആനെയും പരിചയപ്പെടുത്തികൊണ്ട് നീതിയുടെ പരിപ്രേക്ഷ്യത്തിൽ അല്ലാഹു പറയുന്നു:

**'തന്റെ ദാസന്ന് ഈ ഗ്രന്ഥം അവതരിപ്പിച്ചു കൊടുത്ത അല്ലാഹുവിന്നാണ് എല്ലാ സ്തുതിയും. അവൻ അതിൽ ഒരു വക്രതയും ആക്കിയിട്ടില്ല.'(സൂറ: കഹ്ഫ് 18:2)**

ഖുർആന്റെ ഒരു അദ്ധ്യാപനവും അലക്ഷ്യമായിട്ടുള്ളതല്ല. വിശുദ്ധ ഖുർആൻ ഒരാൾ അടിമുടി പഠന വിധേയമാക്കുകയാണെങ്കിൽ മധ്യമ മാർഗ്ഗത്തിൽ നിന്നും അത് അണുകിട വ്യതിചലിച്ചതായി കാണാൻ സാധ്യമല്ല. അത് ഒരിക്കലും തന്നെ ഒരു പ്രത്യേക ദേശീയ ജനവിഭാഗത്തെയോ ഒരു പ്രത്യയ ശാസ്ത്രത്തെകൊള്ളെയോ ചായുന്നില്ല. പൊതുവേ സാർവ്വത്രിക ഭാവത്തോടെ തികഞ്ഞ സന്തുലനവും തുലമാനവും പാലിക്കുന്ന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ

***ഫി (ൽ)*** എന്ന അറബി ഗതി പ്രത്യയം (Preposition) ***അബ്ദ്*** അല്ലെങ്കിൽ ദൈവത്തിന്റെ ദാസൻ എന്ന പദവുമായി (ഉദാ: മുഹമ്മദ്) സംയോജിപ്പിക്കാവുന്നതാണ്. മേൽ വചനം ഇപ്രകാരം വിവർത്തനം ചെയ്യാവുന്നതാണ്. **'എല്ലാ സ്തുതിയും വ്രക്രതയില്ലാത്ത തന്റെ ദാസന്ന് ഒരു ഗ്രന്ഥം വെളിപ്പെടുത്തിയ അല്ലാഹുവിന്നാണ്.'**

ഇത് കുറച്ചു കൂടി വിശദീകരിക്കാവുന്നതാണ്. അല്ലാഹു പ്രഖ്യാപിക്കുന്നത് എന്തെന്നാൽ ഒരു മാർഗ്ഗദർശകൻ എന്ന നിലയിൽ മുഹമ്മദ് (സ) അഖില ലോകത്തിന്നുമായി അവതരിപ്പിച്ച പ്രവാചകനാണ്. അദ്ദേഹത്തിന്റെ പ്രകാശം ഒരു ജനതക്കോ ഏതെങ്കിലും ഒരു ഭൗമാതിർത്തിക്കുള്ളിലോ മാത്രം പരിമിതമല്ല. മാനവരാശിയെ മുഴുവൻ പ്രകാശിതമാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് അദ്ദേഹത്തെ അയച്ചത്.

**'അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ്. അവന്റെ പ്രകാശത്തിന്റെ ഉപമ**

**വിളക്ക് മാടം പോലെയാണ്. അവിടെ ഒരു ദീപമുണ്ട്. ആ ദീപം ഒരു സ്ഫടിക കൂടിലാണ് സ്ഥിതിചെയ്യുന്നത്. ആ സ്ഫടിക കൂട് മിന്നിതിളങ്ങുന്ന ഒരു നക്ഷത്രം പോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലിവ് വൃക്ഷത്തിന്റെ എണ്ണ കൊണ്ടാണ് പ്രകാശിപ്പിക്കപ്പെടുന്നത്. അതിന്റെ എണ്ണയെ അഗ്നി സ്പർശിച്ചില്ലെങ്കിലും അത് പ്രകാശിതമാവും.'(സൂറ: അന്നൂർ 24: 36)**

അല്ലാഹുവിന്റെ പ്രകാശം എന്ന ഈ വിവരണത്തോടെ പരിശുദ്ധ പ്രവാചകന്റെ ഉന്നതമായ ഗുണങ്ങൾ വർണ്ണിക്കാൻ ആരംഭിക്കുന്നു. ഈ വിവരണം ഉഛശൃംഖത്തിലെത്തുന്നത് **'പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത'** എന്ന ഒരു ശൈലിയോടെയാണ്. ദൈവം സൂര്യനെ പടിഞ്ഞാറിനും കിഴക്കിന്നും ഒരു പോലെ പ്രകാശത്തിന്റെ സ്റോതസ്സാക്കി സൃഷ്ടിച്ചിരിക്കുന്നു. ആത്മീയമായി മുഹമ്മദ് (സ) ദൈവത്തിന്റെ പ്രകാശത്തെ സർവ്വ മനുഷ്യരിലും പുന: പ്രസരിപ്പിക്കുന്ന ഒരു ഉപാധിയാണ്. ഈ അർത്ഥത്തിൽ മുഹമ്മദ് നബി (സ) കിഴക്കും പടിഞ്ഞാറും ഒരുപോലെ പ്രകാശിപ്പിക്കുന്ന സൂര്യനെപ്പോലെ അതിമഹിതമായ ഒരു സ്ഥാനമാണ് വഹിക്കുന്നത്.

സൂര്യൻ പ്രകാശത്തിന്റെ അന്തിമ സ്റോതസ്സായി കാണപ്പെടുന്നു. പക്ഷേ ഒരാൾ അഗാധമായി ചിന്തിക്കുമ്പോൾ അതിന്റെ പ്രകാശ ഗുണം കടപ്പെട്ടിരിക്കുന്നത് അതിന്റെ സ്രഷ്ടാവിലേക്കാണ്. അത്കൊണ്ട് ഒരാൾക്ക് നിസ്സംശയമായും യാതൊരു തടസ്സവുംകൂടാതെ എല്ലാ പ്രകാശത്തിന്റയും അന്തിമ സ്റോതസ്സ് ദൈവമാണെന്ന നിഗമനത്തിലെത്താവുന്നതാണ്. അപ്രകാരം പ്രവാചകന്മാർ സൂര്യന്റെ സ്ഥാനമാണ് വഹിക്കുന്നത്. അതായത് ദൈവത്തിന്റെ പ്രകാശം അവന്റെ ദാസരിലേക്ക് എത്തിക്കലാണല്ലോ സൂര്യന്റെ ധർമ്മം.

വാനലോകത്ത് പ്രകാശത്തിന്റെ സ്റോതസ്സായി വർത്തിക്കുന്ന നിരവധി വസ്തുക്കളുണ്ട്. ഭൂമിയുമായി ബന്ധപ്പെട്ട് അതിലെല്ലാറ്റിലും വെച്ച് സൂര്യൻ ഏറ്റവും അനുപമമായ ഒരു സ്ഥാനമാണ് വഹിക്കുന്നത്. അതിന്റെ സാർവ്വ ലൗകികമായ സ്വഭാവം വളരെ പ്രകടമാണ്. അപ്രകാരം പരിശുദ്ധ പ്രവാചകന്റെ പ്രതിഛായ സാർവ്വ ലൗകികമായി നിൽക്കുന്നു. അത് ലോകമാകെ പ്രകാശമാനമാക്കുന്നു. പാശ്ചാത്യമോ പൗരസ്ത്യമോ ആയ യാതൊരു വ്യത്യാസങ്ങളും അതിനില്ല.

വിശുദ്ധ ഖുർആന്റെ അദ്ധ്യാപന സാകല്യം മുഴുക്കെ പൂർണ്ണതികവോടെ മുഹമ്മദ് നബി (സ) യിൽ പ്രതിഫലിക്കുന്നു. പ്രവാചകന്റെ അദ്ധ്യാപനങ്ങളും മാതൃകകളും തമ്മിൽ സമജ്ഞസമായ പാരസ്പര്യമുണ്ട്. അതുകൊണ്ടാണ് പരിശുദ്ധ പ്രവാചകന്റെ ഭാര്യയോട് അദ്ദേഹത്തിന്റെ സ്വഭാവം വിവവരിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവരുടെ ഹ്രസ്വവും സംഗൃഹീതവുമായ മറുപടി

**'അവിടുന്ന് ഖുർആന്റെ ആൾ രൂപമായിരുന്നു** എന്നാണ് 8

പരിശുദ്ധ പ്രവാചകന്റെ സ്വഭാവത്തിൽ എല്ലാ ഓരോ തലങ്ങളിലും ഇസ്ലാമികാദ്ധ്യാപനങ്ങളുടെ ഏകോപനം കാണാമായിരുന്നു. റസൂൽ തിരുമേനി (സ) യുടെ സ്വഭാവഗുണം പോലെ ഇസ്ലാമികാദ്ധ്യാപനങ്ങൾ സമ്പൂർണ്ണമായും സന്തുലനാത്മകമായും നീതിയുടെയും ഔദാര്യത്തിന്റെയും ബന്ധുത്വത്തിന്റെയും തത്ത്വങ്ങളിൽ അധിഷ്ഠിതമാണ്.

## മധ്യമ മാർഗ്ഗം

ഒരു സമുദായം എന്ന നിലക്ക് ഇസ്ലാമിക ഉമ്മത്തിന്റെ സ്വഭാവം പ്രവാചകനും അവിടുത്തെ അദ്ധ്യാപനങ്ങളും സമജ്ഞസമായി സംയോജിക്കുന്നു. . .

**അതേ പ്രകാരം നാം നിങ്ങളെ ഒരു മധ്യമ സമുദായമാക്കിയിരിക്കുന്നു. (സൂറ: അൽബക്കറ 2: 144)**

ഇസ്ലാം മതസ്ഥാപകനും അവിടുത്തേക്ക് ഇറക്കപ്പെട്ട ഗ്രന്ഥവും ഏക പക്ഷീയതിൽ നിന്നും തികച്ചും മുക്തമാണ്. അവ മധ്യമാർഗ്ഗവുമായി ഒത്തുനിൽക്കുന്നതാണ്. അതിനാൽ മുഹമ്മദ് നബി (സ) യുടെ സമുദായവും ഇടത് പക്ഷത്തേക്കോ വലത് പക്ഷത്തേക്കോ ചായാതെ മധ്യമാർഗ്ഗത്തോട് ഒട്ടി നിൽക്കുന്നതാണ്. ആനുഷംഗികമായി പറയട്ടെ ഇപ്പോൾ ചില മുസ്ലിം വിഭാഗങ്ങൾ പ്രചരിപ്പിക്കുകയും പിന്തുടരുകയും അനുവർത്തിക്കുകയും ചെയ്തുവരുന്ന തീവ്രവാദത്തിന്ന് മുസ്ലിംകളുമായി യാതൊരു ബന്ധവുമില്ല.

കൂടാതെ മധ്യമം എന്ന് അർത്ഥം വരുന്ന ***വസ്ത*** എന്ന അറബി പദത്തിന്ന് ഏറ്റവും വിശിഷ്ടമായത് എന്ന അർത്ഥധ്വനികൂടിയുണ്ട്. ആരെയെങ്കിലും ***വസ്ത*** എന്ന് വിശേഷിപ്പിച്ചാൽ അയാൾ സന്തുലനം പാലിക്കുന്നയാളും മധ്യമ നില കൈക്കൊള്ളുന്നവനും അതോടൊപ്പം ഏറ്റവും ഉത്കൃഷ്ട സ്വഭാവത്തോടുകൂടിയ ആളുമാണ് എന്നാണ് അർത്ഥം. അതിനാൽ ***ഉമ്മത്തൻ വസ്തൻ*** എന്ന് വിശേഷിപ്പിക്കപ്പെട്ടാൽ ഏറ്റവും ഉത്കൃഷ്ടമായത് എന്നാണ് അർത്ഥം. ഈ സ്വഭാവം ഒരു ജനതയുടെ അടിസ്ഥാനഗുണമായി മാറുകയാണെങ്കിൽ ആ സമൂഹം എല്ലാ സന്ദർഭത്തിലും പരീക്ഷണ ഘട്ടങ്ങളിലും മധ്യമ നിലപാടായിരിക്കും സ്വീകരിക്കുക. ആ സമൂഹത്തിന്റെ ചായ്‌വ് ഒരിക്കലും ഏകപക്ഷീയമാവില്ല. ആ സമൂഹം മറ്റുള്ള ജനസമൂഹങ്ങളുടെ വിശ്വാസത്തിനും ആദരവിന്നും പാത്രമാവുന്നതാണ്. ഒരു പക്ഷത്തോട് മാത്രം വിഭാഗീയത പുലർത്തുന്ന ഒരു ജനതക്ക് മറ്റുള്ളവർക്കിടയിൽ ന്യായവിസ്താരം ചെയ്യാനുള്ള യാതൊരു അവകാശവുമില്ല. അതിനാൽ ഇസ്ലാമിന്ന് മനുഷ്യ വംശത്തിന്റെ സംരക്ഷണ ചുമതലയുള്ള സാർവ്വ

ദേശീയമായ ഒരു ന്യായ വിസ്താരകനാകാനുള്ള ശേഷിയുണ്ട്. അപ്രകാരം ഇസ്‌ലാമിന്റെ പ്രവാചകൻ ഉമ്മത്തിന്റെ സ്വഭാവത്തിന്ന് കാവൽ നിൽക്കുന്നു. ന്യായത്തിന്നും നീതിക്കും ഒപ്പം ചേർന്ന് നിൽക്കുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഈയൊരു കർത്തവ്യമാണ് അദ്ദേഹത്തിൽ ഏൽപ്പിക്കപ്പെട്ടത്, കാരണം അവിടുന്ന് എല്ലാ നീതിമാന്മാരേക്കാളും ഏറ്റവും പരമോന്നത സ്ഥാനത്ത് നിൽക്കുന്നു എന്നതുകൊണ്ടാണ്. അവിടുന്ന് പ്രപഞ്ച സ്രഷ്ടാവായ തന്റെ സർവ്വാധിനാഥനായ യജമാനനിൽ സമ്പൂർണ്ണ വിശ്വാസമർപ്പിക്കുന്നു. മുസ്‌ലിംകളുടെ സംരക്ഷകനായി മാത്രമല്ല അവിടുന്ന് വിവരിക്കപ്പെടുന്നത്, താഴെ കാണുന്ന വചനത്തിൽ സകല പ്രവാചകന്മാരുടെയും സംരക്ഷകനായിട്ടാണ് അദ്ദേഹം വിശദീകരിക്കപ്പെടുന്നത്.

**എന്നാൽ നാം ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ കൊണ്ടു വരുന്നതാണ് ഇവർക്ക് സാക്ഷിയായി നാം നിന്നെയും കൊണ്ടു വരുന്നതാണ്. (സൂറ: അന്നിസാഅ്: 4:42)**

## ഋജുവായ മാർഗ്ഗം

മുസ്‌ലിംകൾക്കായി ഖുർആൻ നിർദ്ദേശിച്ച ജീവിതമാർഗ്ഗം നല്ലത് പോലെ സന്തുലനമാക്കപ്പെട്ടതാണെന്ന് മാത്രമല്ല അത് മധ്യമ മാർഗ്ഗവുമാണ്. പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വക്രതകളിൽ നിന്നും അത് വിമുക്തവുമാണ്. ഇസ്‌ലാം മതത്തിന്റെ സാരസർവ്വസ്വം എന്തെന്നാൽ അത് ഏറ്റവും നന്നായി സന്തുലനമാക്കപ്പെട്ടതും മുൻവിധിയിൽ നിന്ന് മുക്തവുമാണ്. ഈ പ്രമേയം വീണ്ടും വിശദമാക്കികൊണ്ട് ഖുർആൻ പറയുന്നു:

**പറയുക എന്റെ നാഥൻ തീർച്ചയായും എന്നെ നേർമാർഗ്ഗത്തിലേക്ക് നയിച്ചിട്ടുണ്ട് ഋജുവായ മതത്തിലേക്ക് അതായത് ധർമ്മനിഷ്ഠനായ ഇബ്രാഹിമിന്റെ മാർഗ്ഗത്തിലേക്ക്. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല. (സൂറ: ആൻആം 6:162)**

ഈ വചനം ***സിറാത്തൻ മുസ്ത്ഖീം*** എന്താണെന്നതിലേക്ക് പുതിയ വെളിച്ചം തെളിക്കുന്നു. മധ്യമാർഗ്ഗം അവലംബിക്കുന്നത് കൂടാതെ അതിന്ന് സ്ഥിരോത്സാഹം, അക്ഷീണ പരിശ്രമം എന്നീ ഗുണങ്ങളും വേണം. ***ഇസ്തിഖാമ സെയ്ദുൻ*** എന്നതിന്റെ അർത്ഥം സൈദ്, അവനെ പുറന്തള്ളാനും അസ്ഥിരപ്പെടുത്താനും നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കെതിരെയും അവൻ ഉറച്ചു നിലകൊണ്ടു. വെറും ***ഖാമ*** എന്നതിന്റെ അർത്ഥം നേരെ നിൽക്കുക എന്ന് മാത്രമാണ്. ***ഖാമ, ഇസ്തിഖാമ*** എന്നീ പദങ്ങളുടെ കേവലക്രിയ ഒന്ന് തന്നെയാണ്. എന്നാൽ ***ഇസ്ത്*** എന്ന ഉപസർഗ്ഗം മുന്നിൽ ചേർക്കുമ്പോൾ ആ പദത്തിന്ന് ഒരു പുതിയ കേന്ദ്ര അർത്ഥധ്വനി കൂടി കൈവരുന്നു. അതിന്റെ പുതിയ അർത്ഥധ്വനി പ്രകാരം ഉന്മൂലനം ചെയ്യാനും ബഹിഷ്ക്കരിക്കാനും അസ്ഥിരമാക്കാനുമുള്ള എല്ലാ ശ്രമത്തിനെതിരെയുമുള്ള അക്ഷീണ ചെറുത്ത് നിൽപ്പ് എന്നാണ്. മനുഷ്യന്റെ കാര്യത്തിൽ അത് അർത്ഥമാക്കുന്നത് ഒരാളുടെ വിശ്വാസത്തിൽ കഠിനവ്രതമെടുത്തുകൊണ്ട് അതിന്ന് വിപരീതം നിൽക്കുന്ന എല്ലാറ്റിന്നെതിരെയുമുള്ള അക്ഷീണ പരിശ്രമം, സ്ഥിരോത്സാഹം, ദൃഢനിശ്ചയം എന്നൊക്കെയാണ് അർത്ഥം. ആയതിനാൽ മുസ്‌ലിംകൾ എല്ലാവരും ***സിറാത്വൽ മുസ്തഖീം*** ൽ നിൽക്കാൻ പ്രാർത്ഥന ആവശ്യമാണ്. അതേസമയം ശത്രു പ്രസ്തുത പ്രാർത്ഥനയിൽ നിന്നും വ്യതിചലിപ്പിക്കാൻ അക്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

അതിനാൽ ***സിറാത്വൽ മുസ്തഖീം*** എന്നത് മറ്റുള്ളവർ വിരൂപണം വരുത്താനും വളക്കാനും മാറ്റാനും ശ്രമിക്കുന്ന നേർമാർഗ്ഗം എന്നാണ്. അത്തരം സംഘടിത ശ്രമങ്ങളെല്ലാം തന്നെ ഒരു വശത്തുണ്ടെങ്കിലും ഋജു മാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളും നിഷ്ഫലമാവുമെന്ന് ദൈവം ഉറപ്പ് നൽകുന്നു. ഇസ്‌ലാം മതത്തിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ പുനസ്ഥാപനം ചുരുങ്ങിയത് ഒരുനൂറ്റാണ്ടുകാലത്തിന്നുള്ളിൽ സംഭവിക്കുന്നു എന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അത് ദൈവത്തിൽ നിന്നും മാർഗ്ഗദർശനം ലഭിക്കുന്ന ഒരുമഹാത്മാവിനാലാണ് സംഭവിക്കുക. മനുഷ്യകൃതമായ വ്യതിയാനങ്ങളും സ്വാഭാവികമായുണ്ടാകുന്ന ജീർണ്ണതകളുടെ അടയാളങ്ങളും ആ ദൈവപ്രേഷിതനാൽ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കപ്പെടും എന്നാണ് വാഗ്ദാനം.

എല്ലാ സംഭവങ്ങളിലും ***വസ്തൻ*** എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം ഇസ്‌ലാമിന്റെ പ്രവാചകൻ വക്രതയിൽ നിന്നും ഏകപക്ഷീയതയിൽ നിന്നും മുക്തമാണ്. അപ്രകാരം അവിടുത്തെ ഉമ്മത്തും അദ്ധ്യാപനങ്ങളും അത്തരത്തിലുള്ളതായിരിക്കണം.

ഓർക്കേണ്ട ഒരു കാര്യം നേർമാർഗ്ഗത്തിന്റെ സങ്കൽപ്പം മനുഷ്യ പുരോഗതിയോടൊപ്പം കാലഘട്ടങ്ങളിലൂടെ ക്രമേണ വികസിച്ചതും ഘട്ടം ഘട്ടങ്ങളായി പുരോഗമിച്ചതുമാണ്. ഇസ്‌ലാമിക പൂർവ്വ മതങ്ങളിലും നേർമാർഗ്ഗത്തിന്റേതായ സങ്കൽപ്പം കാണാവുന്നതാണ്. മേൽ ഉദ്ധരിച്ച ഖുർആൻ വചനത്തിൽ പരിശുദ്ധ പ്രവാചകൻ തന്റെ മതത്തെ നേർമാർഗ്ഗമായിട്ടാണ് പറയുന്നത്. പ്രവാചകൻ ഇബ്രാഹിം നബി (അ)യുടെ മതം തന്നെയാണ് അതെന്നും വിശേഷിപ്പിക്കുന്നു. തന്റെ അദ്ധ്യാപനങ്ങളും ഇബ്രാഹിമി(അ)ന്റെ മാർഗ്ഗത്തിലുള്ളതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇബ്രാഹിം (അ) ക്ക് കാണിക്കപ്പെട്ട നേർ മാർഗ്ഗവും മുഹമ്മദ് (സ)ക്ക് കാണിക്കപ്പെട്ട നേർമാർഗ്ഗവും തമ്മിലുള്ള വ്യത്യാസം എന്താണ്? വ്യത്യാസം ഒരു കാര്യത്തിൽ മാത്രമാണ്. തുടക്കം

മുതൽ മനുഷ്യൻ ശരിയായ മാർഗ്ഗത്തിലാണ് നയിക്കപ്പെട്ടു കൊണ്ടിരുന്നത്. പക്ഷേ ഇസ്‌ലാമിന്ന് മുമ്പുള്ള എല്ലാ മതങ്ങളും പ്രത്യേക മായ ഒരു കാലഘട്ടത്തിന്റെയോ ഒരു ജനവിഭാഗത്തിന്റെയോ ആവശ്യങ്ങളെ മുൻനിർത്തിയാണ്. ഇസ്‌ലാമിന് മുമ്പ് ഒരു സാർവ്വ ജനീനമായ മതം ഇല്ലായിരുന്നു. ആയതിനാൽ നേർമാർഗ്ഗത്തിന്റെ നിർവ്വചനം ചില പ്രത്യേകമായ സമയത്തേക്കോ ജനതയുടെ നിർദ്ദിഷ്ടമായ ആവശ്യങ്ങളെയോ മുൻനിർത്തിയുള്ളതായിരുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു:

**വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അനീതിയുമായി കൂട്ടി കലർത്താതിരിക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് രക്ഷയുള്ളത്. നേർമാർഗ്ഗം പ്രാപിക്കുന്നവരും അവർ തന്നെ. ഇബ്രാഹിമിന്ന് അദ്ദേഹത്തിന്റെ ജനങ്ങൾക്കെതിരായി നാം നൽകിയ നമ്മുടെ തെളിവാണിത്. നാം ഇഛിക്കുന്നവരെ പല പദവികളിലായി നാം ഉയർത്തുന്നു. തീർച്ചയായും നിന്റെ നാഥൻ യുക്തിജ്ഞനും സർവ്വജ്ഞനുമാകുന്നു. നാം അദ്ദേഹത്തിന്ന് ഇസ്ഹാഖിനെയും യഅഖൂബിനേയും ദാനമായി നൽകി. എല്ലാവർക്കും നാം നേർവഴി കാണിച്ചു കൊടുത്തു. ഇതിന്ന് മുമ്പ് നൂഹിന്നും നാം മാർഗ്ഗദർശനം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്തതികളിൽ നിന്ന് ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസാ, ഹാറൂൻ എന്നിവർക്കും നാം സന്മാർഗ്ഗം കാണിച്ചുകൊടുത്തു. ഇങ്ങനെയാണ് സദ്‌വൃത്തർക്ക് നാം പ്രതിഫലം നൽകുന്നത്. സകരിയ്യ, യഹ്‌യാ, ഈസാ, ഇൽയാസ്, എന്നിവർക്കും (നാം നേർമാർഗ്ഗം കാണിച്ചു കൊടുത്തിട്ടുണ്ട്.) അവർ എല്ലാവരും സുകൃതവാന്മാരിൽ പെട്ടവരായിരുന്നു. ഇസ്മായിൽ, അൽയസഅ്, യൂനുസ്, ലൂത്ത് എന്നിവർക്കും (നാം മാർഗ്ഗദർശനം നൽകിയിട്ടുണ്ട്.) ഇവരെയെല്ലാം നാം സമസ്ത ലോകരേക്കാളും ശ്രേഷ്ഠരാക്കുകയും ചെയ്തു. അവരുടെ പിതാക്കളിൽ നിന്നും അവരുടെ സന്തതികളിൽ നിന്നും അവരുടെ സഹോദരങ്ങളിൽ നിന്നും ചിലർക്ക് (നാം മാർഗ്ഗദർശനം നൽകിയിട്ടുണ്ട്.) നാം അവരെ തിരഞ്ഞെടുക്കുകയും ചൊവ്വായ മാർഗ്ഗത്തിൽ അവരെ വഴി നടത്തുകയും ചെയ്തു.(സൂറ: അൻആം 6:83–88)**

ശരിയായ മാർഗ്ഗം എന്നത് ഇസ്‌ലാമിന്റെ മാത്രം കുത്തകയല്ല. ഇസ്‌ലാം ആവിർഭവിക്കുന്നതിന്ന് മുമ്പ് മേൽ പ്രദിപാദിച്ച വചനം അവകാശപ്പെടുന്നത് പോലെ നേർമാർഗ്ഗത്തെ കുറിച്ചുള്ള അദ്ധ്യാപനങ്ങൾ എല്ലാ പ്രവാചകന്മാരും നൽകിയിരുന്നു. അതിനാൽ എപ്പോഴാണ് ഒരു സാർവ്വ ജനീന പ്രവാചകൻ ലോകത്ത് പ്രത്യക്ഷനായത്? എപ്പോഴാണ് നേർമാർഗ്ഗത്തിന്ന് സാർവ്വ ജനീനമായ ഒരു പ്രാധാന്യം ലഭിച്ചത്? ഈ ചോദ്യത്തിന്ന് ഉത്തരം പറയുന്നതിന്ന് വേണ്ടി ഇസ്‌ലാമിന്റെ സാർവ്വദേശീയതയുമായും പരിശുദ്ധ പ്രവാചകന്റെ സാർവ്വ ജനീനവുമായും ബന്ധപ്പെട്ട വിശുദ്ധ ഖുർആന്റെ വചനങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. ഖുർആൻ പറയുന്നു:

**നാം നിന്നെ സകലലോകത്തിന്നും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല. (സൂറ: അൽ അമ്പിയാഅ് 21:108) സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി സമസ്ത മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ മനുഷ്യരിൽ അധിക പേരും ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല. (സൂറ: സബഅ് 34: 29)**

ഇവിടെ കുറച്ചു കൂടി ഉന്നൽ നൽകി വിശദീകരിക്കേണ്ടതുണ്ട്. ഖുർആൻ വെളിപ്പെടുന്നത്‌വരെ മറ്റു യാതൊരു വെളിപാടു ഗ്രന്ഥവും സാർവ്വ ജനീനമാണെന്ന് അവയുടെ സന്ദേശത്തിലും അതിന്റെ പ്രയോഗവത്ക്കരണത്തിലും അവകാശപ്പെട്ടിട്ടില്ല. മുഹമ്മദ് നബി (സ) ക്ക് മുമ്പ് ഒരു പ്രവാചകനും തന്നെ ജനങ്ങൾ തമ്മിലോ ദേശീയ വിഭാഗങ്ങൾ തമ്മിലോ യാതൊരു വിഭാഗീയതയും കൂടാതെ മനുഷ്യരാശിയെ മുഴുവൻ അഭിസംബോധന ചെയ്തുകൊണ്ട് താൻ സാർവ്വ ജനീന പ്രവാചകനാണെന്ന് പ്രഖ്യാപിച്ചിട്ടില്ല. മറ്റു പ്രവാചകന്മാരെല്ലാം തങ്ങളുടെ ജനതയെ മാത്രമാണ് അഭിസംബോധന ചെയ്തത്. അവർ അയൽ രാജ്യങ്ങളിൽ ഉൾപ്പെട്ടവരായിരിക്കാം. അല്ലെങ്കിൽ അവർ അതിഥി രാജ്യങ്ങളിൽ കുടിയേറ്റക്കാരായി ജീവിക്കുന്നവരായിരിക്കാം. എന്നാൽ ഖുർആൻ അല്ലാതെ മറ്റൊരു ദൈവിക ഗ്രന്ഥവും മാനവ വംശത്തെ ഒന്നാകെ അഭിസംബോധന ചെയ്തിട്ടില്ല. അതുകൊണ്ട് നേർമാർഗ്ഗം എന്നത് ഇസ്‌ലാം പൂർവ്വ മതങ്ങളിൽ അവർ നിർവ്വചിച്ചിരുന്നത് അവരുടെ പ്രത്യേകം ആവശ്യങ്ങളുടെ നിർവ്വഹണത്തിന്നുള്ള പരിമിത വൃത്തത്തിലാണെന്ന് മനസ്സിലാക്കണം. (തുടരും)

*(Absolute Justice , Kindness and Kinship. Three Creative Priciples* ***എന്ന പുസ്തകത്തിൽ നിന്ന്. വിവ: എ. എം)***



# ആദമിന്റെ ഏദൻ തോട്ടം

മനുഷ്യ സമൂഹത്തിന്റെ ആദിമ തലമുറയെ പ്രതിനിധീകരിക്കുന്ന ആദം നബി (അ)യുടെയും പ്രബോധിത ജനതയുടെയും ജിവിതകഥ മാനവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ പൂർത്തീകരിച്ച ആത്മീയ സുരഭിലമായ ഒരു ക്ഷേമസമൂഹത്തിന്റെ ലളിതമാതൃകയുടെ വിവരണമാണ്. ആദം താമസിച്ച ഈ സ്വർഗം സസ്യശ്യാമളമായ ഭൂമിയിൽ തന്നെയുള്ള ഒരു പ്രദേശമാണ്. അല്ലാതെ പരലോക സ്വർഗമല്ല.

മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

സെമിറ്റിക്ക് മതങ്ങളിൽ ചരിത്രപ്രാധാന്യത്തോടെ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ആദം (അ) ന്റെ ചരിത്രം. ബൈബിളും വിശുദ്ധ ഖുർആനും അൽപം ചില മാറ്റങ്ങളോടെയാണെങ്കിലും ആദമിന്റെ സൃഷ്ടിപ്പും ജീവ ചരിത്രവും വിവരിക്കുന്നുണ്ട്. ഖുർആൻ വിവരിക്കുന്ന പല ഭാഗങ്ങളും ആശയ സമ്പുഷ്ടവും സദൃശ്യ വചനങ്ങളാൽ അലംകൃത വുമാണ്. അവ യുക്തിഭദ്രമായ നിലയിൽ വ്യാഖ്യാനിക്കുമ്പോൾ മാത്രമാണ് അതിൽ അടങ്ങിയിരി ക്കുന്ന വിജ്ഞാന ലോകത്തിന്റെ കവാടങ്ങൾ തുറക്കപെടുന്നത്. ആദം നബി (അ) യുമായി ബന്ധപ്പെട്ടു കിടക്കുന്ന വിശുദ്ധ ഖുർആനിലെ പല സൂക്തങ്ങൾ, വിശ്വാസി സമൂഹങ്ങളിൽ പലപ്പോഴും രസകരവും വിജ്ഞാന പ്രദവുമായ ആശയ സംവാദങ്ങൾ ക്ക് പ്രമേയങ്ങളായിട്ടുണ്ട്. എങ്കി ലും, വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പൂർവ കാല പ്രവാചകന്മാരുടെ ചരിത്ര സാക്ഷ്യങ്ങളുടെ വിവരണങ്ങളിൽ നിന്നു വർത്തമാനകാല സമൂഹത്തി ന് എന്ത് പ്രയോജനമാണുള്ളതെന്ന് ഇനിയും വ്യക്തമാകേണ്ടിയിരിക്കു ന്നു. കാരണം അവയെല്ലാം കേവ ലം ഒരു കഥപോലെ വായിക്കുവാനു ള്ളതാണ് എന്ന് നമുക്ക് തീർച്ച യായും പറയാൻ സാധ്യമല്ല. ഗതകാല പ്രവാചകന്മാരുടെ ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ ഖുർആനിലെ ഓരോ വാക്കിലും വചനത്തിലും വിശ്വാ സികൾക്ക് ആത്മീയവും ധാർമിക വുമായ സംസ്കരണത്തിനും അഭിവൃദ്ധിക്കും അതുപോലെ ദൈവീക സാമീപ്യത്തിനും സഹായകമായ ഒരുപാട് ഉപദേശ പാഠങ്ങൾ ഗോപ്യമായ നിലയിൽ ഗൂഢാർഥ വചനങ്ങളിൽ പ്രതിപാദി ക്കപ്പെട്ടിരിക്കുന്നു. ഇത്തരം സൂക്ത ങ്ങളുടെ യുക്തി സഹമായ വിശദീ കരണങ്ങൾ മാനസികവും ആത്മീ യവുമായ ശുദ്ധി പ്രക്രിയയിലൂടെ ദൈവീക സാമീപ്യം കരസ്ഥമാക്കി യ വരിഷ്ഠ വ്യക്തിത്വങ്ങളുടെ മനസ്സിൽ മാത്രമേ വെളിപ്പെടുകയു ള്ളു. അറബി ഭാഷയിൽ നൈപു ണ്യം നേടിയതുകൊണ്ട് മാത്രം അത് കരസ്ഥമാവുകയില്ല.വിശുദ്ധ ഖുർആൻ പറയുന്നു, **'ലാ യമസ്സു ഹു ഇല്ലൽ മുത്തഹ്ഹറൂൻ'** അതായ ത് പരിശുദ്ധന്മാരല്ലാതെ അത് (വിശുദ്ധ ഖുർആൻ) സ്പർശിക്കുക യില്ല. ഇത് വിശുദ്ധ ഖുർആന്റെ സത്യതക്കുള്ള ശക്തമായ ഒരു തെളിവാകുന്നു. വിശുദ്ധ ഖുർആ ന്റെ അദ്ധ്യാപനങ്ങൾക്ക് മങ്ങലേൽ ക്കുമ്പോൾ ദൈവിക സവിധത്തിൽ നിന്നു വരുന്ന വരിഷ്ഠ വ്യക്തിത്വ ങ്ങളിലൂടെ അതിന്റെ ആശയ സംരക്ഷണത്തിനുള്ള സംവിധാന ങ്ങൾ അല്ലാഹു ഒരുക്കുന്നു. അല്ലാ ഹുവിൽ നിന്നുള്ള ഈ സംവിധാ നം ഇല്ലായിരുന്നെങ്കിൽ പ്രവാചക ചരിത്ര സംഭവങ്ങളെ വ്യാഖ്യാ നിച്ചുകൊണ്ട് ബൈബിളിന്റെയും മറ്റും പിൻബലത്തോടെ എഴുതപ്പെട്ട അബദ്ധജഡിലമായ വിവരണങ്ങൾ വായിച്ച് വിശ്വാസികളുടെ ആത്മീയ ത വരണ്ട് പോകുമായിരുന്നു. ഇസ്‌ലാമിലെ പരിഷ്കൃത വിഭാഗ ങ്ങളാണെന്നു വാദിക്കുന്നവരുടെ വ്യാഖ്യാനങ്ങളിൽ കാണപ്പെടുന്ന കഥാ രചനാ രീതിയിലൂടെ വിശുദ്ധ ഖുർആന്റെ മഹത്വവും മഹിത സ്ഥാനവും ഇപ്പോഴും അവമതി ക്കപെട്ടുക്കൊണ്ടിരിക്കുയാണെന്ന സത്യം തുറന്ന് പറയാതെ വയ്യ.

### വിശുദ്ധ ഖുർആനും അതിന്റെ വ്യാഖ്യാനരീതിയും

വിശുദ്ധ ഖുർആന്റെ ഏതെ ങ്കിലും ഒരു വാക്കിനോ വചനത്തി നോ അർഥം നൽകുമ്പോഴോ, അല്ലെങ്കിൽ അത് വ്യാഖ്യാനം ചെയ്യുമ്പോഴോ വിശുദ്ധ ഖുർആന്റെ അടിസ്ഥാന അർഥങ്ങൾക്കും ആശയങ്ങൾക്കും കടക വിരുദ്ധ മാകാൻ പാടുള്ളതല്ല. ഈ അടി സ്ഥാന തത്ത്വത്തിൽ നിന്ന് കൊണ്ട്

നാം വിശുദ്ധ ഖുർആന്റെ വചനങ്ങൾക്ക് അർഥം നൽകുമ്പോഴും വ്യാഖ്യാനിക്കമ്പോഴും മാത്രമേ വിശുദ്ധ ഖുർആന്റെ അത്ഭുതകരമായ ആശയ സമ്പുഷ്ടത വെളിപ്പെടുകയുള്ളൂ. വിശുദ്ധ ഖുർആനിൽ രണ്ട് തരത്തിലുള്ള വചനങ്ങൾ ഉണ്ട്. ഒന്ന് ഖണ്ഡിതമായ വചനങ്ങളും രണ്ട് സദൃശ്യ വചനങ്ങളും. ഖണ്ഡിതമായ വചനങ്ങൾ വിശുദ്ധ ഖുർആന്റെ അടിത്തറയാകുന്നു. ഖണ്ഡിതമായ വചനങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടാണ് സദൃശ്യ വചനങ്ങൾക്ക് വ്യാഖ്യാനം നൽകേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സദൃശ്യ വചനങ്ങൾ ഖണ്ഡിതമായ വചനങ്ങൾക്കനുസൃതമായിട്ടായിരിക്കണം വ്യാഖ്യാനിക്കേണ്ടത്. ഈ തത്ത്വത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് വിശുദ്ധ ഖുർആനെ വ്യാഖ്യാനിച്ചാൽ ഖുർആനിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ കണ്ടെത്തുന്നതാണ്. എന്നാൽ ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്ന് അവതരിച്ചതുകൊണ്ട് അതിൽ യാതൊരു വിധത്തിലുള്ള വൈരുദ്ധ്യങ്ങളും കണ്ടെത്താൻ നിങ്ങൾക്ക് സാധ്യമല്ലയെന്ന് വിശുദ്ധ ഖുർആൻ തന്നെ പറയുന്നു. എന്നാൽ ഈ തത്ത്വത്തെ പരിഗണിക്കാതെയും സൂക്തത്തിൽ പ്രയുക്തമായിട്ടുള്ള വാക്കുകളിൽ ചിന്തിക്കാതെയും വ്യാഖ്യാനിച്ചപ്പോഴാണ് പൂർവ വ്യാഖ്യാതാക്കൾ ആദമും അദ്ദേഹത്തിന്റെ അനുയായികളും മരണാനന്തരം സജ്ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിരിക്കുന്ന സ്വർഗത്തിൽ യഥാർഥത്തിൽ താമസിച്ചിരുന്നതെന്ന തരത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളത്.

## ആദമിന്റെ സ്വർഗം (ജന്നത്ത്)

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

***' ഖുൽനാ യാ ആദമു ഉസ്കുൻ അൻത്ത വ സൗജുക്കൽ ജന്നത്ത വ ഖുലാ മിൻഹാ റഗദൻ ഹൈസു ശിഅ്ത്തുമാ '*** അർഥം: നാം പറഞ്ഞു, ആദമേ, നീയും നിന്റെ പത്നിയും സ്വർഗത്തിൽ വസിച്ചുകൊള്ളുക. അവിടെ നിങ്ങൾ രണ്ട് പേരും ഇച്ഛിക്കുന്നിടത്തുനിന്നു സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. (2അൽ ബക്കറ.36)

ഈ സൂക്തത്തിൽ പറയുന്ന സ്വർഗം എന്നതിനു വിശുദ്ധ ഖുർആനിക വ്യാഖ്യാതാക്കൾ പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ഭൂരിപക്ഷ വ്യഖ്യാതാക്കളുടെയും അഭിപ്രായപ്രകാരം സജ്ജനങ്ങളായിട്ടുള്ളവർ മരണാനന്തരം എത്തിച്ചേരുന്ന സ്ഥലമായ ആ സ്വർഗം തന്നെയാണ് ഈ സൂക്തത്തിലും പ്രതിപാദിച്ചിട്ടുള്ളത് എന്നാണ്.എന്നാൽ മറ്റു ചിലരുടെ അഭിപ്രായ പ്രകാരം ഈ ഭൂമിയിലെ സ്വർഗ സമാനമായ സ്ഥലമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ്.

ബൈബിൾ ഇപ്രകാരം പറയുന്നു.

***'അനന്തരം യഹോവയായ ദൈവം കിഴക്കു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. (ഉൽപത്തി 2:8)'*** പിന്നെ ഉൽപത്തി 2:14 ൽ പറയുന്നു ഈ തോട്ടത്തെ ദജ്‌ല ഫുറാത്ത് (യൂഫ്രട്ടീസ്-ടൈഗ്രീസ്) എന്നീ നദികൾ സേചനം ചെയ്തുകൊണ്ട് ആ പ്രദേശത്തെ ചുറ്റുന്നു.

പ്രസ്തുത രണ്ട് നദികളും സേചനം ചെയ്ത്കൊണ്ടിരിക്കുന്ന ഭൂപ്രദേശം ഇന്നത്തെ ഇറാഖാണ്. ഈ ഭൂപ്രദേശത്തിന്റെ ചുറ്റു ഭാഗങ്ങൾ പുരാവസ്തു ഗവേഷകർ ഉൽഖനനം ചെയ്തപ്പോൾ ആ പ്രദേശം അത്യധികം പുരാതനമായ ഒരു നാഗരീകതയുടെ കളിതൊട്ടിലായിരുന്നുവെന്ന് തെളിയിക്കുന്ന അനേകം പുരാരേഖകളും വസ്തുക്കളും കണ്ടെത്തുകയുണ്ടായി. കൂടാതെ നൂഹ്(അ)ന്റെയും, ഇബ്റാഹിം(അ)ന്റെയും പ്രബോധന രംഗവും ഈ ഭൂപ്രദേശം തന്നെയായിരുന്നുവെന്നുള്ളതിനു അനേകം ചരിത്ര രേഖകളും സാക്ഷ്യം വഹിക്കുന്നുണ്ട്. യൂഫ്രട്ടീസ് ടൈഗ്രീസ് നദികളുടെ സംഗമ സ്ഥാനത്ത് സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ പുരാവസ്തു പര്യവേഷകർ നടത്തിയ ഉൽഖനനത്തിൽ നിന്നു കിട്ടിയ വസ്തുക്കൾ കാലഘട്ട നിർണയം ചെയ്തപ്പേൾ അവക്ക് ഈസാനബി (അ) യുടെ കാലത്തിനു മുവ്വായിരത്തി അഞ്ഞൂറ് വർഷങ്ങൾ പഴക്കമുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്.മറ്റു ചില ഗവേഷകർ പറയുന്നത് മുവ്വായിരത്തി അഞ്ഞൂറ് വർഷത്തേക്കാളും പഴക്കമുള്ള ഒരു നാഗരീകതയായിരുന്നു അവിടെയുണ്ടായിരുന്നതെന്നാണ്. ഏതായാലും അതി പൗരാണികമായ ഒരു നാഗരീകത അവിടെ നിലനിന്നിരുന്നുവെന്നുള്ളതിനു രണ്ട് അഭിപ്രായങ്ങളില്ല. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ, സമാധാനത്തിന്റെയും സമൃദ്ധിയുടെയും അടിത്തറയിൽ കെട്ടിപ്പടുത്ത സ്വർഗീയ സാമാനമായ ഒരു നാഗരിക ജീവിത വ്യവസ്ഥിതി ആദമിലൂടെ ഈ ഭൂപ്രദേശത്ത് അല്ലാഹു സ്ഥാപിച്ചിരുന്നുവെന്നു മനസ്സിലാകുന്നുണ്ട്.

1. ആദമിന്റെ പ്രവർത്തന മണ്ഡലം ഈ ഭൂമിയിൽ തന്നെയായിരുന്നു.

ഖുർആൻ പറയുന്നു

***'ഇന്നീ ജാഇലുൻ ഫിൽ അർളി ഖലീഫ '(അൽ ബഖറ -31)***

തീർച്ചയായും ഞാൻ ഭൂമിയിൽ ഖലീഫയെ നിയമിക്കാൻ പോവുകയാണ്.

അല്ലാഹു ആദമിനെ അവന്റെ പ്രതിനിധിയാക്കിക്കൊണ്ട് ഭൂമിയിലേക്കാണ് നിയോഗിച്ചിരുന്നത്. ഭൂമിയിൽ പ്രവർത്തിക്കേണ്ട ഒരാൾ മരണാനന്തരം സജ്ജനങ്ങൾ പ്രവേശിക്കേണ്ട സ്വർഗത്തിൽ താമസിച്ചിരുന്നുവെന്നു പറയുന്നത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതല്ല. സ്വർഗത്തിൽ താമസിച്ചുകൊണ്ട് എങ്ങനെയാണ് ഭൂമിയിൽ സംസ്കരണ പ്രചാരണ പരിപാടികൾക്ക് നേതൃത്വം നൽകിയതെന്ന് ചിന്തനീയമായ കാര്യമാണ്.

2. വിശുദ്ധ ഖുർആനിൽ സ്വർഗത്തെകുറിച്ച് അടിസ്ഥാനപരമായ ഒരു നിർദേശം, ഒരാൾ സ്വർഗത്തിൽ പ്രവേശി ച്ചുകഴിഞ്ഞാൽ പിന്നെ അയാൾ അതിൽ നിന്നു പുറത്താക്കപെടുകയില്ല എന്നാണ്. ഇതു സംബന്ധമായി ഖുർആൻ പറയുന്നു.

***' ലാ യമുസ്സുഹും ഫീഹാ നസ്ബുൻ വമാഹും മിൻഹാ ബിമുഖ്രിജീൻ '***

അവിടെ അവരെ ക്ഷീണം സ്പർശിക്കുകയില്ല. അവർ അവിടെ നിന്ന് പുറത്താക്കപ്പെടുന്നവരുമല്ല. (ഹിജർ–49)

മരണാനന്തരം സജ്ജനങ്ങൾ സ്വർഗത്തിൽ ഭൗതിക ശരീരത്തോടെ പ്രവേശിക്കുകയെന്നത് സംഭവ്യമല്ല. അതുപോലെ തന്നെ അതിൽ ഒരു പ്രാവശ്യം പ്രവേശിച്ചു കഴിഞ്ഞാൽ അവിടെ നിന്ന് പുറത്താക്കപെടുകയുമില്ലയെന്ന് ഈ ഖുർആനിക വചനം വ്യക്തമാക്കിതരുന്നു. എന്നാൽ ഖുർആൻ മറ്റൊരു സൂക്തത്തിൽ ആദമിനെയും അദ്ദേഹത്തിന്റെ ഇണയെയും സ്വർഗത്തിൽ നിന്ന് പുറത്താക്കിയെന്ന് പറയുന്നുണ്ട്. ആയതിനാൽ ആകാശീയമായ സ്വർഗമല്ല മറിച്ച് സ്വർഗത്തിനു സമാനമായ ഈ ഭൂമിയിൽ തന്നെയുള്ള ഒരു ഭൂപ്രദേശമാകാനേ സാധ്യതയുള്ളു. അതിനെ ആലങ്കാരിക ഭാഷയിൽ ജന്നത്ത് (സ്വർഗം) എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു.

3. ആദമും അദ്ദേഹത്തിന്റെ ഇണയും താമസിച്ചിരുന്ന സ്വർഗത്തിൽ ശൈത്താന്റെയും അവന്റെ സന്താനങ്ങളുടെയും സാന്നിദ്ധ്യമുണ്ടായിരുന്നതായി ഖുർആൻ പറയുന്നു. ഇവർ രണ്ട് പേരും അതായത് ആദമും ശൈത്താനും സ്വർഗത്തിൽ തന്നെയായിരുന്നുവെന്ന് മനസ്സിലാക്കേണ്ടിവരും. ഇത് യുക്തിക്കും ഖുർആന്റെ പാഠങ്ങൾക്കും നിരക്കാത്തകാര്യമാണ്.

നീയും നിന്റെ ഇണയും സ്വർഗത്തിൽ പ്രവേശിച്ചുക്കൊള്ളുക എന്ന ഖുർആനിക വചനത്തിൽ നിന്ന് മനസ്സിലാകുന്നത് ആദമും അദ്ദേഹത്തിന്റെ ഇണയും മറ്റെവിടേയോ ആയിരുന്നു താമസിച്ചിരുന്നതെന്നാണ്. അവിടെ നിന്ന് ദൈവീക വെളിപാട് പ്രകാരം വേറൊരു സ്ഥലത്തേക്ക് മാറി താമസിക്കാൻ അല്ലാഹു ആദമിനോട് നിർദേശിക്കുകയായിരുന്നു. ആത്മീയ ഭാഷയിൽ ഹിജറത്ത് (പാലായനം)ചെയ്യാൻ ആദമിനോട് അല്ലാഹു കൽപിച്ചതുമായിരിക്കാം.

4. പ്രസ്തുത സൂക്തത്തിൽ **'റഗദൻ'** എന്ന പദം പ്രയുക്തമായിട്ടുണ്ട്. അതിന്റെ ഭാഷാർഥം ജീവിക്കാൻ വേണ്ട ആവശ്യ വസ്തുക്കൾ വളരെ എളുപ്പത്തിൽ സുലഭമായി ലഭിക്കുകയെന്നതാണ്. ഈ വാക്ക് അന്ന് നിലനിന്നിരുന്ന നാഗരികതയുടെ പ്രത്യേകതയെയാണ് സൂചിപ്പിക്കുന്നത്.ഒരു നാഗരീകതയുടെ പ്രത്യേകതയെന്നു പറയുന്നത് അവിടത്തെ നഗരനിവാസികൾക്ക് ജീവിത സന്ധാരണത്തിനുള്ള ഭക്ഷണ പദാർഥങ്ങൾ സമൃദ്ധമായും, സുലഭമായും ലഭിച്ചുകൊണ്ടിരിക്കുകയെന്നതാണ്. ക്ഷേമപൂർണമായ നാഗരിക വ്യവസ്ഥിതി നിലനിന്നാൽ മാത്രമേ ഭക്ഷണ പദാർഥങ്ങളുടെ ഉത്പാദനവും സംഭരണവും അതിന്റെ സൂക്ഷിപ്പും യഥോചിതം സാധ്യമാവുകയുള്ളു. ഇതിന്റെ അഭാവത്തിൽ ഒരിക്കലും ഭക്ഷണ പദാർഥങ്ങളുടെ ഉത്പാദനമോ അതിന്റെ സംഭരണമോ സാധ്യമല്ല. അതുകൊണ്ട് ക്ഷാമാവസ്ഥ നേരിടുമ്പോൾ ജനങ്ങളുടെ ജീവൻ തന്നെ അപായപ്പെടുന്ന അപകടാവസ്ഥകൾ തരണം ചെയ്യേണ്ടിവരുന്നു. ഈ സൂക്തത്തിൽ സമ്പൽ സമൃദ്ധമായ ഒരു നാഗരീക ജീവിതത്തിന്റെ അടിസ്ഥാന പ്രത്യേകതകൾ എടുത്തുപറഞ്ഞിരിക്കുകയാണ്. അതായത് ജനങ്ങൾ ഒരുമിച്ച് ജീവിക്കുകയാണെങ്കിൽ ജീവിതത്തിനു ആവശ്യമായ ഭക്ഷണപദാർഥങ്ങൾ അനായാസം ഉത്പാദിപ്പിക്കാനും ഭാവിയിൽ സംഭരണികളിൽ സൂക്ഷിക്കുവാനും അങ്ങനെ ക്ഷാമാവസ്ഥ നേരിടുമ്പോൾ അത് ഉപയോഗിക്കുവാനും സാധിക്കുന്നതാണ്. യഥാർഥത്തിൽ ഭൂമിയിലെ സ്വർഗം ഇതുതന്നെയാണ്. ഖുർആനിലെ ത്വാഹ അദ്ധ്യായത്തിൽ ആദമിന്റെ സ്വർഗസമാനമായ നാഗരീക വ്യവസ്ഥിതിയെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു.

അപ്പോൾ നാം പറഞ്ഞു: ഓ ആദം, തീർച്ചയായും ഇവൻ (ശൈത്താൻ) നിന്റെയും നിന്റെ ഭാര്യയുടേയും ശത്രുവാണ്. അതുകൊണ്ട് ഇവൻ നിങ്ങൾ രണ്ടുപേരേയും ഈ (സ്വർഗത്തിൽ)തോട്ടത്തിൽ നിന്നു പുറത്താക്കാതിരിക്കട്ടെ. അങ്ങനെയാകുന്ന പക്ഷം നീ കഷ്ടപെട്ടുപോകും.

***'ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ. വ അന്നക്ക ലാ തള്മഊ ഫീഹാ വലാ തള്ഹാ,*** **അതായത്, തീർച്ചയായും നിനക്ക് അതിൽ (സ്വർഗത്തിൽ) വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതുമില്ല. തീർച്ചയായും നിനക്ക് അതിൽ ദാഹമുണ്ടാവുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കുകയില്ല.**

ഈ സൂക്തത്തിൽ ഒരു വ്യക്തിക്ക് ഈ ലോകത്ത് ജീവിക്കാൻ വേണ്ട അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, വെള്ളം, പാർപ്പിടം എന്നിവയെ പറ്റിയാണ് സൂചന നൽകിയിട്ടുള്ളത്. എന്നാൽ ഈ ആധുനിക യുഗത്തിൽ പുരോഗതിയുടെ കൊടുമുടി കൈയടക്കിയെന്ന് വാദിക്കുന്ന രാജ്യങ്ങൾക്കുപോലും അവരുടെ പ്രജകൾക്ക് ഈ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ലയെന്നത് ഒരു യാഥാർഥ്യമാണ്. ഇന്നും എത്രയെത്ര ദരിദ്ര കുടുംബങ്ങളാണ് തലചായ്ക്കാൻ വീടുകളില്ലാതെ കാലാവസ്ഥകളുടെ തീഷ്ണതകളെ അതിജീവിച്ച് കൊണ്ട് തെരുവോരങ്ങളിൽ കഴിഞ്ഞുകൂടുന്നത്. ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടുമ്പോൾ എത്രയെത്ര മനുഷ്യരാണ് വയറ് നിറയെ കഴിക്കാൻ ഭക്ഷണമില്ലാതെ മറ്റുള്ളവരുടെ എച്ചിൽ പാത്രങ്ങളെ

ആശ്രയിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ പ്രവാചകരാൽ സ്ഥാപിതമാകുന്ന സാമൂഹിക ജീവിത വ്യവസ്ഥിതിയിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾ എല്ലാ മനുഷ്യർക്കും ഒരുപോലെ കൈവരുന്നതാണ്.

പ്രവാചകൻമാരാൽ സ്ഥാപിതമാകുന്ന സാമൂഹിക വ്യവസ്ഥിതിയിൽ ധാർമികവും ആദ്ധ്യാത്മികവുമായ സംസ്കരണത്തോടൊപ്പം ഭൗതിക ജീവിത സന്തുലിതത്തിനും മുൻഗണ നൽകുന്നുണ്ട്. എന്നാൽ ആദമിന്റെ ചരിത്രത്തിൽ ശൈത്താന്റെ സാന്നിദ്ധ്യത്തെ ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു പ്രവാചകന്മാരാൽ സ്ഥാപിതമാകുന്ന സ്വർഗ സമാനമായ പുതിയ ജീവിത ക്രമത്തിലും ശൈത്താൻ കടന്നു കയറി അതിനെ നരക തുല്യമാക്കാൻ സാധ്യതയുണ്ട്. വിശ്വാസികളിൽ തന്നെ കപടതയുള്ളവരും അവിശ്വാസികളും പല മോഹന വാഗ്ദാനങ്ങൾ നൽകി അല്ലാഹുവിൽ നിന്നു കിട്ടിയ യഥാർഥ അദ്ധ്യാപനങ്ങളിൽ നിന്നു വിശ്വാസികളെ വഴിതെറ്റിക്കാൻ സാധ്യതയുണ്ട്.അങ്ങനെ വഴിതെറ്റിയാൽ അല്ലാഹു ആദമിനോട് പറഞ്ഞതുപോലെ നിങ്ങളും അല്ലാഹുവിന്റെ സാമീപ്യത്തിൽ നിന്നു ദൂരപെട്ടുപോകുന്നതു നിമിത്തം സുഖ സമൃദ്ധമായ ജീവിതം നഷ്ടപെട്ടുപോവുകയും തന്നിമിത്തം നിങ്ങൾ കഷ്ടപെട്ടു പോകുകയും ചെയ്യുന്നതാണ്.

ഇസ്ലാമിന്റെ ആദ്യ കാലഘട്ടത്തിലും ഈ അദ്ധ്യാപനമനുസരിച്ച് ഭരണ സംവിധാനം ക്രമപ്പെടുത്തിയതിന്റെ ഫലമായി ആ രാജ്യങ്ങളിലെ ഒരു ശിശുവിന് പോലും വിശപ്പും ദാഹവും സഹിക്കേണ്ടിവന്നിരുന്നില്ല. ഖുലഫാഉർറാശിദുകളുടെ കാലവും അതിനു ശേഷവും ഇത് നിലനിന്നിരുന്നു. എന്നാൽ കാലാന്തരേണ ഇസ്ലാമിക ധാർമികത അടിസ്ഥാനമാക്കിയുള്ള പൊതുഭരണ സംവിധാനത്തിൽ അപചയവും നിക്ഷിപ്ത താൽപര്യങ്ങളും കടന്നുകുടി. അതിനെ പുന:സ്ഥാപിക്കാനായി അല്ലാഹു ഹദ്റത്ത് അഹ്മദ് (അ)നെ അയക്കുകയുണ്ടായി. അദ്ദേഹത്തെ അല്ലാഹു ആദമെന്ന നാമത്തിൽ സംബോധന ചെയ്തു കൊണ്ട് സന്തോഷ വാർത്തകൾ നൽകിയിട്ടുമുണ്ട്. ഇസ്ലാമിലൂടെ ലോകത്ത് ആത്മീയതയെയും, ഭൗതികതയെയും സമന്വയിപ്പിച്ച് കൊണ്ട് സ്ഥാപിതമാകേണ്ട ശാശ്വതമായ ഭരണ സംവിധാനത്തിന്റെ അടിത്തറ അദ്ദേഹം ഇടുകയുണ്ടായി. അദ്ദേഹത്തിന്റെ ഗ്രന്ഥമായ അൽ വസിയ്യത്തിൽ ആത്മീയ ഭരണത്തിന്റെ സിരാകേന്ദ്രമായ ഖിലാഫത്ത് ഭരണ വ്യവസ്ഥിതിയെയും, പ്രജകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചെലവുകൾ നികത്തുന്നതിനായിട്ടുള്ള സാമ്പത്തിക സംവിധാനത്തേയും കുറിച്ചും വിശ്വസികൾക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്.ഈ ആഗോള ഭരണ വ്യവസ്ഥിതി സമ്പൂർണമായ രീതിയിൽ പൂർത്തീകരിക്കപെട്ടു കഴിഞ്ഞാൽ രാജ്യത്തിലെ ഒരു പ്രജക്ക് കിട്ടേണ്ട അടിസ്ഥാന ജീവിത വിഭവങ്ങൾ കൈവരുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ തിരുമനസ്സ് അൽ വസിയ്യത്ത് പദ്ധതിയുടെ സമ്പൂർത്തീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന അനുഗ്രഹങ്ങളെ കുറിച്ച് ഇപ്രകാരം പറയുന്നു.

**ഈവസിയ്യത്ത് വ്യവസ്ഥിതി പൂർത്തീകരിക്കപ്പെടുമ്പോൾ അതുമുഖേന ഇസ്ലാമിക പ്രചാരണം മാത്രമല്ല നിർവഹിക്കപ്പെടുന്നത് മറിച്ച് ഇസ്ലാമിന്റെ ലക്ഷ്യമനുസരിച്ച് ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതാണ്. ലോകത്ത് നിന്ന് സർവവിധ ബുദ്ധിമുട്ടുകളും വിഷമങ്ങളും ദൂരീകരിക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹു, അനാഥർക്ക് യാചിക്കേണ്ടിവരികയില്ല. വിധവകൾ ആരുടേയും മുന്നിൽ കൈനീട്ടേണ്ടിവരികയോ, ഒരു അത്താണിയുമില്ലാതെ വിഷമിച്ച് അലയേണ്ടിവരികയോ ചെയ്യില്ല. കാരണം ഈ വസിയ്യത്ത് കുട്ടികൾക്ക് മാതാവായിരിക്കും, യുവാക്കൾക്ക് പിതാവായിരിക്കും, സ്ത്രീകൾക്ക് ഭർത്താക്കന്മാരുടെ സ്ഥാനത്തായിരിക്കും. സ്നേഹത്തോടും ഹൃദയ സന്തോഷത്തോടും കൂടി യാതൊരു വിധ നിർബന്ധവുമില്ലാതെതന്നെ ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്. ഇതിന്റെ പ്രതിഫലം ഈ ലോകത്ത് കിട്ടാതെ വരികയില്ല. അല്ലാഹുവിൽ നിന്നു ഉത്തമമായ പ്രതിഫലം കൈവരിക്കുന്നതാണ്. പണക്കാരനും പാവപ്പെട്ടവനും നഷ്ട ത്തിലാവുകയില്ല. സമൂഹങ്ങൾ പരസ്പരം കലഹിക്കുകയില്ല. മറിച്ച് അതിന്റെ ഔദാര്യ ഗുണം മുഴുലോകത്തും വ്യാപിച്ചു നിൽക്കുന്നതാണ്.** (നവലോകക്രമം)

വാസ്തവത്തിൽ ആദമിനോടും, അദ്ദേഹത്തിന്റെ അനുചര സംഘത്തോടും സ്ഥിരമായി ജീവിക്കാൻ പറഞ്ഞ പ്രദേശത്ത് ആത്മീയ സംസ്കരണത്തിന്റെയും സമ്പൽ സമൃദ്ധിയുടെയും, ശാന്തി സാമാധാനത്തിന്റെയും സ്വർഗ സമാനമായ അവസ്ഥ അല്ലാഹു അവർക്ക് പ്രദാനം ചെയ്തിരുന്നു. അത് തന്നെയാണ് സ്വർഗമെന്നു പറയുന്നത്. നിസ്തുലമായ ദിവ്യാനുഗ്രഹം നിറഞ്ഞ മനുഷ്യ സമൂഹത്തിന്റെ ആത്മീയ സുരഭിലമായ ഈ ആദി സമൂഹം ലോകത്തുള്ള എല്ലാ ജനവർഗങ്ങളുടെയും മാതൃകാപരമായ പ്രാഗ്രൂപമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അഗാധമായ അർഥധ്വനിയോടെ ആദി പിതാവിന്റെ ആശയ സമ്പുഷ്ഠമായ ഈ ആദിമ ചരിത്രം വിവരിക്കുന്നത്. വിശ്വാസികൾക്ക് അവരുടെ സാമൂഹിക വ്യവസ്ഥ ശോഭനവും ക്ഷേപൂർണവുമാക്കി തീർക്കാനുള്ള മാതൃകാപരമായ ഒരു സാമുഹിക രൂപരേഖയും ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. ഇതുതന്നെയാണ് ആദമിന്റെ ജന്നത്തിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആൻ വിവരണത്തിന്റെ യഥാർഥ ഉദ്ദേശ്യവും.

ജോർദാൻ ഒരു ചരിത്ര ഭൂമി - 3

# പെട്രയിലേയ്ക്കുള്ള സഞ്ചാരവഴി

ചരിത്രത്തിന്റെ നിധികുംഭങ്ങൾ കാക്കുന്ന ജോർദാൻ ഭൂമിയിലൂടെ സഞ്ചാരിയുടെ യാത്ര.

എ. ക്യു. മഹ്ദി

പെട്രയ്ക്കു പോകും വഴിയുള്ള കുന്നിറങ്ങുമ്പോൾ താഴ്വര നഗരത്തിലെ മന്ദിരങ്ങൾ കാണാം. പെട്രാവാലിയുടെ പ്രാധാന്യം മനസ്സിലാക്കി ധാരാളം സഞ്ചാരികൾ ഇപ്പോൾ അവിടെ എത്തുന്നുണ്ട്. അവർക്കുവേണ്ട സൗകര്യങ്ങളൊരുക്കി സമീപനഗരങ്ങളും സമൃദ്ധിയിലേക്ക് വളരുകയാണ്. പെട്രാ നഗരത്തിന്റെ പുതിയഭാഗത്ത് ധാരാളം ഹോട്ടലുകളും റിസോർട്ടുകളുമെല്ലാം ഇപ്പോൾ ഉയർന്നു വരുന്നുണ്ട്.

പെട്രാ നഗരത്തിലേക്കുള്ള പ്രവേശനകവാടത്തിനരികെ മുസ്തഫ കാർ ഒതുക്കി നിർത്തി. ഇവിടെ നിന്നും രണ്ടര കിലോമീറ്റർ താഴെയാണ് പെട്രാ താഴ്വരയും പുരാതന നഗരവും. അവിടേയ്ക്കുള്ള ടിക്കറ്റും എടുത്തു കഴിഞ്ഞു. വളരെ വലിയ ടിക്കറ്റ് ചാർജ്ജാണ് ഈടാക്കുന്നത്. 21 ജോർദ്ദാനിയൻ ദിനാർ, ഏകദേശം 2000 ഇന്ത്യൻ രൂപ. കെയ്റോയിലെ മമ്മി മ്യൂസിയത്തിലാണ് എന്റെ ഓർമ്മയിൽ ഏറ്റവും വലിയ നിരക്കുള്ളതായി കണ്ടിട്ടുള്ളത് 800 രൂപ. 15 മിനിട്ട് സമയം മാത്രമേ മമ്മിഹാളിൽ ഈ 800 രൂപ നൽകിയാൽ തന്നെ അനുവദിക്കൂ. ഇവിടെ ചുട്ടുപൊള്ളുന്ന ചെമ്മണ്‍ താഴ്വാരത്തിലെ പുരാതന നഗര സന്ദർശനത്തിന് 2000 രൂപ കൊടുക്കേണ്ടി വരുന്നു. അതും, പൊള്ളുന്ന മണലിൽ ചവിട്ടി രണ്ടര കിലോമീറ്റർ നടന്നുപോകണം. വാഹനങ്ങൾ അനുവദിക്കുകയില്ല.

നഗരകവാടത്തിനടുത്ത് ചെറിയ ഒരു ഗസ്റ്റ് ഹൗസുണ്ട്. പെട്രായിലെ ശിലാനഗരം കാണുന്നതിനു മുമ്പ് അവിടത്തെ നിർമ്മിതിയുടെ തന്നെ ഭാഗമായ ഒരു കെട്ടിടവും നമുക്കു കാണാം.

പ്രാചീന കാലത്തെ ഒരു ശവക്കല്ലറയോട് ചേർന്നാണ് ഗസ്റ്റ് ഹൗസിന്റെ പുതിയ ഭാഗങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

2300 വർഷം മുമ്പ് പ്രതാപത്തോടെ നിലനിന്ന പെട്രാ നഗരത്തിലെ കുടീരങ്ങളുടെ ഇപ്പോഴത്തെ കൗതുകകരമായ രൂപവിതാനം ഞാൻ കണ്ടുനിന്നു. 'അൽഖാ ടവർ ടോപ്പ്' എന്നറിയപ്പെടുന്ന ശിലാനിർമ്മിതിയാകട്ടെ ഇന്നൊരു റസ്റ്ററന്റായി മാറിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ ഉള്ളിലും ഞാൻ കയറി. കട്ടികുറഞ്ഞ പാറ തുരന്നുണ്ടാക്കിയ വലിയൊരു ഹാൾ. ആ ഹാളിൽ നിന്നും പല തുരങ്കങ്ങളായി പിരിയുന്ന മുറികൾ. മുറികളൊക്കെ പാറതുരന്നു നിർമ്മിച്ചവയാണ്. മലയുടെ ഉള്ളിലെ ഇത്തരം വീടുകളിൽ പണ്ടുകാലത്ത് പെട്രായിലെ ഒരു വിഭാഗം ജനങ്ങൾ വസിച്ചിരുന്നു. മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതിനായി അൽപ്പം വലുതും മനോഹരവുമായ ഗുഹാകുടീരങ്ങൾ അന്നവർ അവിടെ നിർമ്മിച്ചുവച്ചു.

അൽഖാ ടവർ ടോപ്പിൽ ഒരു ബാർ പ്രവർത്തിക്കുന്നുണ്ട്. കൗണ്ടറിൽ വിവിധയിനം മദ്യങ്ങളും പൗരാണിക ചന്തമുള്ള സ്വർണ്ണം പൂശിയതാണെന്ന് തോന്നിപ്പിക്കുന്ന ഹുക്കകളും നിരത്തിവച്ചിട്ടുണ്ട്. ഇന്ത്യയിലെ അജന്ത എല്ലോറ കാഴ്ചകളിലേതുപോലുള്ള നിർമ്മിതികളാണ് കണ്ടതൊക്കെയും. ആയിരക്കണക്കിന് വർഷം മുമ്പു ജീവിച്ചിരുന്ന മനുഷ്യർ നിർമ്മിച്ചതാണ് ഇവയെന്നോർക്കണം. ഈ ആധുനിക കാലത്തും ഇത്തരം കൂറ്റൻ പാറകൾ തുരന്ന് ഗുഹാഗൃഹങ്ങൾ നിർമ്മിക്കുന്നതിന് കൂറ്റൻ യന്ത്രസാമഗ്രികൾ വേണ്ടിവരും.

അൽഖാ ടോപ്പിൽ നിന്നും പുറത്തിറങ്ങി പെട്രാവാലിയിലേക്കാണ് ഇനി പോകുന്നത്. അവിടെ ടിക്കറ്റ് ഏൽപ്പിച്ച് മെറ്റൽ ഡിറ്റക്ടറ്റർ കടന്നുവേണം താഴ്വാരത്തിലേക്കു പോകുവാൻ. മോട്ടോർവാഹനങ്ങൾക്ക് ഇതുവഴി പ്രവേശനമില്ല. കത്തുന്ന വെയിലിൽ നടക്കണം. അല്ലെങ്കിൽ ഒറ്റക്കുതിരയെ പൂട്ടിയ വണ്ടിയിൽ കയറി പോകാം. കുതിരവണ്ടി വളരെ പ്രാകൃതം. ഒരു ഭംഗിയുമില്ലെന്നതോ പോകട്ടെ, വൃത്തിപോലുമില്ല വണ്ടികൾക്ക്. ഇനി വണ്ടി വേണ്ടെങ്കിൽ കുതിരപ്പുറത്തു കയറിയും അവിടെയെത്താം. പലരും കുതിരപ്പുറത്ത് പോകുന്നുണ്ട്.

ഗേറ്റ് കടന്നെത്തിയ എന്റെയടുത്ത് കുതിരക്കാരും വണ്ടിക്കാരുമൊക്കെയായി കുറേപ്പേർ എത്തി. കുറേ സഞ്ചാരികൾ നടക്കുന്നുണ്ട്. എന്നാൽ നടന്നുപോകുന്നവരും തിരികെ കുതിരപ്പുറത്താണ്

മടങ്ങുന്നത്. രണ്ടര കിലോമീറ്റർ കൊടും വെയിലത്ത് പരിക്കൻ പ്രതലത്തിലൂടെ നടന്നവിടെയെത്തുമ്പോൾ തന്നെ ക്ഷീണിച്ചു തളർന്നു പോകുക സ്വാഭാവികം. അപ്പോൾ കുതിരയോ വണ്ടിയോ ആവും മടക്കത്തിനു ശരണം.

പ്രാകൃതമായ അറബി വേഷം ധരിച്ച ഒരാളുടെ കുതിരപ്പുറത്തു വിയർത്തു തളർന്ന് ഒരു പാശ്ചാത്യ യുവതി കടന്നുപോയി.

ഞാൻ നടക്കാൻ തന്നെ തീരുമാനിച്ചു. പുരാതനമായി ശിലാനഗരത്തിലെ ചുട്ടുപഴുത്തു കിടക്കുന്ന കൽവഴിയിലൂടെ ഞാൻ നടത്തം തുടർന്നു.

കുതിരയെമാത്രമല്ല താഴ്വാര സഞ്ചാരത്തിനു കഴുതകളെയും ഉപയോഗിക്കുന്നുണ്ട്. പൊതുജനം കഴുത എന്നു നാട്ടിൽ പറയാറുള്ള കഴുതയല്ല ഇവ, കോവർകഴുത. കഴുതപ്പെണ്ണിന് കുതിരച്ചെക്കനിലോ മറിച്ചോ ജനിക്കുന്ന ജാരസന്ധതികളെയാണ് കോവർ കഴുത എന്നു വിളിക്കുന്നത്. ഭാരം ചുമക്കുവാനുള്ള കഴുതയുടെ കഴിവും ശരാശരിയിൽ കൂടുതൽ വേഗത്തിൽ ചലിക്കാനുള്ള കുതിരയുടെ ശക്തിയും ഭാഗീകമായി മിശ്ര വിവാഹത്തിൽ ജനിക്കുന്ന ഈ കോവർക്കഴുതകൾക്കുണ്ട്.

ഒരു കഴുതക്കാരൻ ചങ്ങാതി എന്റെ പിറകേ കൂടി. അതിലൂടെയൊരു സഞ്ചാരം തീരെ വേണ്ടെന്നു വച്ചിട്ടും ഞാനാ ജന്തുവിനേയും കഴുതക്കാരനേയും സൂക്ഷിച്ചൊന്നു നോക്കുന്നതു കണ്ടപ്പോൾ അയാൾക്ക് ഒരു പ്രതീക്ഷയുണ്ടായതു പോലെ തോന്നി. വേണ്ടെന്ന് പറഞ്ഞിട്ടും ആ അറബിയുവാവ് എന്നെ വിടാൻ തയ്യാറല്ല. തന്റെ കഴുതപ്പുറത്ത് അൽപ്പദൂരം എന്നോടൊപ്പം സഞ്ചരിച്ച് ചില വാദങ്ങളൊക്കെ എന്റെ മുമ്പിൽ നിരത്തി അയാൾ. 5 കി.മീറ്റർ കൽവഴിയിലൂടെ വേച്ചുവേച്ചു നടക്കണം. പഴുത്തുകിടക്കുന്ന കല്ലിലൂടെ നടന്നാൽ നിങ്ങളുടെ കാൽപൊട്ടി രക്തമൊലിക്കും. പിന്നീടതു വ്രണമാകും. ദാഹജലം പോലും കിട്ടില്ല എന്നിങ്ങനെ പലതും. കേട്ടാൽ ഇവയൊക്കെ ആശങ്കപ്പെടുത്തുന്ന കാര്യങ്ങൾ തന്നെ. പക്ഷേ ഈ പേടിപ്പിക്കലുകൾക്കിടയിൽ ആ കഴുതക്കാരന്റെ കച്ചവട ബുദ്ധിയാണ് പ്രവർത്തിക്കുന്നതെന്നോർത്തു ഞാൻ ഒക്കെയും അവഗണിച്ചു മുന്നോട്ടു നടന്നു. തികഞ്ഞ ഇച്ഛാഭംഗത്തോടെ അയാളും പിൻവാങ്ങി.

ഇപ്പോൾ പെട്രയിലെ അതി പുരാതന നിർമ്മിതികൾ കണ്ടുതുടങ്ങി. ചുവപ്പും റോസ്സും നിറമുള്ള പാറകളിൽ കൊത്തിയുണ്ടാക്കിയ വലിയ കുടീരങ്ങൾ. രണ്ടായിരത്തിലേറെ വർഷങ്ങളിലായി പ്രകൃതിയുടെ എല്ലാ വെല്ലുവിളികളെയും അതിജീവിച്ചു നിൽക്കുകയാണ് ഈ അത്ഭുത നിർമ്മിതികൾ. ഡ്രെക്കീളിയം എന്നറിയപ്പെടുന്ന ഒരു ടവർ ടോമ്പും വശത്തുകണ്ടു. ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ നിർമ്മിച്ച ഈ കുടീരത്തിൽ നബറ്റിയൻ രാജകുടുംബത്തിലെ അഞ്ചംഗങ്ങളെ സംസ്കരിച്ചിട്ടുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഈജിപ്ഷ്യൻ പിരമിഡിന്റെ ആകൃതി പേറുന്ന ചില സ്തംഭങ്ങളും ഇവിടെയുണ്ട്. രാജകുടുംബത്തിലെ നാലു പ്രധാനികളുടെ സ്മരണയ്ക്കുള്ളതാണ് ഇവ. ആയിരം വർഷങ്ങളോളം ഈ കുടീരങ്ങൾ വിസ്മൃതിയിൽ ആണ്ടു കിടന്നു എന്നതാണ് അത്ഭുതകരമായ ഒരു വസ്തുത.

ആധുനിക കാലത്തെ സഞ്ചാരികൾക്ക് നിത്യവിസ്മയമാണ് പേട്രാവാലിയിലെ ശിലാകുടീരങ്ങൾ. നടപ്പാതയുടെ ഇരുവശത്തും ആയിരക്കണക്കിനുവർഷം പഴക്കമുള്ള ശവകുടീരങ്ങൾ പിന്നീടും കണ്ടു. മല തുരന്നുണ്ടാക്കിയ ഇത്തരം ശവക്കല്ലറകൾ പെട്രാ എന്ന പുരാതന നഗരത്തിൽ എവിടെയുമുണ്ട്.

വൈകുന്നേരമാണ്. പെട്രാ നഗരം സന്ദർശിച്ച് സഞ്ചാരികളൊക്കെ മടങ്ങുന്നു. അധികംപേരും കാൽനടക്കാർ തന്നെ. പാശ്ചാത്യദേശത്തുള്ളവരാണെന്നു തോന്നുന്നവരാണ് അവരിലധികവും. ഒരു പകലിന്റെ വെയിൽച്ചൂടിൽ പഴുത്തുകിടക്കുന്ന വഴിയിലൂടെ ഞാൻ മുന്നോട്ടു നടന്നു.

പാതയോരത്ത് പലയിടത്തും ഇനിയും സഞ്ചാരികളെത്തുന്നതും കാത്ത് കുതിരകൾ തലകുനിച്ചു നിൽക്കുന്നു. ഫാന്റം കഥയിലെ തലയോട്ടി ഗുഹയെ അനുസ്മരിപ്പിക്കുന്ന ഒരു മല വഴിയിൽ കണ്ടു. അതിനു കീഴെയുമുണ്ട് പഴയകാലത്തെ ശവക്കല്ലറകൾ.

ഇന്നത്തെ അദ്ധ്വാനം കഴിഞ്ഞ് മടങ്ങുന്ന അൽപ്പം വലിപ്പമുള്ള ഒരു കുതിരവണ്ടി വശത്തുകൂടി കടന്നു പോകുന്നു.

പ്രവേശന കവാടത്തിൽ നിന്നും രണ്ടരകിലോമീറ്റർ ദൂരമുണ്ട് പെട്ര എന്ന പുരാതന നഗരഭാഗത്തേക്ക്. പാതയുടെ ഇരുവശത്തുമുള്ള മലയുടെ കീഴെ രണ്ടായിരത്തിയഞ്ഞൂറിലേറെ വർഷം മുമ്പ് ഇവിടേ വസിച്ച മനുഷ്യർ കൊത്തിയുണ്ടാക്കിയ ഈ നിർമ്മിതികൾ, ആധുനിക ലോകത്തിന് അതിശയവും അത്ഭുതവും പകർന്നു നൽകുന്നു.

മലയുടെ കീഴ്ഭാഗത്തു കാണുന്ന പാത്തികൾക്കുമുണ്ട് അവയുടേതായ ചരിത്രം. പെട്രാ എന്ന രഹസ്യനഗരത്തിലേക്കു വിദൂരതയിലെ മലമുകളിൽ നിന്നും ശുദ്ധജലം ഒഴുക്കിക്കൊണ്ടു വന്നിരുന്നത് ഇതിലൂടെയായിരുന്നു. ആ ഇടുങ്ങിയ പാത ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. 1200 മീറ്റർ ഇടവഴിയിലൂടെ നടന്നാൽ പെട്രയിലെ ട്രഷറിയിലെത്താം.

ട്രഷറിയോ, എന്ന് അത്ഭുതപൂർവ്വം ചോദ്യം ഉയരാം. ആ വിവരം പിന്നാലെ പറയുന്നുണ്ട്.

ഒറ്റക്കുതിര വലിക്കുന്ന പഴഞ്ചൻ വണ്ടികൾ പിന്നെയും കടന്നു പോകുന്നുണ്ട്. പല വണ്ടികളുടെയും മേലാപ്പ് അതീവ ദയനീയമാണ്. ചാക്കുകളും, തുന്നിച്ചേർത്ത ടാർപ്പോളിൻ പീസുകളും കൊണ്ട്

മറച്ചവ. ഇവിടെ ഈ സ്ഥലത്ത്, ഈ പുരാതന നഗരഭാഗത്ത്, ആധുനികതയുടെ കെട്ടുകാഴ്ചയൊന്നുമില്ല.

ഇപ്പോൾ 6 പ്രാകൃത കുതിര വണ്ടികളാണ് സഞ്ചാരികളേയും കൊണ്ട് ഒരു ജാഥപോലെ കടന്നുപോയത്.

ആയിരക്കണക്കിന് വർഷം മുമ്പ് ഒരു ജനസമൂഹം ഈ വഴിയെ നടന്നിരുന്നു. പുറം ലോകത്തിന്റെ ശ്രദ്ധയിൽപെടാത്തവിധം, മലകളുടെ നടുവിൽ അവർ ഒരു നഗരം പടുത്തുയർത്തി. ആദ്യം അറബി ഇടയന്മാരുടെ ഗോത്രമായ നബറ്റിയൻമാർ. പിന്നെ പട നയിച്ചുവന്ന റോമാക്കാർ. നൂറ്റാണ്ടുകൾക്കു ശേഷം കുരിശുയുദ്ധക്കാർ. എല്ലാവരും പാറയിടുക്കിലെ ഈ വഴിയിലൂടെയാണ് പെട്രാനഗരത്തിൽ പ്രവേശിച്ചത്.

അൽപ്പം ദൂരെനിന്നു നോക്കിയാൽ, രണ്ടുവലിയ പാറകൾക്കിടയിലെ നേർത്തനിലയിൽ കീറിമുറിച്ച ഭാഗത്തുകൂടി ഒരാൾക്കുപോലും നടന്നുപോകാൻ കഴിയില്ല എന്നു തോന്നും. പക്ഷെ അടുത്തുചെല്ലുമ്പോഴാണ് അത് രണ്ട് കുതിരവണ്ടികൾക്ക് വശങ്ങളിലായി സഞ്ചരിക്കാൻ പാകത്തിൽ വീതിയുള്ള വിടവാണെന്ന് നാമറിയുക.

ഇടുങ്ങിയ പാറവിടവിലൂടെ കടന്നുപോകുന്ന ഈ വഴിയിലൂടെയും, വഴിചെന്നവസാനിക്കുന്ന പെട്രാ എന്ന നഗരത്തിന്റെയും ചരിത്രം ചികയുമ്പോൾ, വിസ്മയകരമായ അറിവുകളാണ് ലഭിക്കുന്നത്. ആൾത്തിരക്കില്ലാത്ത വഴിയിലൂടെ ജീൻസും പച്ച ടീ ഷർട്ടും ധരിച്ച് ഒരു കയ്യിൽ ചെറിയൊരു ബാഗും, മറു കയ്യിൽ ഊരിയെടുത്ത ഷൂവുകളും തൂക്കി നടക്കുന്ന ഒരു സായിപ്പിനു പിന്നാലെ ഞാനും നടന്നു. ഷൂ ധരിച്ച് കാലുപൊട്ടിയെന്നു തോന്നുന്നു. ഇപ്പോൾ മൂപ്പരുടെ കാലിൽ സോക്സുകൾ മാത്രം. യാത്രകളിൽ എപ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിത്. അൽപ്പദിവസം ഇട്ടു പഴകിയ, കാലിൽ തഴമ്പുണ്ടാക്കുന്ന കുമിളകൾ സൃഷ്ടിക്കാതിരിക്കാൻ, ധരിച്ചുശീലം വന്ന ഷൂവുകളാണ് കൊണ്ടുപോകേണ്ടത്. യാത്ര പോവുകയല്ലേ ഇന്നലെ വാങ്ങിയ പുത്തൻഷൂവും ധരിച്ചു പൊയ്ക്കളയാമെന്നു ധരിച്ച് ചിലരതു ചെയ്യാറുണ്ട്. വഴിയിൽ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ചില്ലറയൊന്നുമല്ല. പെട്രാ നഗരത്തിലെത്താനുള്ള ഈ വഴി പ്രകൃതി ദത്തമായ മലയിടുക്കിൽ രൂപംകൊണ്ട പാതയാണ്. ചിലയിടത്ത് മൂന്നും മറ്റു ചിലയിടത്ത് പരമാവധി പതിനഞ്ചും വരെ മീറ്ററാണ് പാതയുടെ വീതി. തീരെ വീതി കുറഞ്ഞ ഭാഗത്തെ ചുവന്ന പാറകൾ, ക്രിസ്തുവിന് മുമ്പ് ഒന്നാം നൂറ്റാണ്ടിൽ നബറ്റിയൻ ഗോത്രവർഗ്ഗക്കാർ വെട്ടിമാറ്റിയതാണ്. അക്കാലത്ത് നബറ്റിയന്മാരുടെ മതഘോഷയാത്രകൾ ഈ വഴിയിലൂടെ നീങ്ങിയിരുന്നതായി ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ആട്ടിൻ പറ്റത്തെ മേയ്ച്ച്, മണലാരണ്യത്തിൽ പച്ചത്തുരുത്തു തേടി അലഞ്ഞിരുന്ന അറബി ഗോത്രമാണ് നബറ്റിയൻമാർ. പക്ഷെ, പെട്രാ താഴ്വരയിലെ സുരക്ഷിതകേന്ദ്രം, അലഞ്ഞുതിരിയൽ അവസാനിപ്പിക്കുവാൻ അവരെ പ്രേരിപ്പിച്ചു. അങ്ങിനെ ഈ വഴിയിലൂടെ അവർ ഒരു നാഗരികതയെ കൊണ്ടുവന്നു. ഗിരിപാർശ്വങ്ങളിൽ മൺ വീടുകളുണ്ടാക്കി അവർ താമസമാക്കി. ബി.സി. ആറാം നൂറ്റാണ്ടുമുതൽ 700 വർഷക്കാലം ഈ പ്രദേശം നബറ്റിയൻ അറബികളുടെ വാസകേന്ദ്രമായിരുന്നു. നാടുനീങ്ങിയ നബറ്റിയൻ രാജാക്കന്മാർക്കും രാജ്ഞിമാർക്കും പ്രജകൾ അന്ത്യവിശ്രമസ്ഥാനമൊരുക്കിയത് ഈ ചുവന്ന മലകളുടെ ചെരുവിൽ നിർമ്മിച്ച കുടീരങ്ങളിലാണ്.

ഒരു കാലത്ത് സിറിയവരെ വ്യാപിച്ചുകിടന്ന വാണിജ്യ സാമ്രാജ്യത്തിന്റെ അധിപന്മാരായിരുന്നു നബറ്റിയന്മാർ. റോമിൽ നിന്നും പോമ്പിയും, ഹെറോഡും പടനയിച്ച് എത്തുംവരെ ആ പ്രതാപം നിലനിന്നിരുന്നു.

പെട്രയിൽ നിന്നും അവസാന സഞ്ചാരികളേയും വഹിച്ചെന്നോണം ചില കുതിരവണ്ടികൾ കടന്നുപോകുന്നുണ്ട്.

പുരാതന കുടീരങ്ങളുടെ അവശിഷ്ടങ്ങൾക്കരികിലൂടെ ഞാൻ മുന്നോട്ടുനടന്നു

മലയിടുക്കിലൂടെ താഴേക്കു പരന്നിറങ്ങിവരുന്ന വെയിൽ ചരിത്രം നടന്നുപോയ വഴിയിൽ വെളിച്ചം വിതറി വീണു കിടക്കുന്നു. (തുടരും)



പാലക്കാട് എം.പി. ശ്രീ വി.കെ ശ്രീകണ്ഠന് അഹ്മദിയ്യാ സാഹിത്യങ്ങൾ ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബ് സമ്മാനിക്കുന്നു. എം. താജുദ്ദീൻ, മൗലവി ഹംസ റിഷാൽ, യു. കബീർ പാലക്കാട് എന്നിവർ സമീപം

ഭാഗം – 4

# നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു

നവ നാസ്തികർ ആരംഭിച്ച യുക്തി വിചിന്തനങ്ങളും ധൈഷണിക സംവാദങ്ങളും പ്രപഞ്ചാസ്തിത്വത്തിന്റെ നിഗൂഢ യാഥാർത്ഥ്യങ്ങൾക്ക് യാതൊരു ഉത്തരവും നൽകുന്നില്ല. അയുക്തികമായ ദൈവനിഷേധത്തിന്റെ വൈകാരികത ഉത്തേജിപ്പിക്കാനുള്ള പൊള്ളയായ വാചക കസറത്തുകൾ മാത്രമാണതെല്ലാം.

**സബാഹത്ത് അലി രജ്പുത്, മിഷണറി, മെക്സിക്കോ**

പരിഭാഷ: താരിഖ് അലനല്ലൂർ

ഒരാൾ തന്റെ നാക്കിന്റെ മൂർച്ചയും, മനസ്സിലെ അഹംഭാവവും, ഹൃദയത്തിലെ വിദ്വേഷവും മറച്ചുവെച്ചുകൊണ്ട് ടൈ കെട്ടി, പുഞ്ചിരി തൂകി, വൃത്തിയായി ക്ഷൗരം ചെയ്തു നടന്നാൽ അത് 'സംസ്കാര'മാവുകയില്ല. ഒരു സ്യൂട്ടിട്ട വിഷസർപ്പത്തേക്കാൾ ഒട്ടും ഭേദമല്ലവൻ. എല്ലാ മനുഷ്യർക്കും അവരവരുടേതായ പവിത്രവും അമൂല്യവുമായ വിശ്വാസങ്ങളുണ്ട്. ഇത്തരം വിശ്വാസങ്ങൾ, പ്രത്യേകിച്ച് പൊതുമധ്യത്തിൽ, അവഹേളിക്കപ്പെടുമ്പോൾ വിദ്വേഷത്തിന്റെയും വേദനയുടെയും നീചവിത്തുകളാണ് വിതയ്ക്കപ്പെടുക. തുടർച്ചയായ ഇത്തരം അവഹേളനങ്ങൾ, ആ വിത്തിനെ മനസ്സിൽ ഉറപ്പിക്കുകയും, അതിന്റെ അപ്രതീക്ഷിത ശിഖരങ്ങൾ അവന്റെ ചിന്തകളെ കീഴടക്കുകയും ചെയ്യുന്നു. ഇത്തരം മുറിവുകൾ, രണ്ട് കൂട്ടരുടേയുമിടയിൽ വെറുപ്പിന്റെയും നിരാശയുടെയും ശൃംഖലാ പ്രതിപ്രവർത്തനത്തിന് (Chain Reaction) തുടക്കം കുറിക്കുകയും, പ്രതികാരത്തിനായി ഇരയെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മതചിന്തകൾ അനുഭവിക്കുന്നുവെന്ന് റിച്ചാർഡ് ഡാക്കിൻസ് (Richard Dawkins) വിശേഷിപ്പിക്കുന്ന, 'അനർഹമായ ആദരവി' (Undeserved Respect) നെ വിമർശിക്കാൻ അദ്ദേഹം തന്റെ 'മിഥ്യയായ ദൈവ' ത്തിലെ (The God Delusion) ഒരു ഭാഗം തന്നെ മാറ്റിവെച്ചിരിക്കുന്നു. അദ്ദേഹം എഴുതുന്നു:

'മതചിന്തകൾ യുക്തിയുക്തമായ ന്യായീകരണങ്ങളെ ആശ്രയിക്കുന്നില്ലായെന്നതിനാലാണ് ഇത്രയധികം ശക്തിയും പ്രസക്തിയും നേടിയത്. നാമെല്ലാം (നാസ്തികർ) നമ്മുടെ വാദഗതികളെ പ്രതിരോധിക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ, തന്റെ വിശ്വാസങ്ങളെ ന്യായീകരിക്കാൻ ഒരു വിശ്വാസിയോട് ആവശ്യപ്പെട്ടാൽ, അത് മതസ്വാതന്ത്രത്തിന്റെ ലംഘനമായി മാറുന്നു.'

ഇതിലെ ആദ്യവരി തന്നെ, ഇസ്ലാമിന്റെ ബൗദ്ധികസംവാദനിയമങ്ങളോട് കടകവിരുദ്ധമായാണ് നിലകൊള്ളുന്നത്. എല്ലാ മതങ്ങളും ഒരുപോലെയാണെന്ന് വരുത്തിത്തീർക്കാൻ ഡാക്കിൻസ് ഉപയോഗിക്കുന്ന അതിരുകടന്ന സ്വാതന്ത്ര്യം അതിശയകരം തന്നെ.

വിശ്വാസത്തിന്റെ മുന്നുപാധിയെന്നോണം യുക്തിന്യായം അത്യന്താപേക്ഷിതമാണെന്നാണ് ഇസ്ലാം പ്രസ്താവിക്കുന്നത്. കൂടാതെ, ഖുർആനികാധ്യാപനങ്ങളെ വ്യാഖ്യാനിക്കാൻ ഒട്ടനവധി യുക്തിന്യായങ്ങൾ വിശുദ്ധ ഖുർആൻ തന്നെ സമർപ്പിക്കുന്നു. വിശുദ്ധ ഖുർആനുമായി ഒരു ബൗദ്ധികസംവാദത്തിലേർപ്പെടാൻ ധൈര്യപ്പെടുന്നവരെ, ***'നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടുവരിക'*** (21:25) യെന്ന് പ്രസ്താവിച്ചുകൊണ്ട് ഖുർആൻ വെല്ലുവിളിക്കുകയും ചെയ്യുന്നു.

വിശ്വാസകാര്യങ്ങൾക്ക് യുക്തിയുടെ പിന്തുണ വേണമെന്നും, വിജ്ഞാനസംവാദങ്ങളിൽ ഒരാൾക്ക് തന്റെ വാദങ്ങളെ പ്രമാണീകരിക്കാനുള്ള പിൻബലമാവശ്യമുണ്ടെന്നും ഇസ്ലാം സമർത്ഥിക്കുന്നു. എന്തെല്ലാമായാലും ശരി, ഒരു വ്യക്തിയുടെ മതവിശ്വാസത്തെ പരസ്യമായി നിന്ദിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന ബാലിശമായ രീതി, വികലവും അപക്വവുമാണെന്ന് പറയാതെ വയ്യ. പുണ്യവ്യക്തികളെ പരിഹാസ കഥാപാത്രങ്ങളാക്കു

ന്ന പ്രവണത ഇതിനൊരുദാഹരണമാണ്. അവ സൽപ്രവൃത്തികളുടെയും ആദരവിന്റെയും തത്വങ്ങൾ ലംഘിക്കുമ്പോൾ, വിദ്വേഷജനകങ്ങളായി മാറുന്നു. കാരണം, ഇത്തരം ആദരവില്ലാത്ത പരാമർശങ്ങൾ തൂലികയിലും മഷിയിലും ഒതുങ്ങാതെ ഭൗതികാഘാതങ്ങൾക്ക് ഹേതുവാകുന്നു.

പലതരം വിശ്വാസമുള്ളവർ തമ്മിൽ എങ്ങനെ പെരുമാറേണമെന്നതിനെ സംബന്ധിച്ച് പ്രശസ്ത ബിബിസി റിപ്പോർട്ടർ ഇവാൻ ഡേവിസ് (Evan Davis), ഡോക്കിൻസിനോട് ഇങ്ങനെ ചോദിക്കുകയുണ്ടായി: 'ഈ മത്സരത്തിലെ നിയമങ്ങൾ എന്തെല്ലാമാണെന്നാണ് നിങ്ങൾ കരുതുന്നത്?' ഡാക്കിൻസ് ഇപ്രകാരം പറഞ്ഞു:

'നിങ്ങൾക്കിഷ്ടമുള്ളത് വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടാവണമെന്നതാണ് ഈ മത്സരത്തിലെ നിയമങ്ങളിലൊന്ന്. അത് തീർച്ചയായും ശരിയാണ്. എന്നാൽ, എന്റെ വിശ്വാസം ഞാൻ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ പാടുള്ളതല്ല. 'ഞങ്ങൾ വിശ്വസിക്കുക മാത്രമല്ല, നിങ്ങളുമിതിൽ വിശ്വസിക്കണം. ഇല്ലെങ്കിൽ...' എന്ന് പറയാൻ തനിക്ക് അധികാരമുണ്ടെന്ന് ഒരു ദൈവവിശ്വാസി നിനച്ചാൽ, അത് ജനാധിപത്യ നിയമങ്ങളുടെ കടുത്ത ലംഘനമാകുന്നു.'

ഫ്രാൻസിലെ ബുർഖാ നിരോധനത്തെപ്പറ്റി ചോദിച്ചപ്പോൾ ഡോക്കിൻസ് നൽകിയ മറുപടി ആശ്ചര്യകരമാണ്:'ഞാൻ ബുർഖാ നിരോധനത്തെ അനുകൂലിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യത്തിന്റെ ലംഘനമായാണ് ഞാനതിനെ കാണുന്നത്. എന്നാൽ, ഒരു വിടവ് മാത്രം വെച്ച് ബാക്കിയെല്ലാം ബുർഖയാൽ മറക്കുന്നവരെ കാണുമ്പോൾ, ഞാൻ സ്വയം അപമാനിതനായി പോകുന്നു. വ്യക്തിപരമായ അഭിപ്രായങ്ങൾക്ക് ഇതിലൊരു പ്രാധാന്യവുമില്ലെന്നതാണ് എന്റെ നിലപാട്. എന്റെ വിശ്വാസങ്ങളെ മറ്റുള്ളവർ പിന്തുടരേണ്ടതില്ല. ഈ നിലപാട് എല്ലാവർക്കും ബാധകമാണ്.'

വ്യക്തിസ്വാതന്ത്ര്യത്തിലൂന്നികൊണ്ട്, സ്ത്രീകൾക്ക് അവർ ഇഷ്ടപെട്ടത് ധരിക്കാനുള്ള അവകാശം നൽകുകയും, അതിനെ പക്ഷപാതത്തോടെ കാണാതിരിക്കുകയും ചെയ്യുന്ന ഡോക്കിൻസ് അഭിനന്ദനാർഹനാണ്. 'എന്റെ വിശ്വാസം ഞാൻ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാൻ പാടുള്ളതല്ല' യെന്ന് അദ്ദേഹം പറയുമ്പോൾ അത് തൃപ്തികരമായി തോന്നുന്നു. എന്നാൽ ആ വാക്കുകളെ പൊതുസമൂഹത്തിന്റെ ചിന്താധാരയിലേക്ക് വിട്ട്കൊടുക്കുമ്പോൾ, അവ അപ്രതീക്ഷിതങ്ങളായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കാം. എന്തെല്ലാമായാലും ശരി, സഹജീവികളുടെ വികാരവിചാരങ്ങൾക്ക് വലിയ പ്രാധാന്യം തന്നെയാണുള്ളത്.

മനുഷ്യർ തമ്മിൽ സമൂഹമധ്യത്തിൽ പരസ്പരം അവഹേളിക്കുന്നത് മൂലമുണ്ടാകുന്ന (പ്രത്യേകിച്ച് ഇസ്ലാമിന്റെ കാര്യത്തിൽ) വിനാശകരമായ ആഘാതങ്ങളെയും വിപത്തുകളെയും പറ്റി ഡോക്കിൻസ് അജ്ഞനാണെന്ന് വേണം കരുതാൻ.

'എന്റെ വിശ്വാസങ്ങളെ മറ്റുള്ളവർ പിന്തുടരേണ്ടതില്ല' യെന്ന പരാമർശത്തിലൂടെ, ഒരുപാട് സമസ്യകൾക്കുള്ള പരിഹാരമാണ് ആധുനിക നാസ്തികർ ലക്ഷ്യമിടുന്നത്. സഹജീവികളുടെ വികാരവിചാരങ്ങൾ മാനിക്കാത്തത് പല തലങ്ങളിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും, വിദ്വേഷകുറ്റകൃത്യങ്ങളിൽ തുടങ്ങി കൊലകളിലേക്ക് വരെ നയിക്കുകയും ചെയ്യുന്നതാണ്.

ഉദാഹരണമായി, സൈക്കോളജി ടുഡേ (Psychology Today) യുടെ പഠനപ്രകാരം, അമേരിക്കയിലെ മൂന്നിൽ രണ്ട് കൊലപാതകങ്ങളും, പൊതുമധ്യത്തിൽ അവഹേളിക്കപ്പെട്ട യുവാക്കളാൽ നടപ്പാക്കപ്പെട്ടവയാണ്. ആളുകളെ പരസ്യമായി അവഹേളിക്കുന്നതിലൂടെ ഒരുപാട് അക്രമങ്ങൾ രൂപപ്പെടുന്നുവെന്നാണ് കുറ്റശാസ്ത്രവിദഗ്ധരുടെ അഭിപ്രായം. 'അഭിമാനക്കൊലകളു' ടെ എണ്ണത്തിൽ വലിയ വർധനയാണ് കഴിഞ്ഞ വർഷങ്ങളിലുണ്ടായിട്ടുള്ളത്. മറ്റുള്ളവരുടെ മുന്നിൽ അപമാനിക്കപ്പെട്ടുവെന്ന തോന്നലിൽ നിന്ന് രൂപംകൊള്ളുന്ന രോഷം മൂലമാണ് ഈ യുവാക്കൾ കൊലപാതകികളായി മാറുന്നത്.

തെളിവുകളുടെ അഭാവമുള്ളതിനാൽ, മതാധ്യാപനങ്ങളെയും മതവികാരങ്ങളെയും മാനിക്കേണ്ടതില്ലെന്നാണ് ആധുനിക നാസ്തികരുടെ വാദം. അവരുടെ വാദം അവിടെയും ഒതുങ്ങുന്നില്ല. സർ ഇഖ്ബാൽ സക്രാനിയെന്ന (Sir Iqbal Sacranie) ഒരു മിതവാദിയായ മുസ്‌ലിമിനെ ആൻഡ്രൂ മുള്ളറെന്ന (Andrew Mueller) മാധ്യമപ്രവർത്തകൻ അഭിമുഖം നടത്തിയതിനെപ്പറ്റി ഡോക്കിൻസ് പരാമർശിക്കുന്നു. ഹസ്റത്ത് മുഹമ്മദ് മുസ്തഫ (സ) യെ മോശമായി ചിത്രീകരിച്ച ഡാനിഷ് കാർട്ടൂണുകളെക്കുറിച്ചായിരുന്നു (Danish Cartoons) ചർച്ച. 'മാതാപിതാക്കൾക്കും കുട്ടികൾക്കും നല്കപ്പെടുന്നതിനേക്കാൾ സ്ഥാനവും, ശ്രദ്ധയും, ആദരവും മുഹമ്മദ് (സ) ക്ക് നൽകപ്പെടുന്നു' വെന്ന സക്രാനിയുടെ പരാമർശത്തെ മുള്ളർ ഇപ്രകാരം തെറ്റിദ്ധരിക്കുന്നു:

'തങ്ങളുടെ മതമാണ് ഏകമാർഗവും, സത്യവും, പ്രകാശവും എന്ന് വിശ്വസിക്കുന്ന ഏതൊരു മതക്കാരനെയും പോലെ, തങ്ങളുടെ മതമൂല്യങ്ങളാണ് മറ്റെല്ലാത്തിനേക്കാളുമുപരി മികച്ചതെന്ന് മുസ്‌ലിങ്ങളും വിശ്വസിക്കുന്നു. ഏഴാം നൂറ്റാണ്ടിലെ ഒരു ഉപദേശകനെ സ്വന്തം കുടുംബത്തേക്കാൾ

ഒരുവൻ സ്നേഹിക്കുന്നുണ്ടെങ്കിൽ, അത് അവന്റെ മാത്രം കാര്യമാണ്. അതിനെ ഗൗരവമുള്ളതായി കണക്കാക്കേണ്ട ബാധ്യത മറ്റുള്ളവർക്കില്ല.'

ഒന്നാമതായി, ഇസ്ലാമിനോടുള്ള ആധുനിക നാസ്തികരുടെ സമീപനം അപക്വമായ മുൻവിധിയാൽ മലിനമാക്കപ്പെട്ടിരിക്കുന്നു എന്നതിന് ഉദാഹരണമാണ് ആൻഡ്രൂ മുള്ളറുടെ പ്രസ്താവന. ഇസ്ലാമിനെക്കുറിച്ച് ആധുനികനാസ്തികർ വെച്ച് പുലർത്തുന്ന വ്യർത്ഥമായ മുൻധാരണയാണ് 'തങ്ങളുടെ മതമൂല്യങ്ങളാണ് മറ്റെല്ലാത്തിനേക്കാളുമുപരി മികച്ചതെന്ന് മുസ്ലിങ്ങളും വിശ്വസിക്കുന്നു' എന്ന പരാമർശത്തിൽ നിന്ന് സ്പഷ്ടമാകുന്നത്. കാർട്ടൂണുകളാൽ മുസ്ലിങ്ങൾ വേദനിക്കപ്പെട്ടതിന്റെ കാരണങ്ങളിലേക്ക് ശ്രദ്ധയൂന്നാതെ, ഇസ്ലാമിനെക്കുറിച്ച് നുണപ്രചാരണം നടത്താനാണ് ഡോക്കിൻസ് ഈ അഭിമുഖത്തെപ്പറ്റി പരാമർശിക്കുന്നത്. വാദം മനുഷ്യാദരവിന്റെ അടിസ്ഥാനതത്ത്വങ്ങൾക്കെതിരാണ്. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ മറവിൽ, 200 കോടിയോളം മനുഷ്യർ പുണ്യാത്മാവായി കരുതുന്ന ഒരു വ്യക്തിയെപ്പറ്റി സ്വയം വിലകുറഞ്ഞ പരാമർശങ്ങൾ അഴിച്ചുവിടുന്നത്, ഒരു മാന്യവ്യക്തിയെ സംബന്ധിച്ച് അനുചിതവും ധിക്കാരപരവുമാണ്. അവ മനുഷ്യരാശിക്കിടയിൽ അപമാനത്തിനും നാണക്കേടിനും അക്രമത്തിനും ഹേതുവായേക്കാം. അതിനാൽ തന്നെ, കുഴപ്പത്തിന്റെയും കലാപത്തിന്റെയും അഗ്നിയെ ഊതിക്കത്തിക്കാനുതകുന്ന നയങ്ങൾ ഒഴിവാക്കപ്പെടേണ്ടത് തന്നെയാണ്. എന്നാലും, വിദ്വേഷം പരത്തുന്ന എഴുത്തുകൾക്കെതിരെ നടക്കുന്ന അക്രമങ്ങളെ ഇത് ന്യായീകരിക്കുന്നില്ല.

ദൈവനിഷേധിയായ ഒരുവനാൽ, നിങ്ങളുടെ മാതാവ് സമൂഹമധ്യത്തിൽ അവഹേളിക്കപ്പെട്ടാൽ, അതിൽ നിന്ന് മുഖം തിരിച്ചു കടന്നുകളയാൻ എത്ര പേർ തയ്യാറാകും? മുസ്ലിങ്ങൾ തങ്ങളുടെ മാതാക്കളെക്കാളേറെ പ്രവാചകനെ (സ) ബഹുമാനിക്കുന്നുവെന്നറിഞ്ഞിട്ടും, 'അതിനെ ഗൗരവമുള്ളതായി കണക്കാക്കേണ്ട ബാധ്യത മറ്റുള്ളവർക്കില്ല' എന്ന് നിർലജ്ജമായി പറഞ്ഞു നടക്കാൻ ഒരാൾക്കെങ്ങനെയാണ് സാധിക്കുക?

## ആശയവിനിമയത്തിലെ ഇസ്ലാമിക മര്യാദകൾ

സഹജീവികളോടുള്ള ധിക്കാരപരവും തരംതാണതുമായ പെരുമാറ്റങ്ങളെ ഇസ്ലാം ശക്തമായി എതിർക്കുക മാത്രമല്ല, വിനയത്തിന്റെയും മാന്യതയുടെയും സന്തുലനം കാഴ്ചവെക്കാനുള്ള ആഹ്വാനം നടത്തുകയും ചെയ്യുന്നു. നമുക്ക് ലഭിക്കണമെന്ന് നാം ആഗ്രഹിക്കുന്ന അതേ സ്നേഹം തന്നെ മറ്റുള്ളവർക്ക് നാം നല്കണമെന്ന് ഇസ്ലാം കൽപ്പിക്കുന്നു. ആരുടെ കൈകളിൽ നിന്നും നാവിൽ നിന്നുമാണോ മറ്റുള്ളവർ സുരക്ഷിതരായിട്ടുള്ളത്, അവരാണ് മുസ്ലിങ്ങൾ എന്നാണ് ആ മതം പഠിപ്പിക്കുന്നത്. മുസ്ലിങ്ങൾ തമ്മിലുള്ള ആശയവിനിമയം ആരംഭിക്കുന്നതുപോലും പരസ്പരം സമാധാനം നേർന്നുകൊണ്ടാണ് (അസ്സലാമു അലൈക്കും) എന്നതാണ് വാസ്തവം. മറ്റെന്ത് വിനിമയം ചെയ്യുപ്പെടുന്നതിനും മുമ്പായി സമാധാനം വിനിമയം ചെയ്യപ്പെടുന്നു. അത്തരം നന്മയാണ് മുസ്ലിങ്ങൾ തമ്മിൽ നിലനിൽക്കുന്നത്. ദയാവായ്പോട് കൂടി സംസാരിക്കുന്നതിനും, സഭ്യമായ ഭാഷ ഉപയോഗിക്കുന്നതിനും പ്രവാചകൻ എത്രമാത്രം വിലകൽപ്പിച്ചിരുന്നുവെന്നാൽ, അവ നരകശിക്ഷയിൽ നിന്ന് പോലും രക്ഷിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു.

'കലിമത്തിൻ ത്വയ്യിബത്തിൻ' (പരിശുദ്ധമായ വചനം ബാഹ്യവും ആന്തരികവുമായ രീതികളിൽ ഉപകാരപ്രദവും, വിദ്വേഷത്തിൽ നിന്നും പകയിൽ നിന്നും മുക്തമായതുമായ ഒരു പരിശുദ്ധ വാക്ക്) എന്ന പദത്തിലൂടെ, ഒരുപാട് കാര്യങ്ങൾ നബി തിരുമേനി (സ) പകർന്നു നൽകാൻ ഉദ്ദേശിച്ചിരിക്കുന്നു. ഈ പദത്തെ വളരെ സമഗ്രമായ രീതിയിലാണ് വിശുദ്ധ ഖുർആൻ ഉപയോഗിക്കുകയും വിവരിക്കുകയും ചെയ്തിട്ടുള്ളത്. പ്രഭാഷണം, സംഭാഷണം, സംവാദം എന്നിവ മാത്രമല്ല, ഏത് തരത്തിലുള്ള വിനിമയങ്ങളിലുമാവട്ടെ, ഒരു മുസ്ലിം അവലംബിക്കേണ്ട രീതിയെപ്പറ്റി മനസിലാക്കി തരാനുള്ള വീഥി വിശുദ്ധ ഖുർആൻ രൂപപ്പെടുത്തിയിരിക്കുന്നു. ഒരു പരിശുദ്ധ വചനത്തെ വിശുദ്ധ ഖുർആൻ ഇപ്രകാരം വിവരിക്കുന്നു:

***'അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നുവെന്ന് നീ കണ്ടില്ലേ. അതായത് ഒരു പരിശുദ്ധ വചനത്തെ ഒരു നല്ല വൃക്ഷത്തോട് ഉപമിച്ചിരിക്കുന്നത്. അതിന്റെ അടിവേര് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിൽ ഉയർന്നു നിൽക്കുന്നതും ആണ്. അതിന്റെ നാഥന്റെ കൽപ്പനപ്രകാരം അത് അതിന്റെ (പുതു) ഫലങ്ങൾ സദാ നൽകിക്കൊണ്ടിരിക്കുന്നു. മനുഷ്യർ ചിന്തിച്ചു ഗ്രഹിക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിക്കുന്നു.' (14: 25 –26)***

ഇത്തരം ഉന്നതമായ ഗുണങ്ങളോട് കൂടിയ ഒരു സംഭാഷണ രീതി സ്വീകരിക്കാൻ, ഉത്കൃഷ്ടനായ മനുഷ്യനെ ഈ വാക്കുകളിലൂടെ ഇസ്ലാം വിളിക്കുകയും, അതിനായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു. സത്യത്തിന്റെയും നിലനിൽക്കുന്ന നന്മയുടെയും മണ്ണിൽ ഉറപ്പിച്ചു നാട്ടിയ ജീവിതത്തിന്റെ വൃക്ഷമായി അത് മാറുന്നു. ഈ പ്രയോഗം പലകാരണങ്ങളാൽ മികച്ചതാണ്.

ഒന്നാമതായി, ഒരു വൃക്ഷത്തി

ന്റെ വേര് ഉപരിതലത്തിലുള്ള ജലത്തെ വലിച്ചെടുക്കുകയും, എതിർവ്യതിവ്യാപനത്തിലൂടെ (Reverse Osmosis) ഗുരുത്വമെന്ന (Gravity) പ്രകൃതിയുടെ വലിവിനെ മറികടന്നു കൊണ്ട് ജലത്തെ വൃക്ഷത്തിന് നൽകുകയും ചെയ്യുന്നു. ഏറ്റവും ആകർഷണീയവൃക്ഷങ്ങളായ ഓക്കും (Oak) സെഖോയയും (Sequoia) ഒരു ദിവസം കൊണ്ട് 500 ഗാലൺ (500 Gallons) ജലം വലിച്ചെടുക്കുന്നു.

എത്രമാത്രമെന്നാൽ, അവയിൽ നിന്ന് വരുന്ന വലിയ അളവിലുള്ള നീരാവി, സാന്ദ്രീകരണത്തിന് (Condensation) വിധേയമായി മഴ വർഷിക്കുകയും മുഴുവൻ വനസമ്പത്തിനും അനുഗ്രഹമായി മാറുകയും ചെയ്യുന്നു.

അതിനാൽ, ശുദ്ധനന്മയുടെയും സത്യത്തിന്റെയും ജലം വലിച്ചെടുക്കുന്ന തരത്തിലുള്ള സംഭാഷണങ്ങളെയാണ് ഇസ്‌ലാമിൽ 'പരിശുദ്ധമായ വചനം' കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒരു മനുഷ്യമനസ്സിന്റെ അടിമണ്ണ് പരിശുദ്ധമാണെങ്കിൽ, അയാളുടെ ചിന്തകളായി പുറത്തുവരുന്ന ജലവും പരിശുദ്ധമായിരിക്കും.

എന്നാൽ, മനുഷ്യാനുകമ്പയുടെയും പ്രപഞ്ചസ്നേഹത്തിന്റെയും ജലം ഒരാളുടെ ഹൃത്തിന്റെ അടിത്തട്ടിലില്ലെങ്കിൽ, അതവന്റെ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നതാണ്.

എതിർവ്യതിവ്യാപനമെന്ന സമർത്ഥമായ പ്രക്രിയയാണ് ഈ ഉദാഹരണത്തിന്റെ മറ്റൊരു ഗുണവിശേഷം. ഗുരുത്വം സ്വാഭാവികമായി ജലത്തെ താഴേക്ക് വലിക്കുകയും, എതിർവ്യതിവ്യാപനം മൂലകങ്ങളുമായി പോരാട്ടത്തിലേർപ്പെടുകയും, ഗുരുത്വത്തെ ഭേദിച്ച് ജലത്തെ മുകളിലേക്ക് വലിക്കുകയും ചെയ്യുന്നു. ഇത് പോലെത്തന്നെ, അനുകമ്പയുടെയും നന്മയുടെയും ജലത്തെ താഴേക്ക് വലിക്കുന്ന തന്റെ തന്നെ മൃഗതൃഷ്ണയുമായി പോരാടാൻ, ഒരു വിശ്വാസിക്ക് പരിശുദ്ധ വചനത്താൽ സാധിക്കുന്നു.

അതിനാൽ, പരിശുദ്ധ വചനത്തിന്റെ ആദ്യഗുണം മനുഷ്യഹൃത്തിന്റെ മണ്ണുമായും, സഹാനുഭൂതിയുടെയും ആദരവിന്റെയും ജലവുമായും ആന്തരികബന്ധത്തിലേർപ്പെട്ടിരിക്കുന്നു. കാരണം, ശ്രോതാവിന് ജീവൻ നൽകുന്ന രീതിയിലുള്ള, മനോഹരവും ഗുണപ്രദവുമായ സംഭാഷണത്തിന്റെ ഉദ്യാനത്തെ നനക്കുന്നത് ഈ ജലമാണ്.

രണ്ടാമതായി, ഒരു വിശ്വാസിയുടെ നീചപ്രകൃതമാകുന്ന ഗുരുത്വബലം, അവനെ എത്ര താഴേക്ക് വലിക്കാൻ ശ്രമിച്ചാലും, അതിനെതിരായി അവൻ തന്റെ അസാമാന്യസ്നേഹവും ഉന്മേഷവുമാകുന്ന ജലത്തെ മുകളിലേക്ക് വലിക്കുന്നു. ഒരു വൃക്ഷം ഗുരുത്വത്തെ ഭേദിക്കുന്നത് പോലെ.

വൃക്ഷത്തിന്റെ തടിയെ മണ്ണിൽ നാട്ടി നിർത്തുകയെന്നതാണ് വേരിന്റെ മൂന്നാമത്തെ ധർമം. വൃക്ഷത്തിന്റെ കർമത്തെയും പ്രവർത്തനത്തെയും വെല്ലുവിളിക്കുന്ന കൊടുങ്കാറ്റുകളെയും, മറ്റ് കാലാവസ്ഥ വ്യതിയാനങ്ങളെയും പ്രതിരോധിക്കാനും, അത് വഴി വൃക്ഷത്തെ പരിപാലിക്കാനും വേര് സഹായിക്കുന്നു.

അതിനാൽ, സത്യത്തിൽ ശക്തമായി ആഴ്ത്തപ്പെടുകയും, യുക്തിയുടെയും വിവേകത്തിന്റെയും സഹായത്തോടെ ക്രമത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുള്ള വേരാകുന്നു 'പരിശുദ്ധ വചനം'. വേര് ആഴ്ന്നിറങ്ങിയ മണ്ണ്, ചെളി നിറഞ്ഞതോ, ഓക്സിജന്റെയും ഈർപ്പത്തിന്റെയും അളവ് പ്രതികൂലമായതോ ആണെങ്കിൽ, ആ വൃക്ഷത്തിന്റെ വളർച്ച മുരടിക്കുകയും അതിന്റെ ശക്തിഘടന തകർക്കപ്പെടുകയും ചെയ്യുന്നു.

ഒരു വൃക്ഷത്തിന് ഓക്സിജനും പോഷകവുമെന്ന പോലെ, പരിശുദ്ധ വചനം സത്യമാകുന്ന മണ്ണിനെ അനുഭവിക്കുകയും, വളരുകയും പുഷ്ടിപ്പെടുകയും, യുക്തിയുടെയും ജ്ഞാനത്തിന്റെയും നിയമങ്ങളാൽ ക്രമീകരിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

## നവീനഭാഷണത്തിന്റെയും വിനിമയത്തിന്റെയും വനം

പരിശുദ്ധ വചനങ്ങളും പ്രഭാഷണങ്ങളും വിനിമയവും നിറഞ്ഞ ഒരു വനമായി ഉമ്മത്തിനെ മാറ്റിയെടുക്കാൻ, ഓരോ വിശ്വാസിയും 'ശജറത്തിൻ ത്വയ്യിബത്തിൻ' (ശുദ്ധവും ശ്രേഷ്ഠവും ആയ വൃക്ഷം) ആവണമെന്ന് ഇസ്‌ലാം നിർദ്ദേശിക്കുന്നു. വനത്തിലെ വൃക്ഷങ്ങൾ അവയുടെ തണലാൽ ഭൂമിയെ പൊതിയുന്നു. അതിനാലാണ് സ്വർഗത്തെ 'ജന്ന' അഥവാ തണുത്ത തണലാൽ മൂടപ്പെട്ട സ്ഥലമെന്ന് വിശേഷിപ്പിക്കുന്നത്. കാർബൺ ഡയോക്സൈഡിനേയും മറ്റു മലിനകാരികളെയും വലിച്ചെടുത്ത് ഓക്സിജനെ പുറന്തള്ളുന്ന വൃക്ഷത്തെപ്പോലെ, നിർദയ വാക്കുകൾ കേൾക്കുന്ന ഒരു വിശ്വാസി, ചൈതന്യമുള്ള വാക്കുകളാൽ അതിന് മറുപടി പറയുന്നു. അത് എതിരാളിയെ സത്യം ബോധ്യപ്പെടുത്തിക്കൊണ്ടാവാം. അല്ലെങ്കിൽ, അവന്റെ രീതികളിലെ അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ടാവാം. അതുമല്ലെങ്കിൽ, മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ നിന്ന് അവനെ പിന്തിരിപ്പിച്ചു കൊണ്ടുമാവാം.

വൃക്ഷം നമുക്ക് തേനും, സൗന്ദര്യവും, സുഗന്ധങ്ങളും പ്രദാനം ചെയ്യുന്നത് പോലെ, വിനിമയത്തിലും സംഭാഷണത്തിലും, വിഭവസമൃദ്ധവും ഹരിതാഭവുമായ നീതിവൃക്ഷങ്ങളായി മാറാനാണ് മുസ്‌ലിങ്ങൾ ആഹ്വാനം ചെയ്യപ്പെട്ടിട്ടുള്ളത്.

ഇത്രയും മഹദ് നിലവാരത്തിലുള്ള പാരസ്പര്യത്തിലേക്കാണ് ഇസ്‌ലാം മനുഷ്യനെ ക്ഷണിക്കുന്നത്. ഇസ്‌ലാമിക മര്യാദയുടെ പരമമായ ഗുണങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരുവൻ, വാക്കുകൾ ഉച്ചരിക്കുന്നതിനു മുൻപ് ഒരായിരം തവണ ചിന്തിക്കുന്നു.

ഇങ്ങനെ, ഇസ്‌ലാം മൗനത്തെ അധീനപ്പെടുത്തുകയും, വേദനാജനകവും നിരുപകാരപ്രദവുമായ വാക്കുകൾക്ക് മേൽ അതിനെ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പണ്ട് പറഞ്ഞുപോയതിനെപ്പറ്റി ഖേദിക്കുന്ന ഒരുവൻ, 'ചിലപ്പോളെല്ലാം മൗനം ദീക്ഷിക്കുകയാണ് ഉത്തമം' എന്ന അഭിപ്രായമുള്ളവനായിരിക്കും.

## കുലീനതയുടെ മഹനീയവൃക്ഷം അരങ്ങുവാഴുന്നു

പരിശുദ്ധമായ വാക്കിനെ പുണ്യവൃക്ഷത്തോട് ഉപമിക്കുന്നതിന്റെ ഏറ്റവും സ്പഷ്ടമായ ഉദാഹരണമാണ് ഇസ്‌ലാമിന്റെ പുണ്യപ്രവാചകരുടെ (സ) ജീവിതം. നന്മയുടെ മണ്ണും, സത്യത്തിൽ ആഴ്ത്തിയ വേരും, അവിടുത്തെ വചനങ്ങൾ നൽകിയ ജീവനുമെല്ലാം ഉൾപ്പെട്ട ശജറത്തിൻ ത്വയ്യിബത്തിന്റെ മനോഹരമായ ഒരുദാഹരണമാണ് താഴെയുള്ളത്.

ഒരിക്കൽ ഒരു മുസ്‌ലിം ഒരു ജൂതനോട്, മുഹമ്മദ് നബി (സ) ക്ക് മൂസ നബി (അ) യെക്കാൾ ശ്രേഷ്ഠതയുണ്ടെന്ന് പറഞ്ഞപ്പോൾ അയാൾ വേദനിക്കുകയും, ആ പ്രശ്നവുമായി മുഹമ്മദ് നബി (സ) യെ സമീപിക്കുകയും ചെയ്തു. ആധുനിക നാസ്തികരുടെ വാദത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ, അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരിൽ ഈ പ്രശ്നത്തെ നബി (സ) മാറ്റിനിർത്തുമായിരുന്നു.

അവരുടെ അഭിപ്രായത്തിൽ, മൂസ നബി (അ) യെക്കാൾ ശ്രേഷ്ഠത മുഹമ്മദ് നബി (സ) ക്കുണ്ടെന്ന് വാദിക്കാനുള്ള എല്ലാ അവകാശവും മുസ്‌ലിമിന് ഉണ്ടായിരുന്നു. എന്നിട്ടും, ദയയുടെയും അനുകമ്പയുടെയും ഉത്തമമാതൃകയായ നബി തിരുമേനി (സ), ആ ജൂതസഹോദരന്റെ വേദന തിരിച്ചറിഞ്ഞു. മനുഷ്യകുലത്തോടുള്ള നബി (സ) യുടെ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും സമ്മർദ്ദത്താൽ അവിടുന്ന് 'മൂസാ (അ) യെക്കാൾ മുൻഗണന എനിക്ക് നൽകരുത്' എന്ന് ആ മുസ്‌ലിം സഹോദരനെ ഉപദേശിക്കുകയുണ്ടായി.

നീതിയുടെ അടിസ്ഥാനനിലയിൽ നിന്നും ഉയർന്നുനിൽക്കുന്ന ആദർശത്തെ എപ്രകാരമാണ് ഇസ്‌ലാം പരിപോഷിപ്പിക്കുന്നത് എന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്. എല്ലാ തലത്തിലുമുള്ള ദയയും, മറ്റുള്ളവരുടെ വികാരങ്ങളെ ബഹുമാനിക്കലും ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ആദർശങ്ങളാണ്.

രണ്ടാമതായി, ജൂതസഹോദരൻ പരാതിയുമായി നബി (സ) യുടെ അടുത്തേക്ക് പോയതിൽ നിന്ന്, അവിടുന്ന് അതിരുകളില്ലാത്ത അനുകമ്പയുടെ വക്താവും, മറ്റുള്ളവരുടെ വേദന മനസിലാക്കുന്നയാളുമാണെന്ന് വ്യക്തമാകുന്നു. ഒരാളുടെ അഭിപ്രായസ്വാതന്ത്ര്യം മറ്റൊരാളുടെ പുണ്യപുരാതന വിശ്വാസങ്ങളുമായി സംഘട്ടനത്തിലേർപ്പെടുമ്പോൾ, അതിനെയെങ്ങനെ പരിഹരിക്കണമെന്ന കാലഹരണപ്പെടാത്ത പാഠമാണ് ഇത് ഇന്നത്തെ സ്വയം പ്രഖ്യാപിത യോഗ്യന്മാർക്ക് പകർന്നു നൽകുന്നത്.

വാസ്തവമെന്തെന്നാൽ, തന്റെ നോവിക്കപ്പെട്ട മതവികാരങ്ങളോട് സാന്ത്വനപരമായ സമീപനം ഉണ്ടാകുമെന്ന് അറിയുന്നതിനാലാണ് ജൂതസഹോദരൻ പ്രവാചകസമക്ഷത്തിലേക്ക് ചെല്ലുന്നത്. തന്റെ കാഴ്ചപ്പാടുകൾ പങ്കിടാത്തവരുടെ വിശ്വാസങ്ങളോട് പോലും പ്രവാചകനുണ്ടായിരുന്ന അനുകമ്പയും സ്നേഹവും ആദരവുമാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. മറ്റുള്ളവരെ നിസാരതയോടും വെറുപ്പോടും കൂടി നോക്കി കാണരുതെന്ന പാഠമാണ് ഇത് പ്രവാചകാനുയായികൾക്ക് നൽകുന്നത്. ഒരാൾ മറ്റൊരാളുടെ മതനേതാവിനെപ്പറ്റി അസ്വാസ്ഥജനകമായ പ്രസ്താവനകൾ നടത്തിയാൽ, ആ വ്യക്തിയോട് ക്ഷമ തേടുകയോ പ്രസ്താവന പിൻവലിക്കുകയോ ചെയ്യണമെന്ന പാഠം ഇതിനാൽ എല്ലാ കാലത്തുമുള്ള ജനങ്ങൾക്ക് നൽകപ്പെടുന്നു.

മറ്റൊരുവന്റെ മാതാവിനെപ്പറ്റി നിന്ദ്യവും അസംസ്കൃതവുമായ പ്രസ്താവന ഒരുവൻ നടത്തിയാൽ, അതിന് കുറഞ്ഞപക്ഷം ക്ഷമ ചോദിക്കുകയോ പ്രസ്താവന പിൻവലിക്കുകയോ ചെയ്യുന്നതല്ലേ സാമാന്യ മര്യാദ? അപ്പോൾ മാതാവിനേക്കാൾ ബഹുമാനത്തോടെയും മഹത്വത്തോടെയും പരിഗണിക്കപ്പെടുന്ന ഒരാളുടെ കാര്യമോ? എന്നാൽ പ്രശസ്തമായ ഡാനിഷ് കാർട്ടൂണുകളാൽ മുസ്‌ലിങ്ങൾ വേദനിക്കപ്പെട്ട വിഷയം വരുമ്പോൾ, ഡോക്കിൻസിനെപ്പോലുള്ള ആധുനിക നാസ്തികർ ഉദാസീനരും അലക്ഷ്യരുമായി മാറുന്നു. നിന്ദ്യമായ ഈ കാർട്ടൂണുകളാൽ മുസ്‌ലിങ്ങൾ അനുഭവിച്ച വേദനയെ വിശദീകരിച്ചു കൊണ്ട് ഡോക്കിൻസ് എഴുതുന്നു:

'പത്രത്തിൽ പുരണ്ട കുറച്ചു മഷിക്കു പുറമെ യാതൊരു അക്രമവും വേദനയും, ഈ 'മുറിവി'ലും 'ക്ലേശ'ത്തിലും അടങ്ങിയിട്ടില്ല.'

ഇസ്‌ലാമിനെതിരെ പുറപ്പെടുവിക്കുന്ന അധിക്ഷേപപരവും പ്രകോപനപരവുമായ പ്രകടനങ്ങളെ ന്യായീകരിക്കാനുള്ള ശ്രമത്തിൽ, ഡോക്കിൻസിനെപ്പോലുള്ള വിദ്വാന്മാർ എത്ര എളുപ്പത്തി

ശേഷം പേജ് 37 ൽ

ഭാഗം – 15

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഹദ്റത്ത് മൗലവി സാഹിബിന്റെ പുതിയ വിവാഹവും ബൈഅത്തും

ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പരിശ്രമ ഫലമായി ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബിന്റെ നിക്കാഹ് ലൂധിയാനയിലെ മർഹൂം സൂഫി അഹ്മദ് ജാൻ സാഹിബിന്റെ മകൾ സുഗ്റാ ബേഗം സാഹിബയുമായി തീരുമാനിക്കപ്പെട്ട കാര്യം നേരത്തെ പ്രസ്താവിച്ചിരുന്നുവല്ലോ. ഇതു ഹദ്റത്ത് മൗലവി സാഹിബിന്റെ മൂന്നാമത്തെ വിവാഹമായിരുന്നു. അദ്ദേഹത്തിന്റെ ആദ്യ ഭാര്യയിൽ ജനിച്ച അഞ്ചു ആൺമക്കൾ ചെറിയ പ്രായത്തിൽ തന്നെ മരണപ്പെട്ടിട്ടുണ്ടായിരുന്നു. പെൺമക്കളും ദീർഘായുസ്സു പ്രാപിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ രണ്ടാമത്തെ വിവാഹത്തിൽ ഒരു മകളാണുണ്ടായിരുന്നത്. ഇതൊക്കെ തന്നെ മൗലവി സാഹിബിന്റെ മനസ്സിനെ വളരെയധികം വ്യാകുലപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ കാര്യങ്ങളൊക്കെ മനസ്സിലാക്കിയതു കൊണ്ടാണു മൗലവി സാഹിബിനെ മറ്റൊരു വിവാഹത്തിനു കൂടി നിർബന്ധിച്ചതു. അങ്ങനെ സുഗ്റാബേഗം സാഹിബയുമായുള്ള നിക്കാഹ് 1889 ഫിബ്രവരിയിലും തുടർന്നു വിവാഹം മാർച്ചു ആദ്യവാരത്തിലും നടന്നു. ആ വിവാഹത്തിൽ പങ്കെടുക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദും (അ) കൂടെ ഹുസൂറിന്റെ ചില ശിഷ്യരും ലൂധിയാനയിൽ പോയിട്ടുണ്ടായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) മൗലവി സാഹിബിനു ഈ വിവാഹത്തെക്കുറിച്ചു നൽകിയ ആശ്വാസ വചനങ്ങൾ പോലെ തന്നെ ഈ വിവാഹം അല്ലാഹുവിന്റെ കാരുണ്യത്താൽ അനുഗൃഹീതവും സന്തോഷപ്രദവുമായിരുന്നു. ഈ ബന്ധത്തിൽ മൗലവി സാഹിബിനു ആറു ആൺമക്കളും ഒരു മകളും ജനിച്ചു. ഇതിൽ മൂന്നു ആൺമക്കൾ ചെറുപ്രായത്തിൽ മരിച്ചുപോയെങ്കിലും ബാക്കിയുള്ള മൂന്നു ആൺമക്കൾക്കും മകൾക്കും അല്ലാഹു ദീർഘായുസ്സു നൽകി അനുഗ്രഹിക്കുകയുണ്ടായി. മകളായ അമത്തുൽ ഹയ്യ് സാഹിബയെ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ് (റ) ആണു വിവാഹം ചെയ്തത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1888 ഡിസംബർ ഒന്നാം തിയ്യതി ബൈഅത്തു സംബന്ധമായ വിവരങ്ങൾ ഹരിത വിജ്ഞാപനത്തിലൂടെ വിളംബരം ചെയ്തിട്ടുണ്ടായിരുന്നു. അതിനു ശേഷം 1889 ജനുവരി 12ാം തിയ്യതി "തക്മീലെ തബ്‌ലീഗ്"എന്ന പേരിൽ ബൈഅത്തിന്റെ പത്തു നിബന്ധനകളും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പിന്നീട് ഹുസൂർ (അ) ലൂധിയാനയിൽ വരികയും മാർച്ചു 4-ാം തീയതി ബൈഅത്തിന്റെ പ്രയോജനങ്ങളും അതിന്റെ ആവശ്യകതയും വിവരിച്ചു കൊണ്ട് മറ്റൊരു വിജ്ഞാപനവും പ്രസിദ്ധികരിച്ചു. അതിനു ശേഷം മുഖ്‌ലിസീങ്ങളായ ശിഷ്യന്മാർ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം കത്തുകളയച്ചു കൊണ്ട് ബൈഅത്തു ചെയ്യാൻ ആഗ്രഹിക്കുന്നവർ മാർച്ചു 23-ാം തിയ്യതിക്കു മുമ്പു തന്നെ ലൂധിയാനയിൽ ഹദ്റത്ത് മുൻശി സൂഫി അഹ്മദ് ജാൻ സാഹിബിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ എത്തിച്ചേരാൻ അറിയിക്കുകയും ചെയ്തു. ഈ കെട്ടിടം വിഭജനത്തെ തുടർന്നു ജമാഅത്തിനു നഷ്ടമായെങ്കിലും പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിനു തന്നെ തിരിച്ചു കിട്ടി. ഇന്നു ആ കെട്ടിടം ദാറുൽ ബൈഅത്ത് എന്ന പേരിലാണ് അറിയപ്പെടുന്നത്.

1889 മാർച്ചു 23-ാം തിയ്യതി നിശ്ചയിക്കപ്പെട്ട പ്രകാരം രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ബൈഅത്തിനായി സഹോദരന്മാർ ലുധിയാനയിൽ ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിന്റെ കെട്ടിടത്തിൽ എത്തിച്ചേർന്നു. ബൈഅത്തിനായി തീരുമാനിക്കപ്പെട്ട മുറിയുടെ പുറത്തു ഹുസൂർ വിളിക്കുന്ന ആളുകളെ മാത്രം കടത്തി വിടുക എന്ന നിർദേശത്തോടെ ഹദ്റത്ത് ശേഖ് ഹാമിദ് അലി സാഹിബി (റ) നെ നിർത്തിയിട്ടുണ്ടായിരുന്നു. ആദ്യമായി ഹുസൂർ ഹദ്റത്ത് മൗലവി ഹക്കിം ഹാജി നൂറുദ്ദീൻ സാഹിബിനെയാണു അകത്തേയ്ക്കു വിളിച്ചത്. ബൈഅത്തു നടക്കുന്നതു എപ്പോഴായാലും തനിക്കു ആദ്യ അവസരം നൽകണമെന്നു ഹദ്റത്ത് മൗലവി സാഹിബ് വർഷങ്ങൾക്കു മുമ്പു തന്നെ ഹുസൂറിനോടു അപേക്ഷിച്ചിട്ടുണ്ടായിരുന്നുവല്ലോ.

തന്റെ ബൈഅത്ത് അനുഭവത്തെ കുറിച്ചു മൗലവി സാഹിബ് പറയുകയാണു. നബിമാർക്കു നൽകപ്പെടുന്ന സൂക്ഷ്മജ്ഞാനം ഒരിക്കലും മറ്റാർക്കും നൽകപ്പെടുന്നില്ല. എന്റെ ബൈഅത്തിന്റെ അവസരത്തിൽ ഹുസൂർ എന്റെ കണങ്കൈ അടക്കമാണ് പിടിച്ചതു. മറ്റുള്ളവരുടെ കൈ ഹസ്തദാനം ചെയ്യുമ്പോൾ പിടിക്കുന്നതു പോലെ മാത്രമേ പിടിച്ചിരുന്നുള്ളു. പിന്നീട് ദീർഘമായി ബൈഅത്തു വാചകങ്ങൾ ചൊല്ലി തന്നു. ആ പ്രത്യേകതകളൊന്നും എനിക്കന്നു മനസ്സിലായില്ല. പക്ഷേ, പിന്നീട് അതിന്റെ പൊരുൾ എനിക്കു ബോദ്ധ്യപ്പെട്ടു. ബൈഅത്തു പൂർത്തിയായപ്പോൾ ആ വാചകങ്ങൾ എനിക്കെഴുതി ത്തരാൻ ഹുസൂറിനോടു ഞാനപേക്ഷിച്ച പ്രകാരം ഹുസൂർ എനിക്കതു എഴുതി തന്നു. ആദ്യകാല ബൈഅത്തു വാചകങ്ങൾ ഇങ്ങനെയായിരുന്നു.

ഇന്നു അഹ്മദിന്റെ കൈയിൽ ബൈഅത്തു ചെയ്തു കൊണ്ടു അഖില പാപങ്ങളിൽനിന്നും എന്നിലുണ്ടായിരുന്ന സകല അഹിത സ്വഭാവങ്ങളിൽ നിന്നും തൗബ ചെയ്യുകയും സത്യഹൃദയത്തോടും ഉറച്ച തീരുമാനത്തോടും കൂടി ആയുസ്സിന്റെ അവസാന നാൾ വരെ എന്റെ കഴിവും അറിവുമനുസരിച്ചു എല്ലാ പാപങ്ങളിൽ നിന്നും അധർമങ്ങളിൽ നിന്നും അകന്നും സൂക്ഷിച്ചും ജീവിക്കുന്നതാണെന്നു പ്രതിജ്ഞ ചെയ്തു കൊള്ളുന്നു. ഭൗതിക സുഖസൗകര്യങ്ങൾക്കും നഫ്സിന്റെ ഇച്ഛയ്ക്കും മോഹങ്ങൾക്കും വില കൽപിക്കാതെ ദീനിനെ ദുനിയാവിനേക്കാൾ മുന്തിക്കുകയും ചെയ്യുന്നതാണ്. അതോടൊപ്പം ജനുവരി 12ാം തിയ്യതി പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ബൈഅത്തിന്റെ പത്തു നിബന്ധനകൾ കഴിവിന്റെ പരമാവധി പാലിക്കുകയും ചെയ്യുന്നതാണ്. എന്റെ കഴിഞ്ഞുപോയ പാപങ്ങളെ ചൊല്ലി ഞാൻ അല്ലാഹുവിനോടു മാപ്പപേക്ഷിക്കുകയും ചെയ്യുന്നു. ഇതിനു ശേഷം അറബിയിലുള്ള ദുആകളായിരുന്നു മസീഹ് മൗഊദ് (അ) ചൊല്ലിക്കൊടുത്തിരുന്നത്.

അന്നവിടെ ലൂധിയാനയിൽ ഒന്നാം ദിവസം നാൽപതു പേർ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കൈയിൽ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. പുരുഷന്മാരിൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനു ആദ്യം ബൈഅത്തു ചെയ്യാൻ ഭാഗ്യം ലഭിച്ചതു പോലെ സ്ത്രീകളിൽ ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിന്റെ മകളും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ നവ വധുവുമായ ഹദ്റത്ത് സുഗറാ ബേഗം സാഹിബയ്ക്കായിരുന്നു ആ ഭാഗ്യം ലഭിച്ചത്. ബൈഅത്തിനായി തെരഞ്ഞെടുത്തതു നാലു വർഷം മുമ്പുഅന്തരിച്ച സൂഫി അഹ്മദ്ജാൻ സാഹിബിന്റെ വീടായിരുന്നുവല്ലോ. ഇതെല്ലാം കാണിക്കുന്നതു ഹദ്റത്ത് മസീഹ് മൗഊദി(അ)നു ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിനോടുണ്ടായിരുന്ന അതിരറ്റ സ്നേഹവും ആദരവുമായിരുന്നു. അദ്ദേഹം ബൈഅത്തു ചെയ്യാൻ നേരത്തെ ഒരുക്കമായിരുന്നുവെങ്കിലും അന്നു ബൈഅത്തിനുള്ള സമയമായിരുന്നില്ല. എന്നിട്ടും ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ കൈയിൽ ബാഹ്യമായി ബൈഅത്തു ചെയ്യാത്ത ഹദ്റത്ത് അഹ്മദ് ജാൻ സാഹിബിന്റെ പേര് 313 സഹാബാക്കളുടെ പട്ടികയിൽ 99-ാമത്തെ പേരായി ചേർത്തിട്ടുണ്ട്. അതിൽ നിന്നും മസീഹ് മൗഊദി(അ)ന്റെ ദൃഷ്ടിയിൽ അദ്ദേഹത്തിനുള്ള സ്ഥാനം എത്ര വലുതാണെന്നു നമുക്കു മനസ്സിലാക്കാം. അതിനാൽ മർഹൂം മുൻശി സൂഫി അഹ്മദ് ജാൻ സാഹിബി (റ) നെ കുറിച്ചു ചെറിയൊരു വിവരണം ഇതോടൊപ്പം ചേർക്കുന്നു.

## ഹദ്റത്ത് മുൻശി സൂഫി അഹ്മദ് ജാൻ സാഹിബ് (റ)

ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബ് ഡൽഹി നിവാസിയായിരുന്നു. 1857 നു ശേഷമാണു അദ്ദേഹം തന്റെ സ്ഥിര താമസത്തിന്നായി ലൂധിയാനയിൽ എത്തുന്നത്. അദ്ദേഹം ധാരാളം ശിഷ്യന്മാരുള്ള വലിയൊരു ജമാഅത്തിന്റെ ആത്മീയ ഗുരുവും വളരെ പുകൾപെറ്റ ഭക്തനുമായിരുന്നു. തുണിക്കച്ചവടമായിരുന്നു യഥാർഥ തൊഴിൽ. അല്ലാഹുവിന്റെ മാർഗം തേടി ദീൻപഠിക്കാനായി വരുന്നവരെ അതിനായി അദ്ദേഹം സഹായിച്ചിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യരും നീതിയും ധർമവുമനുസരിച്ചു നേർമാർഗത്തിൽ ചരിക്കുന്നവരും റസൂൽ കരീ (സ)മിന്റെ സുന്നത്തിനെ മുറുകെ പിടിക്കുന്നവരുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദിന്റെ (അ) വിശ്വപ്രസിദ്ധ ഗ്രന്ഥമായ "ബറാഹീനെ അഹ്മദിയ്യാ" പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ അതിന്റെ മൂന്നുവാള്യങ്ങളും വായിച്ച ശേഷം അദ്ദേഹം ഗ്രന്ഥത്തേയും ഗ്രന്ഥകർത്താവിനേയും വളരെയധികം പുകഴ്ത്തി റിവ്യു എഴുതി പ്രസിദ്ധികരിച്ചിരുന്നു. ആ റിവ്യുവിൽ ഒരു ഉറുദു ഈരടിയിലൂടെ മസീഹ് മൗഊദിനെ (അ)

സംബോധന ചെയ്തു കൊണ്ട് അദ്ദേഹം പറയുകയാണു

*ഹം മരീസോ കി ഹെ തും ഹീ പെ നിഗാഹ് തും മസീഹാ ബനോ ഖുദാ കേലിയെ*

ആത്മീയരോഗികളായ ഞങ്ങ ൾ പ്രതീക്ഷയോടെ അങ്ങയെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങു അല്ലാഹുവിന്നായി മസീഹ് ആയിത്തീർന്നാലും.

പിന്നീട് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദു(അ)മായി എഴു ത്തിലൂടെ ആത്മാർഥ സ്നേഹവും ഭക്തിയും അതിരറ്റ ആദരവും പ്രകടിപ്പിച്ചു കൊണ്ടിരുന്നു. 1884ൽ അദ്ദേഹത്തിന്റേയും മീർ അബ്ബാസ് അലി സാഹിബിന്റേയും മസീഹ് മൗഊദി(അ)നെ വളരെ ആരാധന യോടെ നോക്കി കണ്ടിരുന്ന മറ്റു ചില ഭക്തദാസരുടേയും നിരന്തര മായ ആഗ്രഹ പ്രകാരം ഹദ്റത്ത് മസീഹ് മൗഊദ് (അ) ലുധിയാന യിൽ സൂഫി അഹ്മദ് ജാൻ സാഹിബിന്റെ അടുക്കലേയ്ക്കു യാത്ര ചെയ്തിട്ടുണ്ടായിരുന്നു. സൂഫി സാഹിബുമായുള്ള ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ആദ്യ കൂടിക്കാഴ്ചയായിരുന്നു അത്. "ബറാഹീനെ അഹ്മദിയാ" യിലൂടെ തന്നെ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) ന്റെ ഉന്നതമായ ആത്മീയ സ്ഥാനം മനസ്സിലാക്കിയിരുന്നുവെങ്കിലും നേരിട്ടു കണ്ടപ്പോൾ തന്റെ നിഗമനം തികച്ചും ശരിയായിരുന്നുവെന്നു സൂഫി സാഹിബിനു ഒന്നു കൂടി ബോദ്ധ്യമായി.

ആ പ്രഥമ കൂടിക്കാഴ്ചയിൽ തന്നെ ഹദ്റത്ത് സൂഫി സാഹിബി നു അല്ലാഹു നൽകിയ സൂക്ഷ്മ ജ്ഞാനത്തിലൂടെയും ആത്മീയ മായ ദീർഘ വീക്ഷണത്തിലൂടേയും മുസ്‌ലിം ലോകം പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഇമാം മഹ്ദി ഈപുണ്യാത്മാവു തന്നെയാണെ ന്നു അദ്ദേഹം ഉറപ്പിച്ചിരുന്നു. അതിനാൽ നുറുക്കണക്കായ തന്റെ ശിഷ്യരോടൊപ്പം തങ്ങളുടെ ബൈഅത്തു സ്വീകരിക്കണമെന്നു ഹുസൂറിനോടു അദ്ദേഹം അപേക്ഷി ച്ചു. അതിനു മറുപടിയായി ഹുസൂർ, ബൈഅത്തു സ്വീകരി ക്കാൻ താൻ അല്ലാഹുവിൽ നിന്നും കൽപിക്കപ്പെട്ടിട്ടില്ലെന്നു അറിയിക്കു കയാണു ചെയ്തതു. ഈ സംഭവ ത്തിനു ശേഷം അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കാൻ വരുന്നവ രോടു, സൂര്യൻ ഉദിച്ചിരിക്കുന്നു ഇനി നക്ഷത്രങ്ങൾക്കെന്തു കാര്യം നിങ്ങൾ ഹദ്റത്ത് സാഹിബിന്റെ അടുക്കൽ ഖാദിയാനിൽ ചെന്നു ബൈഅത്തു ചെയ്യുവിൻ എന്നദ്ദേ ഹം പറയാറുണ്ടായിരുന്നു. ഹദ്റത്ത് സൂഫി സാഹിബ് (റ) ഹദ്റത്ത് മസീഹ് മൗഊദി(അ) നോടു കാണിക്കുന്ന അകമഴിഞ്ഞ ഭക്തി യും ആദരവും അദ്ദേഹത്തിന്റെ ചില ശിഷ്യന്മാർക്കു തീരെ ഇഷ്ട മല്ലായിരുന്നു. ഇതു താങ്കളുടെ സ്ഥാനത്തിനും അന്തസ്സിനും യോജിച്ചതല്ലെന്നവർ അദ്ദേഹത്തെ ഓർമപ്പെടുത്താറുണ്ടായിരുന്നു. അതിനു മറുപടിയായി എനിക്കു നിങ്ങളുടെ ശിഷ്യത്വമോ അതു മുഖേനയുള്ള ആദരവിന്റേയോ യാതൊരാവശ്യവുമില്ലെന്നു അദ്ദേ ഹം അവരേയും ഉണർത്തിക്കൊ ണ്ടിരുന്നു. ഈ കാരണത്താൽ അദ്ദേഹത്തിന്റെ ശിഷ്യരിൽ ചിലർ അദ്ദേഹത്തിൽ നിന്നു അകലുക യും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ അചഞ്ചലനായി താൻ മനസ്സിലാക്കിയ അല്ലെങ്കിൽ കണ്ടെ ത്തിയ വസ്തുതയിൽ അദ്ദേഹം ഉറച്ചു നിന്നു.

1885 ന്റെ ആരംഭത്തിൽ ഹദ്റ ത്ത് സൂഫി അഹ്മദ് ജാൻ സാഹിബ് (റ) ഹജ്ജിനു പോകുന്നതിനുള്ള അനുവാദത്തിനായി ഹദ്റത്ത് മസീഹ് മൗഊദി (അ) നു ഒരു കത്തയച്ചു. അദ്ദേഹത്തിന്റെ മകൻ ഇഫ്തിഖാർ അഹ്മദ് സാഹിബും മറ്റു ഇരുപത്തിരണ്ടു ശിഷ്യന്മാരു മാണു ഹജ്ജ് യാത്രക്കായി ഒരുങ്ങിയതു. വളരെ വികാര നിർഭരമായ പ്രസ്തുത കത്തിൽ അദ്ദേഹം എഴുതുകയാണു ഈ വിനീതൻ സ്വയം മനസ്സു കൊണ്ട് അങ്ങേയ്ക്കു ബൈഅത്തു ചെയ്യു കയും അങ്ങയുടെ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തിരിക്കു ന്നു. അതിലൂടെ ഞാനെന്റെ ജീവിത കാലത്തെ ഏറ്റവും അനുഗൃഹീ തവും പ്രധാനപ്പെട്ടതുമായ ഒരു തലത്തിലാണു എത്തിയിരിക്കുന്ന തു. ഇതോടൊപ്പം സ്വാലിഹീങ്ങളു ടെ ചര്യയനുസരിച്ചു അല്ലാഹുവി നോടു തൗബ ചെയ്യുകയും എന്റെ മഗ്ഫിറത്തിനായി അങ്ങയോടു ദുആക്കപേക്ഷിക്കുകയും ചെയ്യു ന്നു. (ഈ കാര്യങ്ങളെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഇസാ ലെ ഔഹാം എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്)

ഹജ്ജ് യാത്രക്കായി അനുവാ ദം നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിനു ബൈത്തുല്ലാഹ്‌യുടെ മുന്നിൽ നിന്നു കൊണ്ട് ഉച്ചത്തിൽ ചൊല്ലണമെന്ന നിർദേശത്തോടെ ഒരു ദുആ എഴുതി അയച്ചിരുന്നു. അദ്ദേഹം അതങ്ങനെ തന്നെ ചെയ്തു. പിന്നീട് ഹജ്ജിനു ശേഷം സൂഫി സാഹിബും സംഘവും ഡിസംബറിന്റെ പകുതിയിലാണ് നാട്ടിൽ തിരിച്ചെത്തുന്നത്. എന്നാൽ അല്ലാഹുവിന്റെ തീരുമാനം മറ്റൊ ന്നായിരുന്നു. നാട്ടിൽ തിരിച്ചെത്തിയ ഉടനെ അദ്ദേഹം രോഗിയായി. ശയ്യാവലംബിയായി. എതാനും ദിവസങ്ങൾക്കകം ഡിസംബർ 27ാം തിയ്യതി ആ പുണ്യാത്മാവ് ഇഹലോ ക വാസം വെടിഞ്ഞു. ഇന്നാലില്ലാ ഹി വ ഇന്നായിലൈഹി റജിഊൻ. വിവരമറിഞ്ഞ ഉടനെ ഹദ്റത്ത് മസീഹ് മൗഊദ് (അ) വലിയൊരു ജമാഅത്തോടു കൂടി ഖാദിയാനിൽ ജനാസ ഗായിബ് നമസ്ക്കരിക്കുക യുണ്ടായി. വീട്ടുകാരോടു അനു ശോചനമറിയിക്കാൻ ലൂധിയാന വരെ പോവുകയും ചെയ്തു.

## مُقَطَّعَات സംബന്ധമായി ലഭിച്ച വിശാലമായ അറിവ്

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഒരിക്കൽ കശ്മീരിൽ വച്ചു കണ്ട ഒരു

സ്വപ്നത്തെ കുറിച്ചു വിവരിച്ചു കൊണ്ട് പറയുകയാണു. കശ്മീരിൽ ഒരു മൗലവി അബ്ദുൽ ഖുദ്ദൂസ് സാഹിബ് ഉണ്ടായിരുന്നു. വളരെ സാത്വികനും ആദരണീയനുമായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഞങ്ങൾ രണ്ടു പേരും ശാഹ് അബ്ദുൽ ഗനി എന്ന പീറിന്റെ (സിദ്ധൻ, വിശുദ്ധൻ) ശിഷ്യരായതു കൊണ്ട് ആ നിലയിൽ ഞങ്ങൾ സഹോദരങ്ങളാണെന്നു പറയാം. മൗലവി അബ്ദുൽ ഖുദ്ദൂസ് സാഹിബിനു എന്നോട് വലിയ സ്നേഹവും പ്രതിപത്തിയുമൊക്കെ ആണ്. അദ്ദേഹം വാർദ്ധക്യ സഹജമായ ബലഹീനതകൾ ഉണ്ടായിട്ടും ഹദീസ് തിർമിദി പഠിക്കുവാനായി എന്റെ വീട്ടിൽ വരാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ സ്വപ്നത്തിൽ അദ്ദേഹത്തിന്റെ മടിയിൽ കുറെ ചെറിയ കുഞ്ഞുങ്ങൾ ഇരിക്കുന്നതായി കണ്ടു. ഞാൻ പെട്ടെന്നു ചാടി വീണ് ആ കുഞ്ഞുങ്ങളെ മുഴുവൻ തട്ടിപ്പറിച്ചു കൈക്കലാക്കുകയും അവിടെ നിന്നു പോവുകയും ചെയ്തു. വഴിയിൽ വെച്ച് ഞാനാ കുഞ്ഞുങ്ങളോടു നിങ്ങൾ ആരാണെന്നു ചോദിച്ചു. അവർ പറഞ്ഞു, ഞങ്ങൾ كهيعص ആണ്. ഞാനെന്റെ ആ സ്വപ്നത്തെ വളരെ ആശ്ചര്യപൂർവ്വം നോക്കി കണ്ടിരുന്നു. അതിന്റെ വ്യാഖ്യാനം മനസ്സിലായില്ലെങ്കിലും ഞാനാ സ്വപ്നം എപ്പോഴും ഓർക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ശിഷ്യനായ ശേഷം ഞാൻ ഈ കാര്യം ഹുസൂറിനോട് സൂചിപ്പിച്ചു. ഹുസൂർ പറഞ്ഞു, താങ്കൾക്ക് ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ള مُقَطَّعَات (മുഖത്തിആത്ത്. കേവലാക്ഷരങ്ങൾ) സംബന്ധമായുള്ള വിശദമായ അറിവു നൽകപ്പെടുന്നതായിരിക്കും എന്നാണു ഇതിന്റെ അർഥം. വേറൊരു കാര്യം താങ്കൾ സ്വപ്നത്തിൽ കണ്ട കുഞ്ഞുങ്ങൾ അല്ലാഹുവിന്റെ മലക്കുകളാണ്. كهيعص എന്ന കേവലാക്ഷരങ്ങളെ مُقَطَّعَات എന്ന് വിളിക്കപ്പെടുന്നു. ഖുർആനിൽ സൂറ മറിയം ഈ കേവലാക്ഷരങ്ങൾ കൊണ്ടാണു ആരംഭിച്ചിരിക്കുന്നത്. ഈ അക്ഷരങ്ങൾ വെവ്വേറെ ഉച്ചരിക്കപ്പെടുന്നു. ഇവയിലുള്ള ഓരോ അക്ഷരവും ഓരോ പദത്തെയാണ് സൂചിപ്പിക്കുന്നത്. ഖുർആനിൽ പല സൂറത്തുകളും مُقَطَّعَات കൊണ്ട് ആരംഭിച്ചിട്ടുണ്ട്. ഉദാഹരണത്തിനു الم ഇതു കൊണ്ട് أَنَا اللهُ أَعلَم ഞാൻ അല്ലാഹു ഏറ്റവും കൂടുതൽ അറിയുന്നവനാകുന്നു എന്നാണ് വിവക്ഷിക്കപ്പെടുന്നത്.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് വിവരിക്കുകയാണു ആയിടയ്ക്കു അബ്ദുൽ ഗഫൂർ എന്നു പേരുള്ള ഒരാൾ മുർത്തദ്ദ് ആവുകയും ആര്യസമാജത്തിൽ ചേർന്നു ധറംപാൽ എന്ന പേർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പിന്നീട് അയാൾ നമുക്കെതിരിൽ ഖുർആനെ കുറിച്ചും ഖുർആനിൽ വിവരിച്ചിട്ടുള്ള مُقَطَّعَات സംബന്ധിച്ചും വളരെയധികം ആക്ഷേപങ്ങൾ നിറഞ്ഞ ''തർകെ ഇസ്‌ലാം'' (ഇസ്‌ലാം ത്യജിക്കൽ) എന്ന പേരിൽ ഒരു ഗ്രന്ഥവും രചിച്ചു. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ഈ സംഭവത്തിനു കുറെ നാൾ മുമ്പ് ഞാനൊരു സ്വപ്നം കണ്ടിരുന്നു. ആ സ്വപ്നത്തിലൂടെ അല്ലാഹു എന്നെ ഒരു കാര്യം അറിയിക്കുകയുണ്ടായി. അല്ലാഹു പറയുകയാണ്, ആരെങ്കിലും നിന്നോട് ഖുർആന്റെ ഏതെങ്കിലും ആയത്തിനെ കുറിച്ചു ചോദിക്കുകയാണെങ്കിൽ ചോദിക്കുന്നവൻ ഖുർആൻ നിഷേധിയുമാണെങ്കിൽ നാം നിനക്ക് നേരിട്ട് ആ ആയത്തിനെ കുറിച്ചുള്ള അറിവു നൽകുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ധറംപാലിന്റെ ഗ്രന്ഥത്തിനു മറുപടി എഴുതാൻ ഹദ്റത്ത് മൗലവി സാഹിബിനെയാണു ചുമതലപ്പെടുത്തിയത്. അതിനെകുറിച്ചു ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ഞാൻ അയാളുടെ ഓരോ ആക്ഷേപങ്ങൾക്കുമുള്ള മറുപടി തയ്യാറാക്കിക്കൊണ്ടിരുന്നു. ഇനി مُقَطَّعَات നെ കുറിച്ചുള്ള ആക്ഷേപത്തിനാണു മറുപടി എഴുതേണ്ടത്. അന്നേ ദിവസം മഗ്‌രിബ് നമസ്ക്കാരവേളയിൽ സുജൂദിൽ എന്റെ നാഥാ, ഇയാൾ ഖുർആൻ നിഷേധിയാണ്. അയാൾ എന്റെ മുന്നിൽ നിന്നു കൊണ്ടല്ലെങ്കിലും مُقَطَّعَات നെ കുറിച്ച് ചോദ്യം ഉന്നയിച്ചിരിക്കുന്നു എന്ന് ഞാൻ ചിന്തിച്ചതേയുള്ളൂ. അപ്പോൾ രണ്ട് സുജൂദിന്റെ ചുരുങ്ങിയ സമയത്തിനുള്ളിൽ مُقَطَّعَات നെ കുറിച്ചുള്ള അതിവിശാലമായ അറിവ് എനിക്കു നൽകപ്പെടുകയുണ്ടായി. അല്ലാഹു നൽകിയ അതിവിശാലമായ അറിവിന്റെ വെളിച്ചത്തിൽ ധറംപാലിന്റെ ആക്ഷേപങ്ങൾക്കു മറുപടി തയ്യാറാക്കുകയുണ്ടായി. ആ ഗ്രന്ഥം ''നൂറുദ്ദീൻ'' (ദീനിന്റെ പ്രകാശം) എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു مُقَطَّعَات സംബന്ധമായി അല്ലാഹു എനിക്കു നൽകിയ അതിവിശാലമായ അറിവിന്റെ ചെറിയൊരു ഭാഗമാണു ഞാനാ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചതു. എന്നിട്ടും എഴുതിയ ശേഷം ആ ഭാഗം വായിച്ചു ഞാൻ തന്നെ ആശ്ചര്യപ്പെട്ടു പോയിട്ടുണ്ട്.

## പശ്ചാത്തപിക്കാത്തവളുടെ പര്യവസാനം

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണ്, എന്റെ നാട്ടിൽ കുപ്രസിദ്ധയായ ഒരു അഭിസാരികയുണ്ടായിരുന്നു. പശ്ചാത്തപിച്ച് ഈ വൃത്തികെട്ട ജീവിതത്തിൽ നിന്നും രക്ഷപ്പെടാൻ ഞാൻ അവളെ ഉപദേശിക്കാറുണ്ടായിരുന്നു. അതുകാരണം ശുണ്ഠി പിടിപ്പിക്കാനായി ഇടയ്ക്കിടയ്ക്ക് അവൾ എന്റെ അടുക്കൽ വന്നിട്ട് പറയും, എന്താണ് തൗബ? എന്തിനാണ് തൗബ? തൗബകൊണ്ട് എന്തു ഗുണം. അവസാനം

ഞാനവളെ കൊണ്ട് പൊറുതിമുട്ടി. ഇടയ്ക്ക് കുറച്ചുനാൾ അവളെ കാണാതായി. പിന്നീടൊരിക്കൽ അണിഞ്ഞൊരുങ്ങി എന്റെ മുന്നിൽ വന്നിട്ട് പറഞ്ഞു തൗബ കാരണം ഞാൻ പട്ടിണി കിടന്നു ചത്തുപോയേനെ. ഏതായാലും ഹോളി ഉത്സവ വേളയിൽ അടുത്തുള്ള ഒരു സ്ഥലത്തുപോയി നന്നായി പണമുണ്ടാക്കാൻ പറ്റി. അതുകൊണ്ടു രക്ഷപ്പെട്ടു. ഇതുകേട്ട് എനിക്കു വല്ലാത്ത ദ്വേഷ്യവും അവളോടു അറപ്പും വെറുപ്പുമുണ്ടായി. ഞാൻ പറഞ്ഞു, എഴുന്നേറ്റു പോ ഇവിടെ നിന്ന്. നിന്നെ ഇനി ഇവിടെ കണ്ടുപോകരുത്. ഇത് എന്റെ സ്ഥലമാണ്. നീ ശരീരം വിറ്റുണ്ടാക്കിയ കാശ് നിനക്കൊരിക്കലും ഉപകരിക്കുകയില്ല. പോ, ഇവിടെ നിന്ന്.

അവൾ എഴുന്നേറ്റു പോയി. പിന്നീട് അവൾ പക്ഷപാതം പിടിപെട്ടു കിടപ്പിലായതായി ഞാനറിഞ്ഞു. അവളുടെ അടുത്ത ഒരു ബന്ധു അവളുടെ ചികിത്സക്കായി എന്റെ അടുക്കൽ വന്നു. ഞാൻ പറഞ്ഞു, അവൾ ഇനി ഈ രോഗത്തിൽ നിന്നും രക്ഷപ്പെടുകയില്ല. അവൻ പറഞ്ഞു, അവൾ രക്ഷപ്പെട്ടാലും ഇല്ലെങ്കിലും സാരമില്ല. അവൾ ധാരാളം പണവുമായിട്ടാണു വന്നിരിക്കുന്നത്. അതെവിടെയാണു വച്ചിരിക്കുന്നതെന്നു മനസ്സിലായാൽ മതിയായിരുന്നു. കാരണം ഞങ്ങളുടെ സമൂഹത്തിൽ ആരെങ്കിലും മരണപ്പെട്ടാൽ എല്ലാവർക്കും ഭക്ഷണം കൊടുക്കണം. അതിനു കുറഞ്ഞത് അഞ്ഞൂറു രൂപയെങ്കിലും ചെലവാകും. ഞാൻ പറഞ്ഞു, അവളുടെ പണമേതായാലും നിങ്ങൾക്ക് കിട്ടാൻ പോകുന്നില്ല.

അവസാനം അവന്റെ നിർബന്ധം കാരണം ചികിത്സക്കായി അവളുടെ താമസ സ്ഥലത്തു ഞാൻ ചെന്നു. അവൾ അബോധാവസ്ഥയിൽ കിടക്കുകയായിരുന്നു. ഒരാൾ ഭയങ്കര ഉച്ചത്തിൽ അവളെ വിളിച്ചു കൊണ്ടിരിക്കുന്നുണ്ട്. അവൾക്ക് യാതൊരു അനക്കമോ കുലുക്കമോ ഇല്ല. ഞാൻ അവിടെ ചുറ്റുപാടുമുള്ള ഇതേ തൊഴിൽ സ്വീകരിച്ചിട്ടുള്ള കുറെ സ്ത്രീകളെ വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു ഇതാ ഇവൾ തൗബ ചെയ്യുന്നതിനെ പരിഹസിക്കുകയും ചെറുതാക്കി പറയുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇപ്പോൾ ഇവൾ തൗബ ചെയ്യാതെ മരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തൗബയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്? ഈ ജോലിയിൽ വളരെ കൂടുതലായി ഏർപ്പെട്ടിരുന്ന ഒരു സ്ത്രീ പറഞ്ഞു, ഞാൻ തൗബ ചെയ്യുന്നു. അപ്പോൾ ഞാൻ പറഞ്ഞു, എങ്കിൽ അബോധാവസ്ഥയിൽ കിടക്കുന്ന ഇവൾ മരിക്കുകയാണെങ്കിൽ അതിന്റെ പേരിൽ കുടുംബക്കാർക്ക് ആർക്കും ഭക്ഷണം നൽകരുത്. അങ്ങനെ ഈ പക്ഷപാതം പിടിപെട്ടവൾ മരിച്ചപ്പോൾ അവർ ആർക്കും തന്നെ ഭക്ഷണം നൽകിയില്ല.

## മഹാരാജാവിന്റെ സ്നേഹാദരങ്ങളും മൗലവി സാഹിബിന്റെ ആത്മാഭിമാനവും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ആരുടെയും മുന്നിൽ ഒരിക്കലും തലകുനിച്ചിരുന്നില്ല. ലോകത്തുള്ള എത്ര വലിയ ആളായാലും ശരി അദ്ദേഹത്തിന്റെ ആത്മാഭിമാനം അതിനു സമ്മതിച്ചിരുന്നില്ല. കശ്മീർ രാജ കൊട്ടാരത്തിൽ ഒരമുസ്‌ലിം ഭരണാധിപനു കീഴിൽ അദ്ദേഹം പതിനഞ്ചു പതിനാറു വർഷത്തോളം ജോലി ചെയ്തു. ഒരിക്കൽ പോലും അദ്ദേഹം രാജസദസ്സിലുള്ളവരെ പോലെ മഹാരാജാവിനെ അഭിവാദ്യം ചെയ്തില്ല. ആ രീതിയിൽ രാജാവിനു സലാം പറഞ്ഞില്ല. എൺപതിനായിരം ചതുരശ്ര മൈൽ പരന്നു കിടക്കുന്ന രാജ്യത്തിന്റെ അധിപനും ഇരുപത്തിയഞ്ചുലക്ഷം പ്രജകളുടെ ലോകപാലനും ഒരു വിരലനക്കത്താൽ കർമോദ്യുക്തരാകുന്ന നാൽപത്തെട്ടായിരം അംഗങ്ങളുള്ള സൈന്യത്തിന്റെ ദേശാപതിയുമായ കശ്മീർ മഹാരാജാ റൺബീർ സിംങ്ങിന്റെ ഗാംഭീര്യത്തിനും പ്രതാപത്തിനും മഹോജ്ജ്വല സ്ഥാനത്തിനും ഖ്യാതിക്കും ഐശ്വര്യ ത്തിനും മുന്നിൽ വലിയ വലിയവർ പതറിപ്പോകാറുണ്ടായിരുന്നു. അതിനാൽ പാദസേവകരും പൂജകരുമായി ഒരു പറ്റം ആളുകൾ അദ്ദേഹത്തിനു ചുറ്റും കൂടി മുഖസ്തുതി പറയുകയും പാടുകയും ചെയ്യുന്നതും അദ്ദേഹത്തിന്നറിയാമായിരുന്നു. പക്ഷേ മൗലവി സാഹിബ് അങ്ങനെയല്ല. അദ്ദേഹം സംസ്ഥാനത്തു തന്റെ കഴിവനുസരിച്ചു ആതുരസേവനവും വൈദ്യ സഹായവും എത്തിക്കുന്നതോടൊപ്പം രാജ്യത്തുള്ളവർക്കു ഇസ്‌ലാമിക സന്ദേശമെത്തിക്കുന്ന പ്രവർത്തനങ്ങളിലും മുഴുകിയിരുന്നു. ജോലിയിലും തന്റെ ഉത്തരവാദത്തിൽപെട്ട പ്രവർത്തനങ്ങളിലും ഒരുതരത്തിലുള്ള സമ്മർദ്ധത്തിനും വഴങ്ങാത്ത സിംഹവും ഇസ്‌ലാമിന്റെ ധീരനായ ഒരു പോരാളിയുമായിരുന്നു അദ്ദേഹം.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് ആത്മാഭിമാനം ഒരിക്കലും തന്നെ അടിയറവു പറയാത്ത കറകളഞ്ഞ ദൈവവിശ്വാസിയാണെന്നും അദ്ദേഹം പണത്തിന്റെ പൂജാരിയല്ലെന്നും മഹാരാജാവ് അദ്ദേഹത്തെ കുറിച്ചു നന്നായി മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. ഒരിക്കൽ തന്റെ ദർബാറിലുള്ളവരെ സംബോധന ചെയ്തു മഹാരാജാവ് പറഞ്ഞു നിങ്ങളെല്ലാം തന്നെ നിങ്ങളുടെ സ്വന്തം ആവശ്യങ്ങളും താൽപര്യങ്ങളും മുൻനിർത്തി എന്നെ ചുറ്റിപ്പറ്റി നിൽക്കുന്നവരും എനിക്കു സ്തുതി പാടുന്നവരുമാണ്. എന്നാൽ (ഹദ്റത്ത് മൗലവി സാഹിബിനെ ചൂണ്ടിക്കൊണ്ട് പറഞ്ഞു) ഇദ്ദേഹത്തെ ഞാൻ എന്റെ താൽപര്യങ്ങളും ആവശ്യങ്ങളും മുൻനിർത്തി വിളിച്ചു വരുത്തിയതാണു. അതിനാൽ ഞാനെന്നും അദ്ദേഹത്തിനു സ്തുതി പാടുന്നു. ഹദ്റത്ത് മൗലവി സാഹിബിനോടു

മഹാരാജാവിനുണ്ടായിരുന്ന സ്നേഹാദരങ്ങളാണു രാജാവിന്റെ ഈ വാക്കുകളിൽ പ്രതിഫലിക്കുന്നത്.

ഈ കാലയളവിൽ അവിടത്തെ നാട്ടുനടപ്പും ആചാര മര്യാദയുമനുസരിച്ചു മഹാരാജാവിനു മുന്നിൽ വഴിപാടും കാണിക്കയും സമർപ്പിക്കേണ്ട എത്രയോ അവസരമുണ്ടായെങ്കിലും ഓരോ കാരണത്താൽ മൗലവി സാഹിബ് അതിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ഇതൊരു ആദര സൂചക ചടങ്ങായിരുന്നുവെങ്കിലും മൗലവി സാഹിബിനു ഇത്തരം ചടങ്ങുകളും രീതികളും തീരെ ഇഷ്ടമല്ലായിരുന്നു. കാരണം അതിനു ശിർക്കിന്റെ ലാഞ്ഛനയുണ്ടോ എന്നദ്ദേഹം സംശയിച്ചിരുന്നു.

ഒരവസരത്തിൽ കൊട്ടാരത്തിലെ എല്ലാ ഉന്നത ഉദ്യോഗസ്ഥരും മഹാരാജാവിനു ഒരു വെള്ളി നാണയം സമർപ്പിക്കുന്ന ചടങ്ങുണ്ടായിരുന്നു. മഹാരാജാവിനോടുള്ള കൂറിന്റേയും ആത്മാർഥതയുടേയും സ്വീകാരതയുടെയും പ്രതീകമായുള്ള ഒരു ചടങ്ങായിരുന്നു അത്. മഹാരാജാവ് തന്റെ രണ്ടുവിരൽ കൊണ്ട് ആ നാണയത്തിൽ തൊടും. മൗലവി സാഹിബിനു ഈ ചടങ്ങും ഇഷ്ടമായിരുന്നില്ല. തന്റെ മനസ്സിനു അലോസരവും വല്ലായ്മയും ഉണ്ടാക്കുന്ന ഈ കാണിക്ക സമർപ്പണത്തിൽ നിന്നു രക്ഷനേടാൻ മൗലവി സാഹിബ് പലതും ആലോചിച്ചുവെങ്കിലും ഒരു മാർഗവും ഉപായവും കണ്ടെത്താനായില്ല. അങ്ങനെ തന്റെ ഊഴമെത്തിയപ്പോൾ അദ്ദേഹം നാണയവും നോക്കി നിൽക്കുന്നതാണു മഹാരാജാവ് കണ്ടത്. രാജാവ് ചോദിച്ചു, മൗലവി സാഹിബ്, താങ്കൾ നാണയത്തെ കുറിച്ചാണോ ചിന്തിക്കുന്നത് അതോ കാണിക്കയെ കുറിച്ചോ? അദ്ദേഹം ഉടനെ പറഞ്ഞു മഹാരാജാവേ, ഞാൻ കാണിക്കയായ ഈ നാണയത്തെ കുറിച്ചാണു ചിന്തിക്കുന്നത്. രാജാവ് പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു താങ്കൾ കാണിക്ക സമർപ്പിക്കേണ്ട ആവശ്യമില്ല. താങ്കൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

ഹദ്റത്ത് മൗലവി സാഹിബ് തന്റെ ഔദ്യോഗിക ജീവിത കാലത്ത് മഹാരാജാവുമായി എത്രയോ തവണ മതപരമായ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ചിലപ്പോൾ അത് വാദപ്രതിവാദത്തിലെത്തിയിട്ടുമുണ്ട്. അത്തരം അവസരങ്ങളിൽ മഹാരാജാവിന്റെ ഉന്നത സ്ഥാനം ഓർത്തു ഒരിക്കൽ പോലും സത്യം മറച്ചു വയ്ക്കുകയോ പറയേണ്ട കാര്യങ്ങൾ പറയാതിരിക്കുകയോ അദ്ദേഹം ചെയ്തിട്ടില്ല. അതു ദർബാറാകട്ടെ മറ്റേതെങ്കിലും സദസ്സാകട്ടെ വരും വരായ്കകളെ കുറിച്ചു അദ്ദേഹം ചിന്തിക്കാറില്ല. മിക്കപ്പോഴും അത്തരം സന്ദർഭങ്ങളിൽ മഹാരാജാവിന്റെ ഭാഗത്തു നിന്നുള്ളവരെ തന്നെയാണു വിധി കർത്താക്കളായി നിശ്ചയിക്കാറ്. എന്നാൽ മൗലവി സാഹിബ് നിരത്തുന്ന വാദങ്ങളും തെളിവുകളും ആർക്കും ഒരിക്കലും ഖണ്ഡിക്കാനാവാത്തതായിരുന്നു.

ഒരിക്കൽ രാജാവ് ചോദിച്ചു, മൗലവി സാഹിബേ, ഞങ്ങൾ പന്നിമാംസം ഭക്ഷിക്കുന്നവരാണെന്നു നിങ്ങൾ എപ്പോഴും കുറ്റം പറയാറുണ്ടല്ലോ? എന്നാൽ പന്നിമാംസം ഇംഗ്ലീഷുകാരും കഴിക്കാറുണ്ട്. അവരെ നിങ്ങൾ ഒന്നും പറയാറില്ലല്ലോ. ഉടനെ തന്നെ മൗലവി സാഹിബ് പറഞ്ഞു രാജാവേ, ഇംഗ്ലീഷുകാർ അതോടൊപ്പം പശുവിന്റെ ഇറച്ചിയും കഴിക്കുന്നുണ്ടല്ലോ? അതു കൊണ്ട് പന്നിയിറച്ചിയുടെ ദോഷം ഗോമാംസം കൊണ്ട് ഇല്ലാതായിപ്പോകും. ഇതു കേട്ടു രാജാവ് ഒന്നും മിണ്ടിയില്ലെന്നു മാത്രമല്ല ദീർഘനാളത്തേയ്ക്കു ഇത്തരം മതപരമായ ചർച്ചകൾ ഉണ്ടായതുമില്ല.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് തനിച്ചാണെങ്കിലും എവിടെയാണെങ്കിലും നമസ്ക്കാരത്തിനു മുമ്പ് ബാങ്ക് വിളിക്കുക എന്നതു അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. കശ്മീരിൽ അദ്ദേഹത്തിന്റെ താമസ സ്ഥലത്തിനു ചുറ്റും ഹിന്ദുക്കളുടെ വീടുകളായിരുന്നു ഉണ്ടായിരുന്നത്.എന്നാലും അദ്ദേഹം ബാങ്ക് വിളി ഒഴിവാക്കാറില്ല. മഹാരാജാവിന്റെ കൊട്ടാര സമുച്ചയങ്ങളും അധികം അകലെയായിരുന്നില്ല. ഒരു ദിവസം ഫജ്ർ ബാങ്ക് അദ്ദേഹം ഓർക്കാതെ വളരെ ഉച്ചത്തിൽ വിളിച്ചുപോയി. പകൽ സമയത്തു മഹാരാജാവ് കണ്ടപ്പോൾ ചോദിച്ചു, ഇന്നു ഫജ്ർ ബാങ്ക് ആരാണു കൊടുത്തത്. അദ്ദേഹം പറഞ്ഞു ഞാനാണ്. അപ്പോൾ രാജാവ് പറഞ്ഞു നിങ്ങൾ രണ്ടു പ്രാവശ്യം حي علي الصلوة നമസ്ക്കാരത്തിലേയ്ക്കു വരുവിൻ എന്നു വിളിക്കുന്നതു കേട്ടപ്പോൾ ഈ മഹല്ലയിൽ നിന്നും ആരും വരാനില്ലാത്തതു കൊണ്ട് ഞാൻ വല്ലാതെ പേടിച്ചു പോയി. حي علي الصلوة എന്ന വിളിയെ ആരും മാനിക്കാത്തതു കൊണ്ട് ഇവിടെയുള്ള സകലതും സംഹാരത്തിലും നാശത്തിലും ചെന്നു പതിക്കുമോ എന്നു ഞാൻ ഭയന്നു. ഈ നാടിന്റെ അധിപനെന്ന നിലയ്ക്കു വളരെ പേടിച്ചു പേടിച്ചാണു ഞാനാ സമയം കഴിച്ചു കൂട്ടിയത്.

ഈ സംസാരത്തിലൂടെ മഹാരാജാവ് വളരെ സൗമ്യവും വ്യംഗ്യവുമായ ഭാഷയിൽ മേലിൽ ഈ മഹല്ലയിൽ ബാങ്ക് വിളി വേണ്ട കാരണം ഇവിടെ നിന്നും നമസ്ക്കാരത്തിന്നായി വരാൻ ആരുമില്ല എന്നാണു പറഞ്ഞതു. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു മഹാരാജാവിന്റെ ആഗ്രഹമനുസരിച്ചു താമസം മറ്റൊരു മഹല്ലയിലേയ്ക്കു മാറ്റിയെങ്കിലും ബാങ്ക് വിളി ഞാൻ നിർത്തിയില്ല.

### പരദൂഷണം മഹാ പാപമാണ്

പരദൂഷണം എന്നത് ഒരു മഹാപാപമായിട്ടാണു ഇസ്ലാം പഠിപ്പിക്കുന്നത്. മരിച്ചു പോയ സഹോദരന്റെ മാംസം ഭക്ഷിക്കു

ന്നതിനു തുല്യമാണെന്നാണു ഖുർആൻ പറയുന്നത്. ഖുർആൻ പറയുന്നു

يَا أَيُّهَا الَّذِينَ آمَنُوا اجْتَنِبُوا كَثِيرًا
مِنَ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ
وَلَا تَجَسَّسُوا وَلَا يَغْتَبْ بَعْضُكُمْ
بَعْضًا أَيُحِبُّ أَحَدُكُمْ أَنْ يَأْكُلَ
لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ
وَاتَّقُوا اللَّهَ إِنَّ اللَّهَ تَوَّابٌ رَحِيمٌ

വിശ്വസിച്ചവരെ, ഊഹങ്ങളിൽ അധികവും നിങ്ങളൊഴിവാക്കുവിൻ. (കാരണം) ചില ഊഹങ്ങൾ കുറ്റകരമാണു. നിങ്ങൾ (അന്യരുടെ സ്ഥിതിഗതികൾ) ചുഴിഞ്ഞു നോക്കരുത്. നിങ്ങളിൽ ചിലർ മറ്റു ചിലരെ അവരുടെ അഭാവത്തിൽ ദുഷിക്കുകയുമരുത്.നിങ്ങളിൽ ആരെങ്കിലും തന്റെ മരിച്ചുകിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കാൻ ഇഷ്ടപ്പെടുമോ?അതു നിങ്ങൾ വെറുക്കുന്നുവല്ലോ. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു സർവഥാ കാരുണ്യത്തോടെ മടങ്ങുന്നവനും കരുണാമയനുമാകുന്നു. (ഖുർആൻ 49:13)

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) തന്റെ അടുത്തവരുമായും സുഹൃത്തുക്കളുമായുള്ള സംസാരവേളകളിൽ മറ്റുള്ളവരെ കുറിച്ചു അനാവശ്യമായ സംശയങ്ങളും സന്ദേഹവും വച്ചു പുലർത്തുന്നതിനേയും അവർ അങ്ങനെയാണു അല്ലെങ്കിൽ ഇങ്ങനെയായിരിക്കും എന്ന അടിസ്ഥാനരഹിതമായ അനുമാനങ്ങളും തെറ്റിദ്ധാരണകളും മനസ്സിൽ കൊണ്ടു നടക്കുന്നതിനെ ക്കുറിച്ചും മുന്നറിയിപ്പു നൽകുകയും ഉപദേശിക്കുകയും ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം പറയുകയാണു പരദൂഷണം വളരെ ചീത്ത സ്വഭാവമാണു. അതു മഹാ പാപവു മാണു. ചിലപ്പോൾ ചിലർ ചില കാര്യങ്ങളെ കുറിച്ചു അതു തങ്ങളുടെ മുന്നിൽ വച്ചു സംഭവിച്ചതാണു ഞങ്ങൾ ഞങ്ങളുടെ കണ്ണു കൊണ്ട് കണ്ടതാണു എന്ന നിലയിൽ സംസാരിക്കാറുണ്ട്. എന്നാൽ അത്തരത്തിലുള്ള ചില കാര്യങ്ങൾ തികച്ചും സത്യവിരുദ്ധമായിരിക്കാം. അവർ അവരുടെ കണ്ണു കൊണ്ട് കണ്ടതു യാഥാർഥ്യമായിരിക്കണമെന്നില്ല.

അദ്ദേഹം തന്റെ ജീവിതത്തിലെ ഒരു സംഭവം വിവരിച്ചുകൊണ്ട് പറയുകയാണ്. ഞാൻ കശ്മീർ രാജകൊട്ടാരത്തിൽ ജോലിചെയ്തിരുന്ന അവസരത്തിൽ ഒരിക്കൽ സംസ്ഥാനത്തെ ചില ഉയർന്ന ഉദ്യോഗസ്ഥരോടൊപ്പം വൈകുന്നേരം കാറ്റുകൊള്ളാനായി നടക്കാനിറങ്ങി. നടന്നു നടന്നു (ജമ്മു) തവി നദിയുടെ പാലത്തിന്നടുത്തെത്തിയപ്പോൾ എനിക്കു മൂത്രമൊഴിക്കണമെന്നു തോന്നി. കൂടെയുള്ളവരോടു അൽപം കാത്തു നിൽക്കണമെന്നും മൂത്രമൊഴിച്ചു ഉടനെ എത്താമെന്നും പറഞ്ഞു ഞാൻ പാലത്തിൽ നിന്നും താഴെയിറങ്ങി നദിക്കരയിലേയ്ക്കു നടന്നു. ഞാൻ വരുന്നതും കാത്തു അവരെല്ലാം പാലത്തിനു മുകളിൽ തന്നെ നിന്നു.

ഞാൻ നദിക്കരയിലെത്തിയപ്പോൾ അവിടെ എന്തോ ആവശ്യത്തിന്നായി നീളത്തിലുള്ള വലിയ കിടങ്ങു (Trench)കൾ കുഴിച്ചതായും ആ മണ്ണു അതിനോടു ചേർന്നു കുറെ ഉയരത്തിൽ ഒരു മതിലു പോലെ ജോലിക്കാർ കൂട്ടിയിട്ടതായും കണ്ടു. അതു കാരണം അതു നല്ലൊരു മറയായിരിക്കുമെന്ന നിലയിൽ മൂത്രമൊഴിക്കാനായി ഞാൻ ആ കിടങ്ങിലിറങ്ങി. മൂത്രമൊഴിച്ച ശേഷം എഴുന്നേറ്റു ശൽവാറിന്റെ നാട കെട്ടാനൊരുങ്ങുമ്പോൾ തൊട്ടടുത്ത കിടങ്ങിൽ നിന്നും ഒരു സ്ത്രീ എഴുന്നേറ്റു തന്റെ ശൽവാറിന്റെ നാട കെട്ടുന്നതാണു ഞാൻ കണ്ടത്. ഞാനാദ്യമൊന്നു ഞെട്ടി. ആ സ്ത്രീയുടെ മുഖം എന്റെ നേരെയല്ലാതിരുന്നതു കൊണ്ട് അവരുടെ പുറകിൽ ഒരാൾ ഉള്ളതു അവരറിഞ്ഞില്ല. ഞാൻ വേഗം തന്നെ അവിടെ നിന്നു നടന്നു നീങ്ങി.

അദ്ദേഹം തുടർന്നു പറയുകയാണു അൽപം അകലെ പാലത്തിനു മുകളിൽ എന്നെ കാത്തു നിൽക്കുന്നവർ നോക്കുമ്പോൾ അവർക്കിതു രണ്ടു കിടങ്ങാണെന്നു മനസ്സിലാവുകയില്ല. അതു കാരണം നൂറുദ്ദീനും ഏതോ ഒരു സ്തീയും ഒരേ കിടങ്ങിൽ നിന്നു കാര്യം കഴിഞ്ഞ ശേഷം ഒരേ സമയം ശൽവാറിന്റെ നാടകെട്ടുന്നതു ഞങ്ങൾ ഞങ്ങളുടെ കണ്ണുകൊണ്ട് കണ്ടതാണെന്നു പറഞ്ഞാൽ അതെന്റെ പേരിൽ എത്രവലിയ ആരോപണമായിരിക്കും. അവരുടെ അനുമാനത്തിൽ അതുസത്യവും നേരിട്ടു കണ്ടതുമാണ്. യഥാർഥത്തിൽ അതു തികച്ചും സത്യവിരുദ്ധമായ കാര്യമല്ലേ? അതിനാൽ മനുഷ്യർ തന്റെ കണ്ണിനെ വിശ്വസിച്ചു കൊണ്ടു പോലും മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിക്കുകയോ അല്ലെങ്കിൽ പരദൂഷണം നടത്തുകയോ അരുത്. അതു ചെറുതല്ലാത്ത പാപമാണ്.

ഹദ്റത്ത് മസീഹ് മൌഊദി (അ) ന്റെ സ്വഹാബിയും ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷകനുമായ ഹദ്റത്ത് ഗുലാം ഫരീദ് സാഹിബ് എം.എ (റ) ഈ സംഭവം സ്വന്തം കൈപടയിലെഴുതി അസ്ഹാബെ അഹ്മദ് എന്ന ബൃഹത് ഗ്രന്ഥത്തിന്റെ രചയിതാവായ ഖാദിയാൻ സ്വദേശി ഹദ്റത്ത് മലിക് സ്വലാഹുദ്ദീൻ സാഹിബിനു നൽകിയിട്ടുണ്ടായിരുന്നു. അദ്ദേഹമാണു ഈ സംഭവം തന്റെ ഗ്രന്ഥത്തിലൂടെ പ്രസിദ്ധപ്പെടുത്തിയത്. ഹദ്റത്ത് ഗുലാം ഫരീദ് സാഹിബി (റ) നോടു ഈ സംഭവം ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് നേരിട്ടു പറഞ്ഞുവെന്നു അനുമാനിക്കപ്പെടുന്നു. (തുടരും)

# മുസ്‌ലിംകളുടെ ശാസ്ത്ര പിന്നോക്കാവസ്ഥക്ക് കാരണമെന്ത്?

ആധുനിക കാലത്ത് ശാസ്ത്രരംഗത്ത് മുസ്‌ലിം സമൂഹവും രാജ്യങ്ങളും പിന്നോക്കക്കാരായി മാറിയതിന്ന് യഥാർത്ഥ കാരണമെന്താണ്? ഒരന്വേഷണം?

എ. എം. മുഹമ്മദ് സലീം

മതപരമായ യാഥാസ്ഥിതികത്വം തന്നെയാണ് മുഖ്യകാരണം. ചരിത്രപാഠം അതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഉന്നത ഭൗതിക ശാസ്ത്ര വിജ്ഞാനങ്ങൾ തങ്ങളുടെ വിശ്വാസവുമായി സംഘട്ടനത്തിലേർപ്പെടുമോ എന്ന് മുസ്‌ലിംകൾ ഭയപ്പെടുന്നു. കാലത്തിനനുസരിച്ച് മതം ദൈവ പ്രേഷിതരായ മഹാത്മാക്കളാൽ നവീകരിക്കപ്പെടാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ആത്മീയമായും സാമൂഹികമായും ഊർജ്ജസ്വലമായി ആവിർഭവിക്കുന്ന മതങ്ങൾ കാലം കഴിയുമ്പോൾ സ്വാഭാവികമായും ജീർണ്ണതകൾക്കും ശൈഥല്യത്തിന്നും വിധേയമാവുന്നു. മതങ്ങൾ യാഥാസ്ഥിതികത്വത്തിൽ നിന്ന് മോചിതമാവണമെങ്കിൽ അത് ആത്മീയമായി നവീകരിക്കപ്പെടേണ്ടതുണ്ട്.

ഇസ്‌ലാമിന്റെ നവീകരണത്തിന്ന് അല്ലാഹു നിയോഗിച്ചയച്ച വാഗ്ദത്ത് മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നത് കാണുക:

**'നവീന വിജ്ഞാനങ്ങൾ ആർജ്ജിക്കുന്നതിനെ എതിർക്കുന്ന മൗലവിമാർ പിഴച്ചവരാണെന്ന് ഞാൻ കരുതുന്നു. തങ്ങളുടെ ബലഹീനതകൾ മറച്ചുവെക്കാൻ വേണ്ടിയാണ് അവരിങ്ങനെ പറയുന്നത്. ആധുനിക വിജ്ഞാനങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ തെറ്റിലേക്ക് നയിക്കുമെന്നും ആളുകളെ ഇസ്‌ലാമിൽ നിന്നും അകറ്റിക്കളയുമെന്നും അവർ കരുതുന്നു. യുക്തിയും സയിൻസും ഇസ്‌ലാമുമായി പൊരുത്തപെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. തത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ തുറന്നു കാട്ടാൻ അവർക്ക് കഴിവില്ലാത്തത് കൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചുകൊണ്ട് തങ്ങളുടെ വീഴ്ച്ചകളെ മറച്ചു പിടിക്കാൻ അവർ ശ്രമിക്കുകയത്രെ. ഭൗതിക തത്വശാസ്ത്രങ്ങളുടെ മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയും നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾക്ക് മുമ്പിൽ കുമ്പിടുകയും ചെയ്യുന്നു. ദിവ്യവെളിപാടുകളിലൂടെ ജന്മമെടുക്കുന്നതും വിശുദ്ധ ഖുർആനിൽ നിറഞ്ഞു തുളുമ്പുന്നതുമായ തത്വചിന്തകൾ അവർക്ക് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. അങ്ങേയറ്റത്തെ വിനയത്തോടെയും ശൂന്യഭാവത്തോടും കൂടി ദൈവസവിധത്തിൽ പ്രണിപതിക്കുന്നവർക്കും എല്ലാതരം അഹംങ്കാരങ്ങളിൽ നിന്നും മനസ്സും ഹൃദയവും മുക്തമായിട്ടുള്ളവർക്കും തങ്ങളുടെ ദൗർബല്യങ്ങൾ ഏറ്റുപറഞ്ഞു കൊണ്ട് യഥാർത്ഥ ദൈവ ദാസരെന്ന് സവിനയം സമ്മതിക്കുന്നവർക്കും മാത്രമാണ് ഈ ദർശനങ്ങൾ അനുഗ്രഹിച്ചരുളപ്പെടുക.**

**മതത്തിന്റെ സേവനത്തിന്നും ദൈവവചനങ്ങളെ ഉയർത്തിപ്പിടിക്കുന്നതിന്നും എല്ലാ ആധുനിക വിജ്ഞാനങ്ങളും ഏതു വിധേനയും പഠിക്കുകയും അവ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചറിയുകയും ചെയ്യേണ്ടത് ആവശ്യമാണ്.' (മൽഫൂസാത്ത് ഭാ 65–66)**

വാസ്തവത്തിൽ വാഗ്ദത്ത മസീഹ് (അ) പറഞ്ഞത് പോലെ മതനേതാക്കന്മാരുടെ മതപരമായ ബലഹീനതയാണ് ശാസ്ത്ര പഠനങ്ങളോടുള്ള മുസ്‌ലിം സമൂഹത്തിന്റെ വിരക്തിക്കും വിപ്രതിപത്തിക്കും അവരുടെ പിന്നോക്കാവസ്ഥക്കും കാരണം. മുസ്‌ലിം സമൂഹത്തിന്ന് ശാസ്ത്ര രംഗത്ത് അഭിമാനാ

ർഹമായൊരു ഭൂതകാലമുണ്ടായിരുന്നു എന്ന് ചരിത്രം പരിശോധിച്ചാൽ കാണാം. നൊബേൽ സമ്മാന ജേതാവും ലോകാദരണീയനായ ഊർജ്ജതന്ത്രജ്ഞനു മായ പ്രൊഫ. അബ്ദുസ്സലാം മുസ്‌ലിംകളുടെ ശാസ്ത്രരംഗത്തുണ്ടായിരുന്ന ഈ സുവർണ്ണദശ സൂചിപ്പിക്കാൻ തന്റെ ഒരു പ്രസംഗത്തിൽ ആധികാരിക ശാസ്ത്ര ചരിത്രകാരൻ ജോർജ്ജ് സാർട്ടന്റെ 'ഹിസ്റ്ററി ഓഫ് സയൻസ്' എന്ന കൃതിയിൽ നിന്നും ഉദ്ദരിച്ച് സംസാരിച്ചത് ഇപ്രകാരമാണ്.

**'ശാസ്ത്രീയ രംഗത്തുണ്ടായ മുഖ്യ മുന്നേറ്റങ്ങളെ 50 വീതമുള്ള വർഷങ്ങളായി പകുത്തുകൊണ്ട് അദ്ദേഹം ചരിത്രത്തെ വിഭജിക്കുകയുണ്ടായി. ഇങ്ങനെ വിഭജിക്കപ്പെട്ട ചരിത്ര ഖണ്ഡങ്ങളെ ഒരോ ശാസ്ത്ര പ്രതിഭയുമായി അദ്ദേഹം നിബദ്ധിച്ചു. ബി. സി 500 മുതൽ 450 വരെ പ്ലേറ്റോയുടെ കാലഘട്ടം. തുടർന്ന് അരിസ്റ്റോട്ടലിന്റെയും യൂക്ക്ളിഡിന്റേയും ആർക്കിമിഡീസ് മുതലായവരുടെ കാലഘട്ടങ്ങൾ. എ. ഡി 750 മുതൽ 1100 ജാബിർ, ഖവാരിസമി, റാസി, മസ്ഊദി, അബുൽവഫാ, അൽബിറൂണി, ഒമർഖയ്യാം മുതലായവരുടെ കാലഘട്ടങ്ങളും! ഈ 350 വർഷങ്ങളത്രയും ഇസ്‌ലാമിക രാജ്യങ്ങളിൽ നിന്നുള്ള അറബികളും രസതന്ത്രജ്ഞരും, ബീജഗണിതജ്ഞരും ഭൗതിക ശാസ്ത്രജ്ഞന്മാരുമായിരുന്നു ലോകത്തെ ശാസ്ത്ര മേഖല അടക്കി വാണിരുന്നത്. സാർട്ടന്റെ ഈ പട്ടികയിൽ എ.ഡി 1100 ന്ന് ശേഷം മാത്രമേ ഒരു യൂറോപ്യൻ ഈ രംഗത്ത് പ്രത്യക്ഷപ്പെടുന്നുള്ളൂ എന്നത് ശ്രദ്ധേയമാണ്. അവിടുന്നങ്ങോട്ടുള്ള രണ്ടര നൂറ്റാണ്ടു കാലയളവിൽ ഇബ്നു റുശ്ദ്, നാസിറുദ്ദീൻ തൂസി, ഇബ്നു നാഫിസ് എന്നീ ശാസ്ത്ര വിശാരദന്മാരുടെ സംഭാവനകളിൽ അൽപസ്വൽപ്പം പങ്കാളിത്തം അവകാശപ്പെടാൻ മാത്രമേ പാശ്ചാത്യർക്ക് സാധിച്ചിരുന്നുള്ളൂ. എന്നുള്ളതും സ്മർത്തവ്യമാണ്.'**

(Prof: Abdussalam, 'The Lecture Delivered in Bahrain on the Subject of Science in Islamic Commonwealth dated on 1983 may 11)

ശാസ്ത്രത്തെ സൈദ്ധാന്തിക ശാസ്ത്രം (Theoretical Science) എന്നും സാങ്കേതിക ശാസ്ത്രം (Technology) എന്നുമായി വിഭജിക്കാം. ഇതിൽ സൈദ്ധാന്തിക ശാസ്ത്രപഠനത്തോടുള്ള അവരുടെ വിമുഖതയാണ് ഈ പിന്നോക്കാവസ്ഥയുടെ മുഖ്യകാരണം. അത് മുസ്‌ലികളെ പാശ്ചാത്യരുടെ രാഷ്ട്രീയ സാമ്പത്തിക അടിമത്വത്തിൽ വരെ എത്തിച്ചിരിക്കുന്നു. പദാർത്ഥ ജന്യമായ കാര്യകാരണ പരമ്പരയുടെ താത്വിക പഠനം ഉൾക്കൊള്ളുന്നതാണ് സൈദ്ധാന്തിക ശാസ്ത്രം. ശാസ്ത്രംഗത്ത് ഇത്തരം സൈദ്ധാന്തിക പഠനമാണ് എക്കാലത്തും മുൻഗാമി. പുതിയ പുതിയ സൈദ്ധാന്തിക പഠനങ്ങളും ഗവേഷണങ്ങളും നിരീക്ഷണങ്ങളും നടത്തി ശാസ്ത്ര സങ്കൽപ്പങ്ങളും നിയമങ്ങളും ആവിഷ്ക്കരിച്ച് ടെക്നോളജിയടക്കം മൊത്തം വൈജ്ഞാനിക ലോകത്തെ ശാസ്ത്രസൈദ്ധാന്തിക പഠനം മുന്നോട്ട് നയിക്കുന്നു. സൈദ്ധാന്തിക ശാസ്ത്രം മൂല്യഗർഭിതമാണ്. അത് തങ്ങളുടെ വിശ്വാസങ്ങളുമായി സംഘട്ടനത്തിലേർപ്പെടുമോ എന്ന് മുസ്‌ലിംകൾ ഭയപ്പെടുന്നു. മഹത്തായ ശാസ്ത്രപാരമ്പ്യമുള്ള ആധുനിക മുസ്‌ലിം രാജ്യങ്ങളൊന്നും തന്നെ സൈദ്ധാന്തിക ശാസ്ത്ര പഠനത്തിന്നുള്ള അന്തരീക്ഷമോ പശ്ചാത്തല സൗകര്യമോ ഇല്ല. അവിടങ്ങളിലെല്ലാം മുസ്‌ലിം സമൂഹം മതപൗരോഹിത്യത്തിന്റെ മേധാശക്തിക്ക് കീഴിലാണ്. പശ്ചാത്യ ലോകം കഠിനമായ ശാസ്ത്ര സൈദ്ധാന്തിക പഠനം നടത്തി കണ്ടെത്തി കനിഞ്ഞരുളിയ ടെക്നോളജി ഇരുകൈകളും നീട്ടി വാങ്ങി അവർ അലസമായി സുഖിച്ചു കഴിയുന്നു. സൈദ്ധാന്തിക പഠനം നടത്താനുള്ള യൂണിവേഴ്സിറ്റികളോ ഗവേഷണകേന്ദ്രങ്ങളോ വിദ്യാഭ്യാസ സമ്പ്രദായങ്ങളോ പ്രൊഫഷനലിസമോ മുസ്‌ലിം നാടുകളിലില്ല. മദ്ധ്യകാല മനസ്ഥിതിക്കാരായ അവർ ആധുനിക ശാസ്ത്ര ചിന്തയെ ഭയപ്പെടുന്നവരാണ്. ഭൗതിക ശാസ്ത്ര പഠനങ്ങളെല്ലാം ദൈവനിഷേധപരമാണ് എന്ന മുൻ വിധിയിലാണ് അവരുള്ളത്. കർമ്മശാസ്ത്ര വിചാരങ്ങളുടെ മനോഗ്രസ്ഥി ബാധിച്ച അവർ ഭൂതകാലത്തിന്റെ തടവുകാരാണ്.

പ്രൊഫ. അബ്ദുസ്സലാം തന്റെ പ്രഭാഷണത്തിൽ വിശുദ്ധ ഖുർആനിൽ സൈദ്ധാന്തിക ശാസ്ത്രത്തിന്റേയും (തഫക്കുർ) സാങ്കേതിക ശാസ്ത്രത്തിന്റെ (തശ്കീർ)യും രണ്ട് പരികൽപനകൾ സൂറ: അൽജാസിയ യിലെ 12,13,14 വചനങ്ങളിൽ ഉദ്ദരിച്ചു പറഞ്ഞത് ശ്രദ്ധേയമാണ്.

**'അല്ലാഹു നിങ്ങൾക്ക് സമുദ്രത്തെ അധീനപ്പെടുത്തിയിരിക്കുന്നു. അവന്റെ അനുജ്ഞയോടെ അതിൽ കപ്പലുകൾ സഞ്ചരിക്കുന്നതിന്നും അവന്റെ അനുഗ്രഹത്തിൽ നിന്നുള്ള ചില (വിഭവങ്ങളെ) നിങ്ങള ന്വേഷിച്ച് സമ്പാദിക്കുന്നതിന്നും നിങ്ങൾ നന്ദികാണിക്കുന്നതിന്നും വേണ്ടി (തശ്കുറൂൻ) ആകാശ ഭൂമികളിലുള്ളതെല്ലാം നിങ്ങൾക്കവൻ കീഴ്പ്പെടുത്തി. അതിൽ ചിന്തിക്കുന്ന മനുഷ്യർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. മനുഷ്യന്ന് ചിന്തിക്കാൻ (യതഫക്കറൂൻ –പ്രകൃതി രഹസ്യങ്ങളെ പ്രപഞ്ചനം ചെയ്യാൻ) അടയാളങ്ങളുണ്ട്.'(വിശുദ്ധ ഖുർആൻ 45: 12, 13, 14)**

**'തഫകുർ'** എന്നാൽ പ്രകൃതി രഹസ്യങ്ങളെ കണ്ടുപിടിച്ച് പ്രപഞ്ചനം ചെയ്യലും അതിന്റെ നിയമങ്ങളെ കണ്ടെത്തലുമാണ്. **'തശ്കീർ'** എന്നാൽ സാങ്കേതിക വിദ്യയിലൂടെ പ്രകൃതിയെ കീഴടക്കലുമാണ്. ഇവ രണ്ടുമാണ് കാലാകാലങ്ങളിലായി മനുഷ്യന്റെ ആവശ്യങ്ങളെ നിവർത്തിച്ചു

വരുന്നത്. വിശുദ്ധ ഖുർആന്റെ തുടർച്ചയായ ഇങ്ങനെയുള്ള ആദേശങ്ങളാൻ മുസ്‌ലിം സമൂഹം ഒരു ബാദ്ധ്യതയാക്കി മാറ്റുകയായിരുന്നു.

ലോകത്ത് 180 കോടി മുസ്‌ലിംകളുണ്ട്. ലോകജനതയുടെ 24.1 ശതമാനം!! വിജ്ഞാനലോകത്തെ ഏറ്റവും സമുന്നത പുരസ്ക്കാരമായ നോബേൽ സമ്മാനത്തെ അടിസ്ഥാനമാക്കി മുസ്‌ലിംകൾ ആഗോള സമൂഹത്തിന്ന് നൽകിയ ബൗദ്ധിക സംഭാവനകൾ എന്താണെന്ന് നോക്കാം. ഫിസിക്സ് കെമിസ്ട്രി, വൈദ്യശാസ്ത്രം, സമാധാനം, സാഹിത്യം (1969 മുതൽ സാമ്പത്തിക ശാസ്ത്രവും) എന്നീ മേഖലകളിൽ 1901 മുതൽ 2020 വരെ 603 തവണയായി വ്യക്തികൾക്കും സംഘടനകൾക്കുമായി 962 നോബൽ സമ്മാനം നൽകപ്പെട്ടിട്ടുണ്ട്. അതിൽ 12 പേർ മാത്രമാണ് മുസ്‌ലിംകൾ. അതിൽ തന്നെ ശാസ്ത്രത്തിന്റെ നൊബേൽ പുരസ്ക്കർത്താക്കൾ 3 പേർ മാത്രമാണ് മുസ്‌ലിംകൾ. പ്രൊഫ. അബ്ദുസ്സലാം- (പാകിസ്താൻ ഫിസിക്സ്-1979), അഹ്മദ് സെവയ്ൽ (ഈജിപ്ഷ്യൻ അമേരിക്കൻ- കെമിസ്ട്രി- 1999), അസീസ് സങ്കാർ- തുർക്കി-കെമിസ്ട്രി 2015) എന്നിവരാണ് അവർ. ബാക്കി 9 പേരാകട്ടെ താൽപര്യങ്ങളാൽ സ്വാധീനിക്കപ്പെടാൻ സാധ്യതയുള്ള സാഹിത്യത്തിന്നും സമാധാനത്തിന്നും ഒരാൾക്ക് സാമ്പത്തിക ശാസ്ത്രത്തിനും നോബേൽ സമ്മാനം നേടിയവരാണ്. അവർ ഇപ്രകാരമാണ്. അൻവർ സാദത്ത് (ഈജിപ്ത്- സമാധാനം-1978), നജീബ് മഹ്ഫൂസ്- (സാഹിത്യം- ഈജിപ്ത്- 1988), യാസർ അറഫാത്ത് സമാധാനം (ഫലസ്തീൻ-1994), ഷറിൻ എബാദി (ഇറാൻ- സമാധാനം 2003), മുഹമ്മദ് അൽ ബറാദി (ഈജിപ്ത്- സമാധാനം- 2005), ഒർഹാൻ പാമുക് (സാഹിത്യം 2006), മുഹമ്മദ് യൂനുസ് (ബംഗ്ലാദേശ്- സാമ്പത്തിക ശാസ്ത്രം-2006), തവക്കൽ കർമാൻ (സമാധാനം-യമൻ 2011), മലാലാ യൂസുഫ് (പക്തൂൺ പാകിസ് താൻ സമാധാനം 2014).

ഇസ്‌ലാമിക രാജ്യങ്ങളിലെ ശാസ്ത്ര ഉൽപ്പാദന ക്ഷമത പരിശോധിക്കാൻ ലോകബാങ്ക് 2018 ൽ വേൾഡ് ബാങ്ക്, അന്തർ ദേശീയ ശാസ്ത്ര ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധങ്ങളെ അടിസ്ഥാനമാക്കി നടത്തിയ ഒരു പഠനത്തിൽ മൊത്തം പ്രസിദ്ധീകരിച്ച് 39,46,933 ശാസ്ത്ര ഗവേഷണ പ്രബന്ധങ്ങളിൽ 3,27,555 (8.29%) മാത്രമാണ് 57 മുസ്‌ലിം രാജ്യങ്ങൾ അംഗങ്ങളായ ഒ എ സി രാജ്യങ്ങളിൽ നിന്നുള്ള പ്രബന്ധങ്ങൾ. അതിൽ തുർക്കിയുടെ സംഭാവന 1.52% ഇറാന്റെത് 1.15% വുമാണ്. അതേ സമയം അമേരിക്കയുടെ സംഭാവന 36% ആണ്. 2020 ൽ 92 രാജ്യങ്ങളിലെ 1,396 ടോപ്പ് റാങ്കിംങ്ങുള്ള 500 യൂണിവേഴ്സിറ്റികളിൽ 57 മുസ്‌ലിം രാജ്യങ്ങളുള്ള OIC യിൽ നിന്നുള്ളത് 14 യൂണിവേഴ്സിറ്റികൾ മാത്രം. മൊത്തം OIC ഇസ്‌ലാമിക ലോകത്ത് ഈ പട്ടികയിലുള്ളത് 179 യൂണിവേഴ്സിറ്റികൾ മാത്രം. ശാസ്ത്രജ്ഞന്മാരാകട്ടെ 10 ലക്ഷം മുസ്‌ലിംകൾക്ക് ഒരാളും. എത്ര പരിതാപകരമാണ് ഈ അവസ്ഥ. (Status of reserch productivity and Higher Education in the members of OIC- By Ikram Ul HaqMuhammad Tanveer, Published, Jan 2020 DigitalCommons@University of Nebraska - Lincoln )

വിശുദ്ധ ഖുർആന്റെ പരിശുദ്ധ ഏടുകളിൽ 750 വചനങ്ങൾ ശാസ്ത്ര സംബന്ധിയാണ്. ഇത് ഖുർആന്റെ എട്ടിലൊന്നോളം വരും മത-സാമൂഹിക വിഷയങ്ങൾക്കായി 250 വചനങ്ങൾ മാത്രമാണുള്ളതെന്നോർക്കണം. പ്രകൃതിയെ അഗാധമായി പഠിക്കാനും ശാസ്ത്ര സംരംഭങ്ങളിൽ മുഴുകാനും അത് സമൂഹത്തിന്റെ അഭിവാജ്യഘടകമാക്കി മാറ്റാനുമുള്ള ഉപദേശങ്ങൾ കൊണ്ട് ആ വിശുദ്ധ ഗ്രന്ഥം നിറഞ്ഞിരിക്കുന്നു. പക്ഷേ മുസ്‌ലിം സമൂഹത്തിന്റെ അന്തരംഗത്ത് ശാസ്ത്ര വിജ്ഞാനം മതവിജ്ഞാനത്തിന്റെ വിപരീതമോ പ്രതിദ്വന്ദമോ ആയിട്ടാണ് ഏറെകുറെ ഗണിക്കപ്പെടുന്നത്. ശാസ്ത്രത്തിന്റെ ചൈതന്യവത്തായ ഒരു വിജ്ഞാനത്വര മുസ്‌ലിം നാടുകളിലോ മുസ്‌ലിം ജനതകളിലോ എവിടെയും ഇന്നില്ല. പരമദയനീയമാണ് അവസ്ഥ. ലോകത്തെല്ലായിടത്തുമുള്ള മുസ്‌ലിം ഉമ്മത്താവട്ടെ അതിനനുസൃതമായി പിന്നോക്കാവസ്ഥയിലുമാണ്. ഏതായാലും ഒരു ആത്മീയമായ പുനരുജ്ജീവനത്തോടൊപ്പമേ മുസ്‌ലിം സാമൂഹികാവസ്ഥയിലും ശാസ്ത്ര ഭൗതിക വിജ്ഞാനത്തിലും ഏന്തെങ്കിലും പുരോഗതിയുണ്ടാകൂ എന്നതാണ് ചരിത്രപാഠം.

---

പേജ് 27 ൽ നിന്ന് തുടർച്ച

ലാണ് തൂലികയുടെ ശക്തി മറന്നുപോകുന്നത് എന്നതാണ് സങ്കടകരമായ കാര്യം. ദൈവത്തിന്റെ മതിപ്പിന് വേണ്ടി ചെയ്യുന്ന നന്മയെ എതിർക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഡോക്കിൻസ്, സദാചാരബോധത്തിന് മതത്തിന്റെ ആവശ്യമില്ലെന്ന അഭിപ്രായം പ്രചരിപ്പിക്കുകയും ചെയ്യുന്നു.

നിരീശ്വരവാദത്തിന്റെ പ്രതിനിധിയായ ഡോക്കിൻസിന്റെയും, യുദ്ധക്കൊതിയനും നിഷ്ഠൂരനുമെന്ന് (നഊദുബില്ലാഹ്) വിമർശിക്കപ്പെടുന്ന ഏഴാം നൂറ്റാണ്ടിലെ ഉപദേശകന്റെയും മര്യാദകളിൽ പ്രകാശവർഷങ്ങളുടെ അന്തരമുണ്ടെന്ന് സംശയാതീതമായി തെളിയിക്കാൻ മുകളിലെ ഉദാഹരണം മതിയായതാണ്. എന്തെല്ലാമായാലും ശരി, 1400 വർഷങ്ങൾക്ക് ശേഷവും, മര്യാദയുടെ ഉത്തമോദാഹരണങ്ങളെന്ന് വാദിക്കുന്നവരെ നിഷ്പ്രഭമാക്കുന്നതിൽ പ്രവാചകകരുണയുടെ മഹനീയ പ്രകാശം വിജയിച്ചുകൊണ്ടിരിക്കുന്നു.(തുടരും)

കുറിപ്പുകൾ

# വൈരുദ്ധ്യാത്മക ഭൗതിക വാദം കാലഹരണപെട്ടുവോ?

മുസാഫിർ

വൈരുദ്ധ്യാത്മക ഭൗതിക വാദം ഇന്ത്യൻ സാഹചര്യങ്ങളിൽ ഈ ഘട്ടങ്ങളിൽ പ്രായോഗിക മല്ലെന്ന് മറ്റാരുമല്ല പറഞ്ഞത്. കമ്മ്യൂണിസ്റ്റ് മാർസ്കിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ (സി പി എം) കേന്ദ്രകമ്മിറ്റി അംഗം ശ്രീ എം വി ഗോവിന്ദൻ മാസ്റ്ററാണ് ഒരു പ്രഭാഷണത്തിൽ ഈ പ്രസ്താവന നടത്തിയത്. പിന്നീട് പല പാർട്ടി സെക്രട്ടറിയേറ്റ് അംഗങ്ങളും ശ്രീ എം വി ഗോവിന്ദന്റെ പ്രസ്താവന യോട് വിയോജിക്കുകയുണ്ടായി. മാർക്സിസ്റ്റ് പ്രത്യയ ശാസ്ത്രത്തി ലും രാഷ്ട്രീയത്തിലും അതീവ ഗൗരവമുള്ളതും ലോകത്ത് വൻ സ്വാധീനമുണ്ടാക്കിയതുമായ ഒരു സാമൂഹിക രാഷ്ട്രീയ ദർശനം എന്ന നിലക്ക് മാർക്സിയൻ സിദ്ധാന്തത്തിലെ ഈ കേന്ദ്രതത്വ ത്തിന്റെ അപ്രായോഗികത ആ ദർശനത്തിൽ കെട്ടിപടുത്ത പാർട്ടി നേതാവ് തന്നെ തള്ളിപ്പറയുമ്പോൾ അദ്ദേഹത്തിന്റെ ഗൗരവമേറിയ പ്രസ്താവന അമ്പരപ്പും അതിശയ വും ഉണ്ടാക്കുന്ന കാര്യമാണ്. മാർക്സിസ്റ്റ് വിജ്ഞാന സാഹിത്യ ത്തിന്റെ അകാദമികമായ പരിചയ ക്കുറവ് കൊണ്ടോ ജനങ്ങളുടെ അഭിരുചിയില്ലായ്മകൊണ്ടോ ജന ങ്ങൾക്ക് ഹരമുണ്ടാക്കുന്ന തിര ഞ്ഞെടുപ്പ് വിഷയങ്ങൾ ചർച്ച ചെയ്യുന്നയത്ര റേറ്റിംങ്ങ് ലഭിക്കാത്ത ത്കൊണ്ടോ ശ്രീ എം വി ഗോവിന്ദ ന്റെ വൈരുധ്യാത്മക ഭൗതിക വാദത്തിന്റെ ഈ തള്ളിപ്പറച്ചിലിന്ന് ടി വി പത്രവാർത്താ മാധ്യമങ്ങളിൽ അത്രമാത്രം ചർച്ചചെയ്യപ്പെട്ടതായി കാണുന്നില്ല. പാർട്ടി അകപ്പെട്ട നാനാവിധമായ ആരോപണങ്ങളിൽ നിന്നും ശ്രദ്ധതിരിക്കാനുള്ള ശ്രമമാ ണിതെന്ന് ചിലർ വ്യാഖ്യാനിക്കുന്നു. പിന്നീട് മാധ്യമങ്ങൾ തന്റെ പ്രസ്താവന വളച്ചൊടിച്ചതാണെന്ന് പറഞ്ഞ് കുമ്പസാരിച്ചാൽ അപ്പോൾ അകപ്പെട്ട പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധമാറിക്കിട്ടുമല്ലോ എന്ന നിലപാടാണിത് എന്നാണ് മറ്റു ചിലർ പറയുന്നത്. അത്പോലെ മതവർഗ്ഗീ യതയുടെ ചുഴിയിൽ പെട്ട കേരള രാഷ്ട്രീയം ഭൗതികവാദത്തിൽ നിന്നും അൽപ്പം മതപക്ഷത്തേക്കു ള്ള പാർട്ടി വ്യതിയാനം വിളംബര പ്പെടുത്താനാണ് ഈ പ്രസ്താവന എന്ന് ആരോപിക്കുന്നവരുമുണ്ട്. ഏതായാലും മാർക്സിസത്തിന്റെ കേന്ദ്രതത്വത്തിന്റെ അപ്രായോഗി കത തള്ളിപറയുന്നത് പാർട്ടിയുടെ പ്രത്യയശാസ്ത്ര നിലപാടിനെ സംബന്ധിച്ചേടത്തോളം ആത്മ ഹത്യാപരമാണ്. മാത്രമല്ല മതത്തെ യും ദൈവത്തെയും എതിർക്കാൻ മാർക്സിസം ഉപയോഗിച്ച പ്രത്യയ ശാസ്ത്ര ഉപകരണവും വൈരുദ്ധ്യാ ധിഷ്ഠിത ഭൗതിക വാദമാണ്. ഈ തത്വം ശാസ്ത്രീയമാണെങ്കിൽ ഇന്ത്യയിലെ ഏത് സാമൂഹികാ വസ്ഥയിലും അത് പ്രായോഗിക മാകേണ്ടതല്ലേ. ഈ കുറിപ്പുകാരന്ന് പാർട്ടിയുടെ കക്ഷി രാഷ്ട്രീയ ത്തോടും തിരഞ്ഞെടുപ്പ് രാഷ്ട്രീയ ത്തോടും പ്രത്യേകിച്ച് യാതൊരു എതിർപ്പുമില്ല. മാത്രമല്ല അവർ ഇന്ത്യൻ രാഷ്ട്രീയത്തിൽ ചില നല്ല മൂല്യങ്ങൾ മുറുകെ പിടിക്കാനും ശ്രമിക്കുന്നവരാണ്. മാർക്സിസ്റ്റ് പാർട്ടി പ്രത്യയശാസ്ത്രാധിഷ്ഠിത മായ ഒരു വിപ്ലവ പ്രസ്ഥാനമാണെ ന്ന അവകാശവും മതങ്ങളെ പറ്റി വ്യക്തമായ കാഴ്ച്ചപാടും ഉള്ളത് കൊണ്ടാണ് ഇത് ഇവിടെ ചർച്ച ചെയ്യുന്നത്. ഭൗതികവാദപരവും മതവിരുദ്ധമായ ഒരു ദാർശനിക തത്വത്തിന്റെ അപ്രായോഗികതയെ പറ്റിയും അപജയത്തെപറ്റിയുള്ള തിരിച്ചറിവുകൾ ആ പാർട്ടിയുടെ അനിഷേധ്യനായ ഒരു നേതാവിൽ നിന്നു തന്നെയുണ്ടായി എന്ന വസ്തുതയോടുള്ള പ്രതികരണം മാത്രമാണിത്.

ശ്രീ എം വി ഗോവിന്ദന്റെ പ്രസ്താവന ഇപ്രകാരമാണ് 1789 ൽ ഫ്രഞ്ചു വിപ്ലവത്തെ തുടർന്ന് രൂപം കൊണ്ട ബൂർഷ ജനാധിപത്യ ത്തിലേക്ക് പോലും ഇന്ത്യൻ ജനാധി പത്യം വളർന്നിട്ടില്ല. ബൂർഷാ വിജയങ്ങൾ ജനാധിപത്യ വിജയ മായി വ്യാഖ്യാനിക്കപ്പെട്ടു.

ഭൗതികവാദ നിലപാട് പോലും സ്വീകരിക്കാൻ കഴിയാത്ത ഒരു സമൂഹത്തിൽ വൈരുദ്ധ്യാത്മക ഭൗതിക വാദ ദർശനം പകരം വയ്ക്കുക എന്നത് ഇന്ത്യൻ

സാഹചര്യത്തിൽ സാധിക്കുന്ന ഒന്നല്ല. വിശ്വാസികളെയും വിശ്വാസ ത്തിന്ന് അടിസ്ഥാനമായിട്ടുള്ള ദൈവികമായ സങ്കൽപ്പങ്ങളെയും തള്ളി പറഞ്ഞുകൊണ്ട് വൈരുദ്ധ്യാ ത്മക ഭൗതികവാദം എന്ന ദാർശനി ക പ്രപഞ്ചത്തെ ഇന്നത്തെ ഈ ഫ്യൂഡൽ പശ്ചാത്തലത്തിൽ മുൻനിർത്തി മുന്നോട്ടു കൊണ്ടു പോകാനാകില്ല. (മനോരമ ഓൺ ലൈൻ 8 ഫെബ്ര: 2021)

വൈരുദ്ധ്യാത്മക ഭൗതിക വാദം (Dialectical Materialism) പ്രതിപാദിക്കുന്നതിന്ന് മുമ്പ് എന്താ ണ് ഭൗതിക വാദം എന്ന് ഹ്രസ്വമായി പറയാം. ഭൗതിക വാദം എന്നാൽ, നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് സംവേദിക്കാൻ കഴിയുന്ന പദാർത്ഥ ലോകമാണ് എല്ലാം നിർണ്ണയിക്കു ന്നത് എന്ന വാദമാണ് ഭൗതിക വാദം. പദാർത്ഥ ലോകം അല്ലാതെ ഒരസ്തിത്വമില്ല. നമ്മുടെ മനസ്സിൽ നിന്നും അഥവാ ബോധത്തിൽ നിന്നും സ്വതന്ത്രമായി നിലകൊള്ളു ന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യമാണ് ഭൗതിക പ്രപഞ്ചം. ബോധം തന്നെ ഭൗതിക പ്രപഞ്ചത്തിന്റെ സൃഷ്ടി യാണ്. ഭൗതിക പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രൂപം ചലനമാണ്. ചലനാത്മകമായ ഈ ഭൗതിക പ്രപഞ്ചത്തിലെ പ്രതിഭാസങ്ങൾ പരസ്പര വൈരുദ്ധ്യത്തിലൂടെയും സംഘട്ടനത്തിലൂടെയും പരസ്പര പ്രതിപ്രവർത്തിച്ചാണ് നിലനിൽക്കു ന്നതും വളരുന്നതും. ഇതിനെയാണ് വൈരുദ്ധ്യാത്മക ഭൗതിക വാദം (Dialectical Materialism) എന്ന് പറയുന്നത്.

പ്രപഞ്ചത്തിൽ പ്രാഥമികമായ ത് പദാർത്ഥമായതിനാൽ ആശയം അല്ലെങ്കിൽ മനസ്സ് അഥവാ ബോധം പിന്നീടുണ്ടായതാണെന്നും പ്രപ ഞ്ചം യാതൊരു ശക്തിയുടെയോ ആശയത്തിന്റെ സൃഷ്ടിയല്ലെന്നു മാണ് വൈരുദ്ധ്യാത്മക വീക്ഷണം പറയുന്നത്. ആ നിലക്കാണ് ഈ ദർശനം ബോധാത്മകമായ ഒരു ശക്തി അഥവാ ദൈവം സ്രഷ്ടാ വായി ഇല്ല എന്ന മതവിരുദ്ധമായ നിഷേധാത്മക സങ്കൽപ്പം അവതരി പ്പിക്കുന്നത്.

മാക്സിസത്തിന്റെ ഉപജ്ഞാ താവായ കാൾ മാക്സ് തന്റെ കൃതികളിലെവിടെയും വൈരുദ്ധ്യാ ത്മക ഭൗതിക വാദം (Dialectical Materialism) എന്ന് ഉപയോഗി ച്ചിട്ടില്ല. പകരം ചരിത്രപരമായ ഭൗതിക വാദം (Historical Materialism) എന്നാണ് ഉപയോഗിച്ചത്. മാർക്സ് ഈ വൈരുദ്ധ്യം ഒരു പ്രകൃതിനിയമം പോലെ കാണുക യും അത് മനുഷ്യ സമൂഹത്തിന്റെ ചരിത്രത്തെ വിലയിരുത്താനും ചരിത്രം നിർമ്മിക്കാനും അദ്ദേഹം ഉപയോഗിക്കുകയും ചെയ്യുന്നു. ചരിത്രം മുന്നേറുന്നത് രണ്ട് വിരുദ്ധ ശക്തികളുടെ സംഘട്ടനത്തിലൂടെ യാണെന്നും അതിൽ ഒന്ന് പൂർവ്വപക്ഷം (തിസീസ് ) മറ്റേത് അപര പക്ഷവും (ആന്റി തീസീസ്). ഇവ രണ്ടും തമ്മിലുള്ള സംഘട്ടനാന ന്തരം സംപക്ഷം (സിന്തസിസ്) രൂപം കൊള്ളുമെന്നും അത് വീണ്ടും മറ്റൊരു പ്രക്രിയയുടെ പൂർവ്വ പക്ഷമായി (തീസീസ്) മാറുമെന്നുമാണ് മാർക്സ് പറയുന്ന ത്. അദ്ദേഹത്തിന്റെ അഭിപ്രായ ത്തിൽ ചരിത്രം എന്നത് ഇത്തരത്തി ലുള്ള ദ്വന്ദാത്മകമായ സാമ്പത്തിക വർഗ്ഗങ്ങളുടെ സംഘട്ടനമാണ്.

ഇത്തരത്തിൽ ശാസ്ത്രീയം എന്ന് മർക്സ് പറഞ്ഞ വൈരുദ്ധ്യാ ധിഷ്ഠിത ഭൗതിക വാദത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത സോവ്യറ്റ് യൂണിയൻ എന്ന കമ്മ്യൂണിസ്റ്റ് ഭരണകൂടം 1917 ൽ ലെനിൻ നയിച്ച വിപ്ലവം മുതൽ 1991 ൽ മിഖയിൽ ഗോർബച്ചേവ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണ ഘടനാ പരമായ പങ്ക് നീക്കം ചെയ്യുന്നത് വരെ 74 വർഷം മാത്രമേ നിലനിന്നുള്ളൂ. ലോകത്തിലെ ഏറ്റവും വലിയ രാജ്യമായിരുന്നു സോവ്യറ്റ് റഷ്യ. (22,400,000 ച കി. മീ) അതായത് ഭൂമിയുടെ ഉപരിതല ത്തിന്റെ ആറിൽ ഒന്ന് ഭാഗം. ജനസംഖ്യയാകട്ടെ 29 കോടിയും. ലോകത്തെ ഏറ്റവും വലിയ എണ്ണ ഉൽപ്പാദക രാജ്യമായിരുന്നു സോവ്യറ്റ് യൂണിയൻ. ഇത്രയും ഭൗതിക വിഭവ സമൃദ്ധി ഉണ്ടായിട്ടും സംഭവിച്ചത് ദുരന്തമാണ്.

റഷ്യൻ വിപ്ലവകാലത്തും അനന്തരവും ലക്ഷക്കണക്കിന്ന് ആളുകളെ ജീവൻ നഷ്ടപ്പെടുത്തി യും വ്യക്തി സ്വാതന്ത്ര്യം ഭീകര മായി അടിച്ചമർത്തിക്കൊണ്ടും കെട്ടിപ്പടുത്ത ശാസ്ത്രീയ സോഷ്യ ലിസം എന്ന് വിശേഷിപ്പിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് രാഷ്ട്രം ചീട്ടുകൊട്ടാ രം പോലെ പൊട്ടിത്തകരുകയായി രുന്നു. കമ്പോളം എന്ന മുതലാളി ത്ത പ്രതിഭാസം ഇല്ലാത്ത സോവിയ റ്റ് യൂണിയനിൽ ചരക്കുകൾ ഉൽപ്പാദിപ്പിച്ചിരുന്നത് അവർ പറഞ്ഞ ശാസ്ത്രീയമായ ആസൂത്ര ണത്തിലൂടെയായിരുന്നു. ഇതിന്റെ ഫലമായി അവശ്യ വസ്തുക്കൾക്ക് ഉപഭോഗവസ്തുക്കൾക്കും ദീർഘ മേറിയ ക്യൂവിൽ മനുഷ്യജീവിത ത്തിന്റെ വലിയൊരു പങ്ക് ചിലവഴി ക്കേണ്ടി വന്നു. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ പറുദീസയായി സോവ്യറ്റ് യൂണിയൻ മാറി.

മതരഹിത രാഷ്ട്രമായി പ്രഖ്യാ പിക്കുകയും മതസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുകയും ചെയ്ത സോവ്യറ്റ് യൂണിയനിൽ, സ്റ്റേറ്റിന്റെ പതനത്തിന്ന് ശേഷം മതവിശ്വാസ ങ്ങളെല്ലാം തിരിച്ചുവരാൻ തുടങ്ങി, റഷ്യയിൽ മതങ്ങളെല്ലാം ഇന്ന് സജീവമാണ്. മതം, സംസ്ക്കാരം, രാഷ്ട്രീയം, കല, സാഹിത്യം, നിയമം, മനുഷ്യന്റെ സാമൂഹിക ബോധം ഇവയെല്ലാം ഉൽപ്പാദനോ പാദികളുടെ പ്രതിഫലനമാണെന്ന് സാങ്കേതിക വിദ്യയിലൂടെയുള്ള ഉൽപ്പാദനോപാദികൾ മാറുന്നതനു സരിച്ച് അനിവാര്യമായും സാമൂഹി ക ബന്ധങ്ങളിൽ മാറ്റങ്ങളുണ്ടാ ക്കുകയും മേൽപറഞ്ഞ സാമൂഹിക സ്ഥാപനങ്ങളെല്ലാം മാറുമെന്നും വൈരുദ്ധ്യാത്മക ഭൗതിക വാദം പറയുന്നു. ഈ സാങ്കേതിക വികാസങ്ങളിലൂടെ ഉൽപ്പാദന-സാമ്പത്തിക ബന്ധങ്ങൾ അതിശീ

ശേഷം പേജ് 43 ൽ

# മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് – ഒരു അനുസ്മരണം

**മാലിക്ക് അമീൻ, കാക്കനാട്**

അകാലത്തിൽ കൊഴിഞ്ഞ് വീണ ഒരു പുഷ്പം പോലെ, മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബിന്റെ വഫാത്ത് ഒരു നൊമ്പരമായി, ഒരു വിങ്ങലായി, ഒരു നെരിപ്പോട് പോലെ നീറുകയാണ്. കാലം കാത്തു വെച്ചിരിക്കുന്ന മരണം, എപ്പോഴാണ് ഒരു മയ്യത്ത് കട്ടിലുമായി കടന്നുവരികയെന്നത് അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയില്ലല്ലോ.

2021 ഫെബ്രുവരി മാസം 14നു മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, ഇഹലോകത്തോട് വിട പറയുമ്പോൾ, അദ്ദേഹം താണ്ടി കടന്നു പോയ വീഥികൾ, വഴി വിളക്കുകൾ മാതിരി പ്രകാശം തൂവി ദിശാബോധം നൽകുന്ന അനുഭൂതിയിലാണ്. ഖാദിയാനിൽ, ദഅവത്തെ ഇലല്ലായുടെ നായിബ് നാസിർ, സൗത്ത് ഇന്ത്യ ആയി ഊർജ്വസ്വലതയോടെ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോഴാണ് അപ്രതീക്ഷിതമായ അദ്ദേഹത്തിന്റെ ഈ വേർപാട് ഒരു നെട്ടലോടെ ശ്രവിക്കേണ്ടി വന്നത്. ആ ഞെട്ടലിൽ പകച്ചു നിൽക്കുമ്പോൾ, എന്റെ അകതാരിൽ അലയടിച്ചുയർന്ന ചില ഓർമ്മകൾ ഇവിടെ കുറിക്കട്ടെ.

എറണാകുളം ജില്ലയുടെ ആസ്ഥാനമായ കാക്കനാടിലെ വാഴക്കാലയിൽ മർഹൂം വി. എ മുഹമ്മദ് മാസ്റ്ററിന്റേയും നഫീസാ മുഹമ്മദിന്റേയും മൂന്നാമത്തെ മകനായാണ് 1966 ഏപ്രിൽ 9നാണ് മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് ജനിക്കുന്നത്. വാഗ്ദത്ത മസീഹിന്റെ സന്ദേശം, ഒരു മന്ദമാരുതനെ പോലെ കാക്കനാട് ദേശത്തെ തൊട്ട് തലോടാനാരംഭിക്കുമ്പോൾ തന്നെ, അദ്ദേഹം അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി. സ്കൂൾ അദ്ധ്യാപകനായ പിതാവ് മുഹമ്മദ് മാസ്റ്ററിൽ നിന്നാണ് അഹ്മദിയ്യത്തിന്റെ സന്ദേശം നജീബ് ഖാൻ സാഹിബും കുടുംബത്തിലെ മറ്റ് അംഗങ്ങളും മനസ്സിലാക്കിയിരുന്നത്. പിതാവ് വായിക്കുവാനായി ഒളിപ്പിച്ചു വെച്ചിരുന്ന ഇസ്ലാം മത തത്വജ്ഞാനം എന്ന പുസ്തകം മാതാവ് കാണുകയും, അങ്ങനെ ആ ഗ്രന്ഥം വായിക്കാനിടവരുകയും ചെയ്തു. ആ സമയത്ത്, അദ്ദേഹത്തിന്റെ പിതാവ് കാക്കനാടിലെ പടമുഗൾ സുന്നി മുസ്ലിം മഹല്ല് ജമാഅത്ത് ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു.



തുടർന്ന് 1984 ഒക്ടോബർ 10ന് പതിനെട്ട് വയസ്സ് പ്രായമുള്ളപ്പോൾ, എറണാകുളത്ത് മുബല്ലിഗായി പ്രവർത്തിച്ചു വന്നിരുന്ന മൗലവി അലവി സാഹിബിനു സമക്ഷം ബൈഅത്ത് ചെയ്ത് മുഹമ്മദ് നജീബ് ഖാൻ സാഹിബ് ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. പൊതുവെ ആരിൽ നിന്നും പെട്ടെന്ന് ബൈഅത്ത് സ്വീകരിക്കുന്ന പതിവില്ലാത്ത മൗലവി സാഹിബ് ഇങ്ങനെ ചെയ്യാൻ കാരണമെന്തായിരുന്നുവെന്നന്വേഷിച്ചവരോടായി അദ്ദേഹം അന്ന് രാവിലെ സുബഹി നമസ്കാരനന്തരം ചെറുതായൊന്ന് മയങ്ങിയപ്പോൾ താൻ കണ്ട ഒരു ദർശനത്തെക്കുറിച്ച് പറഞ്ഞു. 'കിഴക്ക് നിന്ന് കുറച്ച് നക്ഷത്രങ്ങൾ എന്റെയടുത്തേക്ക് വരുന്നതായും അതിൽ ഒരു കുഞ്ഞു നക്ഷത്രം വളരെ വേഗത്തിൽ, മറ്റുള്ളവരെയെല്ലാം പിന്നിലാക്കികൊണ്ട് എന്റെയടുത്തേക്ക് ഓടിവരുന്നുണ്ടായിരുന്നു. ഇവൻ ബൈഅത്ത് ചെയ്യണമെന്ന് പറഞ്ഞപ്പോൾ ഞാൻ സമ്മതിക്കാൻ കാരണമതായിരുന്നു. അങ്ങനെ മൗലവി അലവി സാഹിബ് കണ്ട ദർശനത്തിന്റെ പുലർച്ചയായിരുന്നു മൗലവി നജീബ് ഖാൻ സാഹിബിന്റെ ബൈഅത്ത്.

ബൈഅത്തിനു ശേഷം, മുഹമ്മദ് നജീബ് ഖാൻ സാഹിബ് ചില സ്വപ്നങ്ങൾ കാണുകയുണ്ടായി. അതിലൊരു സ്വപ്നത്തിൽ, അദ്ദേഹം ഇടുങ്ങിയ ഒരു കോണിപ്പടി കണ്ടു. അതിലൂടെ, കയറുവാൻ ശ്രമിച്ചെങ്കിലും കയറുവാൻ പറ്റാതെ തിരിച്ചിറങ്ങുകയാണ്. പിന്നീട് വിശാലമായ ഒരു കോണിപ്പടിക്ക് സമീപം രണ്ടു പെൺകുട്ടികൾ വുളു എടുക്കുന്നതായി കണ്ടു. ആ കോണിപ്പടിയിലൂടെ പ്രവേശിച്ചപ്പോൾ, പച്ച പരവതാനി നീളെ വിരിച്ച ഒരു സ്ഥലത്ത് അദ്ദേഹം എത്തുകയുണ്ടായി. അവിടെ, ശുഭ്രവസ്ത്രധാരിയായ പ്രായമേറിയ ഒരു വ്യക്തിയെ കണ്ടു. കൂടാതെ, ഉർദുവിലെഴുതിയ തന്റെ ഉത്തരക്കടലാസ് അവിടെ കിടക്കുന്നതായും അദ്ദേഹം കണ്ടു.

മൗലവി അലവി സാഹിബുമായി ഈ സ്വപ്നം പങ്കു വെച്ചപ്പോൾ, ആത്മീയ വിദ്യാഭ്യാസത്തിനായി, ജാമിഅയിൽ പോയി പഠിക്കുവാനുള്ള ഒരു സൂചനയാണിതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഹസ്രത്ത് മസീഹ് മഊദ് (അ)ന്റെ ജന്മഗേഹമായ ഖാദിയാനിലേക്ക് യാത്ര പുറപ്പെടാൻ നജീബ് ഖാൻ സാഹിബ് തീരുമാനിച്ചു. ജാമിയയിൽ ചേർന്നു പഠിക്കുക എന്ന ലക്ഷ്യമായിരുന്നു, ആ കൗമാരക്കാരന്റെ മനസ്സിനെ മഥിച്ചു കൊണ്ടിരുന്നത്. മകന്റെ ഈ ആഗ്രഹത്തിന് പിതാവിനോ മാതാവിനോ എതിർപ്പ് ഉണ്ടായിരുന്നില്ല. അവർ മകന്റെ ഇഷ്ടത്തിനു വഴി മാറി നിന്നു. എന്നാൽ, ഖാദിയാൻ ദേശം എവിടെയാണെന്ന് പോലും അറിയാത്ത മാതാപിതാക്കൾ, മകന്റെ കൂടെ, ഖാദിയാനിലെക്ക് പോകുവാൻ ആരെങ്കിലും വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇതിനിടെ, നജീബ് ഖാൻ സാഹിബിന്റെ പിതാവ് ഒരു സ്വപ്നം കാണുകയുണ്ടായി. സ്വപ്നത്തിൽ, വീടിന്റെ നമ്പർ ചോദിച്ച്, രണ്ട് ആളുകൾ വരുകയാണ്. ഇത് പറയുവാനായി, നജീബ് സാഹിബിനെയാണ് പിതാവ് ഏൽപിക്കുന്നത്. അങ്ങനെയിരിക്കെയാണ്, ഇൻസ്പെക്ടറായ മൗലവി അബുൽ ഹക്ക് സാഹിബിന്റെ ഒപ്പം മകനെ ഖാദിയാനിലേക്ക് അയക്കാവുന്നതാണെന്ന് അറിയുന്നത്. നജീബ് ഖാൻ സാഹിബിനെ കൂട്ടുവാനായി വന്ന മൗലവി അബ്ദുൽ ഹക്ക് സാഹിബിനെ കണ്ട വേളയിലാണ് ഇത് താൻ സ്വപ്നത്തിൽ വീടിന്റെ നമ്പർ ചോദിച്ചു വന്നവരിൽ ഒരാളാണെന്ന് പിതാവ് തിരിച്ചറിയുന്നത്.

അങ്ങനെ, 1985 ആഗസ്റ്റ് മാസം 14ന് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും ഹിമസാഗർ എക്സ്പ്രെസ്സിൽ നജീബ് ഖാൻ സാഹിബ് ഇൻസ്പെക്ടർ അബുൽ ഹക്ക് സാഹിബിനൊപ്പം ഖാദിയാനിലേക്ക് യാത്രയായി. ഏകദേശം അഹ്മദികളും അനുഭാവികളുമായി മുപ്പതോളം പേർ റെയിൽവേ സ്റ്റേഷനിൽ യാത്രയക്കാൻ എത്തിയിരുന്നു.

ഖാദിയാനിൽ എത്തിയ ശേഷം, ജാമിയയിൽ പഠിക്കാനായി അദ്ദേഹത്തിനു പ്രചോദനം നൽകിയ ആ സ്വപ്നം പൂർത്തിയാവുകയുണ്ടായി. സ്വപ്നത്തിലെ പച്ച വിരിച്ച സ്ഥലം യഥാർത്ഥത്തിൽ, മസ്ജിദ് മുബാറക്ക് ആയിരുന്നു. അദ്ദേഹം മസ്ജിദ് മുബാറക്കിൽ എത്തിയ നേരത്ത്, രണ്ട് പെൺകുട്ടികൾ വുളു എടുക്കുന്നുണ്ടായിരുന്നു. പള്ളിയിൽ പ്രവേശിച്ചപ്പോളാകട്ടെ, സ്വപ്നത്തിൽ ദർശിച്ച ശുഭ്രവസ്ത്രദാരിയായ തലപ്പാവണിഞ്ഞ അതേ വ്യക്തിയേയും കണ്ടു മുട്ടി. യഥാർത്ഥത്തിൽ, സദർ അഞ്ചുമൻ അഹ്മദിയ്യയുടെ സദർ ആയിരുന്ന മൗലാനാ ഹക്കീം മുഹമ്മദ് ദീൻ സാഹിബായിരുന്നു അത്. താൻ കണ്ട സ്വപ്നം അതേ പോലെ തന്റെ കൺമുന്നിൽ യാഥാർത്ഥ്യമായാത് അദ്ഭുതത്തോടെയാണ് അദ്ദേഹമെന്നും ഓർമ്മിക്കാറുണ്ടായിരുന്നത്.

ഇതേ സമയം നാട്ടിൽ, മകനെ ഖാദിയാനിലേക്ക് യാത്രയാക്കിയതിനു ശേഷം പിതാവായ മുഹമ്മദ് മാസ്റ്റർ തന്റെ ഇളയ മകനോടൊപ്പം എറണാകുളം ജമാഅത്തിൽ പോയി മൗലവി മുഹമ്മദ് അലവി സാഹിബിനു സമക്ഷം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി. ഇതറിഞ്ഞ പടമുഗൾ മഹല്ല് പള്ളി കമ്മറ്റി, മുഹമ്മദ് മാസ്റ്ററേയും കുടുംബത്തേയും മഹല്ലിൽ നിന്നു പുറത്താക്കുകയും ബഹിഷ്ക്കരണം പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. ഇവിടെ എതിർപ്പും ബഹിഷ്ക്കരണവും തകൃതിയായി കൊടുമ്പിരി കൊള്ളുമ്പോൾ ഖാദിയാനിൽ നജീബ് സാഹിബ് ജാമിഅയിലെ പഠനം വിജയകരമായി പൂർത്തിയാക്കുകയും എച്. എ. ബിരുദം കരസ്ഥമാക്കുകയും ചെയ്തിരുന്നു.

കർമ്മനിരതനായ ഒരു മുബല്ലിഗായി കൊണ്ട്, ഇന്ത്യയുടെ പല സ്ഥലങ്ങളിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. ചണ്ഡീഗഡ്, ആൻഡമാൻ നിക്കോബാർ, ഡൽഹി, കൊല്ലം, തിരുവനന്തപുരം, കാക്കനാട്, ആലപ്പുഴ എന്നീ ജമാഅത്തുകളിൽ തന്റെ നിസ്സീമമായ പ്രവർത്തനങ്ങളുടെ കൈയ്യൊപ്പ് ചാർത്തി കൊണ്ടാണ് അദ്ദേഹം കടന്നു പോയിട്ടുള്ളത്.

1992 ൽ മുബല്ലിഗായി ഇറങ്ങിയ ശേഷം ചണ്ഡീഗഡിലാണ് ആദ്യമായി അദ്ദേഹം സേവനം അനുഷ്ടിച്ചത്. ഒരു വർഷത്തിനു ശേഷം, 1993ൽ ആൻഡമാൻ നിക്കോബാറിലേക്ക് അദ്ദേഹത്തിന് മാറ്റം ലഭിച്ചു. അവിടെ ജമാഅത്തിന്റെ പള്ളി നിൽക്കുന്ന സ്ഥലം അനഹ്മദികൾ കൈയ്യേറിയ അവസ്ഥയിലായിരുന്നു. പള്ളിയുടെ സ്ഥലം വിട്ടു കിട്ടുന്നതിനായി ശ്രമിച്ച നജീബ് ഖാൻ സാഹിബിനു മേൽ എതിരാളികൾ, ബലാൽസംഗ കേസ് ചുമത്തുകയുണ്ടായി. ഭാഗ്യവശാൽ, അന്ന് സ്ഥലത്തുണ്ടായിരുന്നു എസ്. ഐ ഒരു മലയാളിയായിരുന്നു. അങ്ങനെ, അല്ലാഹുവിന്റെ അതി മഹത്തായ അനുഗ്രഹത്താൽ കേസിന് ജമാഅത്തിന് അനുകൂലമായ വിധി വരുകയുണ്ടായി. പിന്നീട്, ആൻഡമാനിലെ പള്ളിയുടെ പുനർനിർമാണത്തിൽ ഒരു വലിയ പങ്ക് വഹിക്കുവാൻ അല്ലാഹു അദ്ദേഹത്തിന് സൗഭാഗ്യം നൽകുകയുണ്ടായി. ആൻഡമാൻ നിക്കോബാറിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അനുമോദിച്ചുക്കൊണ്ട് ഖലീഫത്തുൽ മസീഹ് റാബിഅ് തിരുമനസ്സ് അയച്ച കത്ത് അദ്ദേഹം നിധി പോലെ സൂക്ഷിചിരുന്നു.

തുടർന്ന്, 1995ൽ ഡൽഹിയിൽ സേവനം അനുഷ്ടിക്കുവാൻ തുടങ്ങി. പിന്നീട്, 1997ൽ നാട്ടിലേക്ക് വരുകയും കൊല്ലം, തിരുവനന്തപുരം, കാക്കനാട്, ആലപ്പുഴ എന്നീ ജമാഅത്തുകളിൽ സേവനം അനുഷ്ടിക്കുകയും ചെയ്തു. ആലപ്പുഴ പള്ളിയുടെ പുനർനിർമാണവുമായി ബന്ധപ്പെട്ട്, അദ്ദേഹത്തിന്റെ സ്തുത്യർഹമായ പ്രവർത്തനങ്ങൾ വിസ്മരിക്കാൻ കഴിയില്ല.

അഹ്മദി സഹോദരങ്ങളുടെ വിവാഹകാര്യങ്ങളിലും കുടുംബ പ്രശ്നങ്ങളിലും ഇടപെട്ടുകൊണ്ട് പരിഹാരങ്ങളുണ്ടാക്കിയിരുന്നു. അത് തന്റെ ഉത്തരവാദിത്വമായി കാണുകയും മനസ്സിലാക്കുകയും ചെയ്തിട്ടുള്ള വ്യക്തിത്വമായിരുന്നു.

അദ്ദേഹം നല്ലൊരു സംഘാടകനും എഴുത്തുകാരനുമായിരുന്നു. ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അൽവസിയ്യത്ത്, തജല്ലിയാത്തെ ഇലാഹിയ്യ, ഇർഫാനെ ഇലാഹി എന്നീ ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി.

കേരളത്തിലെ അഹ്മദി കുട്ടികൾക്ക് വേണ്ടി വഖ്ഫെ നൗ സിലബസ്സിനെ ആധാരമാക്കി അദ്ദേഹം തയ്യാറാക്കിയ നിസാബെ തഅലീം എന്ന മദ്രസ്സാ പാഠപുസ്തകങ്ങൾ അദ്ദേഹത്തിന്റെ അക്കാദമിക് മികവിന്റെയും ദൂരക്കാഴ്ചയുടെയും ഭാവനാശേഷിയുടെയും മനോഹരമായ കാഴ്ചയാണ്. യസ്സർനൽ ഖുർആൻ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുകയും 'വഖ്ഫെ നൗ പദ്ധതിയും നമ്മുടെ ഉത്തരവാദിത്ത്വങ്ങളും' എന്ന പേരിൽ ഖലീഫ തിരുമനസ്സിന്റെ ഖുത്തുബകളെ ക്രോഡീകരിക്കുകയുമുണ്ടായി.

1991ൽ ഖലീഫത്തുൽ മസീഹ് റാബിഅ് തിരുമനസ്സുമായി മുലാഖാത്തിനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. ഖലീഫത്തുൽ മസീഹ് അഞ്ചാമൻ കേരളത്തിൽ വന്നപ്പോൾ, എറണാകുളത്ത് നടന്ന യോഗത്തിൽ, ഉർദുവിൽ ആമുഖ പ്രഭാഷണം നൽകുവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. പിന്നീട്, 2018ലെ യു.കെ ജലസയിൽ ഹുസൂർ തിരുമനസ്സിന്റെ ക്ഷണിതാക്കളിൽ ഒരാളാകാനും ഹുസൂർ തിരുമനസ്സ് പ്രസംഗിക്കുന്ന സമയത്ത്, ആ വേദിയിൽ ഇരിക്കുവാനുമുള്ള സൗഭാഗ്യം ലഭിച്ചു.

ദഅവത്തെ ഇലല്ലായുടെ കേരള ഇൻ ചാർജായും നൂറുൽ ഇസ്ലാം വകുപ്പിന്റെ നാഇബ് നാസിറുമായി അദ്ദേഹം പ്രവർത്തിച്ചു. വിട പറയുമ്പോൾ ദഅ്വത്തെ ഇലല്ലായുടെ നായിബ് നാസിർ എന്ന ഉത്തരവാദിത്വം നെഞ്ചിലേറ്റി കൊണ്ട്, കർമ്മ നിരതനായിരുന്നു.

അവസാനമായി, അദ്ദേഹം കേരളത്തിൽ എത്തിച്ചേർന്നത്, 2019ൽ അമീർമാരുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടായിരുന്നു. ആ ഉത്തരവാദിത്വം നിറവേറ്റിയതിനു ശേഷം കൈ കൊടുത്ത് സലാം ചൊല്ലി പിരിയുമ്പോൾ, ആരും തന്നെ വിചാരിച്ചിട്ടുണ്ടാകില്ല, ഇനി ഒരിക്കലും മടങ്ങി വരാത്ത ഒരു വിടപറച്ചിലായിരിക്കുമെന്ന്

അല്ലാഹു അദ്ദേഹത്തിനു മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ. ഭാര്യ: ബുഷ്റ. മക്കൾ: മുഹമ്മദ് ഹസീബ് അഹ്മദ്, മുഹമ്മദ് നസീബ് അഹ്മദ്, മുഹമ്മദ് മുനീബ് അഹ്മദ്.

# മൗലവി മുഹമ്മദ് നജീബ് ഖാൻ

**ഫൈസൽ അബ്ദുൽഖാദർ, ആലപ്പുഴ**

ജനിച്ചാൽ ഈ ഭൂമിയിൽ നിന്നും വിട പറയുകയെന്നത് സുനിശ്ചിതമായ ദൈവിക നിയമമാണ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം മരണമെന്നുള്ളത് തന്റെ ദൈവം തനിക്കായ് വാഗ്ദാനം നൽകിയിരിക്കുന്ന അനുഭൂതിദായകമായിട്ടുള്ള മറ്റൊരു ജീവിതത്തിന് വേണ്ടിയുള്ള ഒരു താത്കാലിക പര്യവസാനം മാത്രമാണ്.

എന്നിരുന്നാലും മനുഷ്യൻ ഏറെ ദുർബലനായതുകൊണ്ട് വേർപാടുകളെന്നും ഏറെ വേദനാനിർഭരമാണ്, പ്രത്യേകിച്ചും ചില അപ്രതീക്ഷിത വിടവാങ്ങലുകൾ. ഇത്തരത്തിൽ പെട്ടെന്നുണ്ടായ വേർപാടിലൂടെ എന്നെപ്പോലെയുള്ളവരുടെ ഹൃദയങ്ങളിൽ ആഴത്തിലുള്ള വേദനയുടെ നിറം പകർന്ന് കടന്നുപോയ ഒരു വ്യക്തിത്വമായിരുന്നു അല്പ ദിനങ്ങൾക്ക് മുമ്പ് നമ്മെ വിട്ട് പിരിഞ്ഞ മൗലവി നജീബ് ഖാൻ സാഹിബ്.

ഏതൊരു മനുഷ്യനും ഭൗതിക മാസ്മരികതയുടെ ലാളനയിലേക്ക് ഓടിയടുക്കുന്ന ആ യൗവ്വനാരംഭത്തിന്റെ തീക്ഷ്ണ ഘട്ടത്തിൽ മഹ്ദി ഇമാമിന്റെ ശബ്ദമെത്തപ്പെട്ട എറണാകുളം ജില്ലയിലെ വാഴക്കാലയെന്ന അന്നത്തെ ആ കൊച്ചു ഗ്രാമത്തിൽ നിന്നും ആ ശബ്ദത്തിന് ലബ്ബൈക്ക് പറഞ്ഞ നിസ്സാരരായ വിരലിലെണ്ണാവുന്ന ചിലയാളുകളിൽ വെറും പതിനേഴോ, പതിനെട്ടോ വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഒരു സുമുഖനായ യുവാവുമുണ്ടായിരുന്നു. ആ യുവാവിനോ, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കോ അതിനു മുമ്പ് അഹ്മദിയ്യത്തുമായി പൂർവ്വിക ബന്ധമൊന്നും തന്നെയുണ്ടായിരുന്നില്ല. എന്നാൽ ഈ പുതു ചിന്താധാരയുടെ മാസ്മരികതയിൽ ആകൃഷ്ടനായ ആ യുവാവ് ഒട്ടും വൈകാതെ തന്നെ തന്റെ പ്രിയ മാതാവിന്റെ കൈപിടിച്ചുകൊണ്ട് മഹ്ദി ഇമാമിന്റെ വിളിക്കുത്തരം നൽകികൊണ്ട് ജമാഅത്തിൽ പ്രവേശിച്ചു.

ശേഷം അധികം വൈകാതെ തന്നെ താനോ, തന്റെ കുടുംബാംഗങ്ങളോ, തന്റെ നാട്ടുകാരോ ഒരിക്കലും കാണുകയോ മനസ്സിലാക്കുകയോ ചെയ്തിട്ടില്ലാത്ത ഖാദിയാൻ ഗ്രാമത്തിന്റെ തീക്ഷ്ണമായ തണുപ്പിന്റെ യാഥാർത്ഥ്യത്തിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. തന്റെ മാതാപിതാക്കളുടെ അനുപമമായ സ്നേഹവും അപാരമായ ദുഃഖവും സർവ്വോപരി തനിക്ക് ലഭിച്ചിരിക്കുന്ന ഈ പുതുവിശ്വാസം

ഒരു അനർഗള നിധിയാണെന്നുള്ള ഉൾവിളിയും നിമിത്തം തന്റെ പഠനം വിജയകരമായ് പൂർത്തിയാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

മൗലവി സാഹിബ് തന്റെ ഔദ്ധ്യോഗിക ജീവിതത്തിന്റെ നല്ലൊരു ഭാഗം ചിലവഴിച്ചത് ഈയുള്ളവന്റെ നാടായ ആലപ്പുഴയിലായിരുന്നു. അതുകൊണ്ട് അദ്ദേഹവുമായ് ഹൃദ്യമായ ഒരു ബന്ധം സ്ഥാപിക്കുവാൻ എനിക്ക് കഴിഞ്ഞിരുന്നു.

സുബ്ഹി നമസ്കാരാനന്തരം പ്രഭാത സവാരിക്കിടെ മതവും, സാമൂഹ്യവും, രാഷ്ട്രീയവുമായ പല വിഷയങ്ങളും ഞങ്ങൾ ചർച്ച ചെയ്യുമായിരുന്നു. എല്ലാ കാര്യത്തിലും അദ്ദേഹത്തിന് വ്യക്തമായ അഭിപ്രായവും കാഴ്ചപ്പാടും ഉണ്ടായിരുന്നു.

ജമാഅത്തിന്റെ അച്ചടക്കത്തിനും ഖിലാഫത്തിനോടുള്ള അനുസരണത്തിനുമെതിരിൽ വരുന്ന എല്ലാ ചർച്ചകളെയും സ്വരങ്ങളെയും അദ്ദേഹം ശക്തിയുക്തം എതിർത്തു. ആയത് കൊണ്ട് തന്നെ ഇക്കാലയളവിൽ ജമാഅത്തിനനുഗുണവും അനുഗ്രഹവുമായ് തീർന്ന ഒരു ശുദ്ധീകരണപ്രക്രിയ ആലപ്പുഴയിൽ സംഭവിക്കുകയുണ്ടായി.

വിവാഹ ബന്ധങ്ങൾ നടത്തികൊടുക്കുന്നതിന് വിശിഷ്യ നിർധനരായിട്ടുള്ള അംഗങ്ങളുടെ, ആത്മാർത്ഥമായ ശ്രമങ്ങൾ എല്ലായ്പ്പോഴും മൗലവി സാഹിബിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ എല്ലാവരെയും ക്ഷണിച്ചതിന് ശേഷം ഏതോ ചില കാരണങ്ങളാൽ വിവാഹം നടക്കില്ലെന്നറിഞ്ഞ് മാനസികമായ് തകർന്ന ഒരു സാധു കുടുംബത്തെ മൗലവി സാഹിബിന്റെ അവസരോചിതമായ ഇടപെടലും ദുആയും നിമിത്തം രക്ഷപ്പെടുത്തുവാൻ കഴിഞ്ഞതിന് ഈയുള്ളവൻ നേർസാക്ഷിയാണ്.

ആലപ്പുഴയിലെ പള്ളിയുടെ പുനർ നിർമാണത്തിന് അന്നത്തെ ജമാഅത്ത് പ്രസിഡന്റ് സുബൈർ സാഹിബിനോടൊപ്പം ചേർന്ന് മൗലവി സാഹിബ് ചെയ്ത സേവനങ്ങൾ ഏറെ സ്മരണീയമാണ്. നിർമാണ ഫണ്ട് സ്വരൂപിക്കുന്നതിനും, പള്ളിയുടെ രൂപകല്പനയിൽ തന്റേതായ അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചും എന്തിനേറെ ട്രേഡ് യൂണിയനുകളുടെ അതിപ്രസരമുള്ള ആലപ്പുഴയിൽ നിർമ്മാണ ചെലവ് കുറയ്ക്കുന്നതിനായി ജമാഅത്ത് അംഗങ്ങൾക്ക് ഒപ്പം ചേർന്ന് അദ്ദേഹം മെറ്റലും, ചരലും വരെ ചുമന്നു.

മൗലവി സാഹിബിന്റെ അനുകരണീയമായ മറ്റൊരു സവിശേഷത, കീഴെയുള്ള കൈയേക്കാൾ മേലെയുള്ള കൈയാണ് ശ്രേഷ്ഠമെന്ന തിരുവചനത്തെ അന്വർത്ഥമാക്കുന്ന രീതിയിലുള്ള പ്രവൃത്തികളാണ്.

അല്ലാഹു അദ്ദേഹത്തിന്റെ കബറിനെ വിശാലമാക്കുകയും ഏതൊരു ലക്ഷ്യത്തിന് വേണ്ടിയാണോ തന്റെ ജീവിതതം സമസ്തവും സമർപ്പിച്ചതിന് അതിന് ഉന്നത പദവികൾ നൽകി അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ ഒപ്പം അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങൾക്ക് ഈ ദുഃഖത്തെ സഹിക്കുന്നതിനുള്ള ക്ഷമ അല്ലാഹു പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

# ഖാലിദ് സാഹിബ്



മുറിയക്കണ്ണി ജമാഅത്തിലെ തയ്യിൽ ഖാലിദ് സാഹിബ് എന്ന കാക്കാ 1-02-2021ന് നിര്യാതനായി. (ഇന്നാലില്ലാഹി........)

സാമ്പത്തിക ത്യാഗം ജീവിത വ്രതമാക്കിയ നിഷ്കളങ്കനായ ഒരു അഹ്മദിയായിരുന്നു ഖാലിദ് സാഹിബ്. മണ്ണിനോട് മല്ലടിച്ച് അദ്ധ്വാനിച്ചു ജീവിക്കുന്ന നിത്യ വരുമാനക്കാരനായ ഖാലിദ് സാഹിബ് കാണിച്ച ജീവിത മാതൃകകൾ ഒരു സാത്വികനായ അഹ്മദിയുടേതായിരുന്നു. പള്ളിയും ഖിലാഫത്തുമായും അഗാതമായ ബന്ധമായിരുന്നു അദ്ദേഹം പുലർത്തിയിരുന്നത്. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

*സദർ ജമാഅത്ത് മുറിയക്കണ്ണി*

പേജ് 39 ൽ നിന്ന് തുടർച്ച

ഘ്രം വളരെയേറെ മാറിയിട്ടും മേൽപറഞ്ഞ സാമൂഹിക വ്യവസ്ഥയുടെ മേൽതട്ടിന്ന് യാതൊരു മാറ്റവും വന്നില്ലെന്ന് മാത്രമല്ല സാങ്കേതിക വികാസം പ്രാപിച്ച പലയിടത്തും അവ ശക്തിപ്പെടുന്നതായും കാണുന്നു. ഇതെല്ലാം സാമ്പത്തിക ബന്ധങ്ങളുടെ പ്രതിഫലനമാണെന്ന മാർക്സിന്റെ വീക്ഷണമാണ് ഇവിടെ പരാജയപ്പെടുന്നത്.

ഇപ്പോൾ ഇന്ത്യയിൽ ഫ്യൂഡൽ ഘട്ടം തരണം ചെയ്തിട്ടില്ലെന്നും ഇന്ത്യയിൽ വിശ്വാസ സമൂഹമാണ് നിലനിൽക്കുന്നതെന്നും അതുകൊണ്ട് വൈരുദ്ധ്യാത്മക ഭൗതിക വാദം ഇവിടെ പ്രായോഗികമല്ല എന്നുമാണ് ശ്രീ ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതിന്റെ ചുരുക്കം. അപ്പോൾ ഫ്യൂഡൽ സമൂഹമാണെങ്കിൽ തന്നെ അവിടെ മാർക്സിയൻ തത്വം പ്രായോഗികമല്ലേ? അങ്ങനെയെങ്കിൽ വർഗ്ഗ സമര തത്വത്തിൽ മാർക്സിസ്റ്റ് പാർട്ടി എന്ത് നിലപാടാണ് ഇന്ത്യയിൽ സ്വീകരിക്കാൻ പോകുന്നതെന്നും മതങ്ങളോടും വിശ്വാസങ്ങളോടുമുള്ള സമീപനം എന്താണെന്നും ശ്രീ ഗോവിന്ദൻ മാസ്റ്റർ വിശദീകരിക്കേണ്ടതല്ലേ?

Published on 07.03.2021
Pages 44
Vol: 93 Issue. 03
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly


## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim